
# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 8 പേജുകൾ 49 നവംബർ 2022





- സമകാലികം
- റിഥം ഓഫ് ലൈഫ്
- കമ്പോഡിയൻ ഡയറി
- പുതുസിനിമ
- കാർട്ടൂൺ കേരളം

## വസന്തൻ മാഷിന് കൂട്ട് പുസ്തകങ്ങൾ

അഭിമുഖം: താരാ അതിയേടത്ത്

# എഡിറ്റേഴ്സ് പേജ്




മുഖചിത്രം:
**എസ്.കെ.വസന്തൻ**


ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി.ആർ.രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**പു**തിസിനിമകളുടെ സ്വതന്ത്ര ആസ്വാദനം എന്ന പംക്തിക്ക് ഈ ലക്കം തുടക്കം കുറിക്കുന്നു. ഇടക്കാലത്ത് നിന്നുപോയ പംക്തിയാണ് പേളി ജോസ്, നിഷ്പക്ഷ വിലയിരുത്തലോടെ പുനരുജ്ജീവിപ്പിക്കുന്നത്. ഏറെ പേർക്ക് സിനിമ ഒരു ജീവിതക്രമം തന്നെയായി മാറിയത് കാണാതിരിക്കാനാകില്ല. ഭിന്നരുചികളുടെ കൂട്ടത്തിൽ സിനിമയുടെ സ്വാദും അതിനാൽ ചേർക്കുന്നു.

എസ്.കെ.വസന്തൻ മാഷുമായി താരാ അതിരേടത്ത് നടത്തിയ ദീർഘസംഭാഷണം, ഈ ലക്കത്തിന് വ്യത്യസ്തത പകരുന്നതാണ്. ബാല്യവും കൗമാരവും തുടർന്നുള്ള പോരാട്ടങ്ങളുമെല്ലാം, അക്ഷരങ്ങളെ ഹൃത്തിലേറ്റിയ ഒരു സാത്വികനെ പോലെ അദ്ദേഹം വിവരിക്കുന്നു. കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരമടക്കം നിരവധി ആദരവ് ഏറ്റുവാങ്ങിയ വസന്തൻ മാഷിന് രണ്ടു നാൾ മുമ്പ് പുത്തേഴൻ അവാർഡും സമ്മാനിക്കുകയുണ്ടായി. ഗുരുതുല്യന് മാസികയുടേയും ആദരം.

മോഹൻദാസ് പാറപ്പുറത്തിന്റെ 'ഡൽഹി ഫയൽ' എന്ന ഗ്രന്ഥത്തിന്റെ പഠനം വി.പി.ജോൺസ് നിർവഹിച്ചത് ഈ ലക്കത്തിലുണ്ട്. സമകാലികം, റിഥം ഓഫ് ലൈഫ്, കാർട്ടൂൺ കേരളം പംക്തികൾക്കൊപ്പം കമ്പോഡിയൻ ഡയറിയുടെ രണ്ടാം ഭാഗവും ചേർത്തിരിക്കുന്നു.

കഥകളും കവിതകളും പ്രസിദ്ധീകരിക്കുന്നതിൽ മാസിക പുലർത്തിപോരുന്ന ഔത്സുക്യം പുതിയ ലക്കത്തിലും കാണാം. കാമ്പുള്ള കവിതകളും കഥകളുമായി ലബ്ധപ്രതിഷ്ഠരുടെ ഒരു നിരതന്നെ അവതരിപ്പിക്കാനായത് വായനയെ സമ്പുഷ്ടമാക്കുമെന്ന് ഉറപ്പ്.

മാസികയുടെയും 'വാർത്താകേരളം' ഓൺലൈൻ ന്യൂസിന്റെയും പ്രവർത്തനങ്ങൾക്ക് ഊറ്റമായ പിന്തുണ നല്കിപോരുന്ന, 'സഹൃദയസദസ്' കൂടുതൽ സാംസ്കാരിക ഇടപെടലുകൾക്ക് ഒരുങ്ങുകയാണ്. സദസിന്റെ പ്രവർത്തനങ്ങൾ സാർത്ഥകമായി മുന്നേറട്ടെ.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:



രാജേശ്വരി തുളസി




## അകത്താളുകളിൽ

### ലേഖനം/പംക്തി


ഫ്രാങ്കോ ലൂയിസ്: പേജ് 8
തേജശ്രീ: പേജ് 12
താരാ അതിയേടത്ത് പേജ് 16
പേളി ജോസ് പേജ് 26
വി.പി.ജോൺസ് പേജ് 29

**കാർട്ടൂൺ**

രാജേശ്വരി തുളസി പേജ് 3

**യാത്ര**

ഗിരീഷ്കുമാർ വി പേജ് 23

**കഥ**

രേഖ തോപ്പിൽ പേജ് 32
കൃഷ്ണകുമാർ മാപ്രാണം പേജ് 37

**കവിത**

ശ്രീജ വിജയൻ പേജ് 4
സെയ്തലവി വിളയൂർ പേജ് 5
ബഷീർ മുളിവയൽ പേജ് 6
ഉണ്ണികൃഷ്ണൻ മുതുകുളം പേജ് 7
രേഖ സി.ജി. പേജ് 39
ഹാജറ കെ.എം. പേജ് 40
സോണി വർഗീസ് വാരനാട് പേജ് 41
ജബീറ പേജ് 42
ചാക്കോ ഡി അന്തിക്കാട് പേജ് 43
പ്രിയ അനൂപ് പേജ് 45
ദിവ്യ എച്ച്. പേജ് 46
ദർശന പേജ് 47
കയ്യുമ്മു കോട്ടപ്പടി പേജ് 48
സിജി എം.കെ. പേജ് 49

കവിത





ശ്രീജ വിജയൻ

# അന്തർമുഖൻ

ഏകാകിയായ് ....
വിജനതയിലേക്ക് ,
നോക്കിയിരിക്കുന്ന
നിനക്ക്
അഭിനവ ക്രിസ്തു രൂപം.
" കടലിരമ്പം തുളുമ്പാതെ -
കാത്തവൻ
സായകങ്ങളിൽ തറയ്ക്കാതെ -
വ്യാപിച്ചവൻ.
കാറ്റും, കോളും പരുവപ്പെടുത്തിയ -
യാത്രകളിൽ തന്നെ തെരഞ്ഞവൻ.

ശൂന്യതയിൽ
നീ കണ്ടെടുത്ത
പൂക്കൾക്ക് പരിജാത സുഗന്ധം,
ശോണശോഭ ,
ജീവിതഛായ പടർന്നവ.

നീ തന്ന പുഞ്ചിരി
വേദനകളുടെ ചായമായിരുന്നു.
വരണ്ടു പോകുമായിരുന്നിട്ടും
തിളക്കം സൂക്ഷിച്ചവ.

നിന്റെ കണ്ണുകൾ ,
കണ്ടെത്തലുകളുടെ ഉത്സവമായിരുന്നു.
സജലമായവ,
സ്വന്തമിടങ്ങളിൽ ,
പെയ്തു തിമിർത്തവ ....
സ്നേഹത്തിനായ്...
തലോടലിനായ് കാത്തുകിടന്നവ
ചേർത്തു പിടിക്കലിൻ സാന്ത്വന -
ത്തിൽ അലിഞ്ഞവ.

നിന്റെ വാക്കുകളുടെ ധ്വനികൾ,
മൗനത്തിന്റെ അലകൾ,
കൈവിരലുകളിൽ ഒളിപ്പിച്ചിട്ടും -
വെളിപ്പെട്ടസത്യങ്ങൾ.
ഹൃദയവികാരങ്ങളോട് സംവദിച്ചവ.
പറയാതിരുന്നിട്ടും പറഞ്ഞു കൊണ്ടേ -
യിരുന്നവ.

ഉള്ളിൽ പൊങ്ങുന്ന വാക്കു-
കൾക്കുമീതെ
സ്വന്തം പാത തീർത്തവൻ നീ,
വിശാലതയിൽ അലഞ്ഞവൻ.
അനന്തതയിൽ കുളുർത്തവൻ.

ഗ്രസിച്ചീടാവുന്ന അല്ലലിനെ -
കൂടെകൊണ്ടു നടന്നവൻ

നിരന്തരം കലമ്പിയും കലഹിച്ചും,
സ്വയം പോരടിച്ചവൻ.
കേമന്മാരുടെ ആശിസ്സു ലഭിച്ചവൻ.
പരിലാളന നുകർന്നവൻ.
അക്ഷരങ്ങളാൽ സ്വയം, രേഖപ്പെടുത്തി
യവൻ .
പൊള്ളിച്ച അക്ഷരക്കനലായ്തീർന്നവൻ

ജീവിതം തരാൻ മടിച്ചതൊക്കെയും
നേടീടാനാകട്ടെ സഖേ
ഈ അവധൂത ജീവിതം
ഉപാധികളില്ലാത്ത സ്നേഹപെയ്ത്തായ്,
പ്രണയക്കുളിരായ് തീർന്നിടട്ടെ.

# പെൺകുട്ടികളില്ലാത്ത വീട്

പെൺകുട്ടികളില്ലാത്ത വീട്ടിൽ
അടുക്കള അമ്മയോടൊപ്പം
മൗനം തിന്ന് വിശപ്പടക്കും

രാപകൽ ഭേദമില്ലാതെ
ആൾത്തിരക്കിനിടയിലും
ഒരു ശ്മശാനം മൂകതയെ
പ്രസവിച്ചുകൊണ്ടിരിക്കും

നനുത്തൊരു കരസ്പർശമില്ലാതെ
അനാഥമായിപ്പോകുന്ന
അനിയത്തിക്കുട്ടികളുടെ തലമുടി
അനുസരണക്കേട് കാണിക്കും



ചെടികളൊന്നും
തഴച്ചുവളരാത്ത മുറ്റം
വീടിനോടൊപ്പം മരുഭൂമിയാകും

കുപ്പിവളകളില്ലാത്തതിനാൽ
പൊട്ടിച്ചിതറാത്ത ചിരികൾ
വീടകത്തു തന്നെ മറവു ചെയ്യപ്പെടും

അമ്മ പുറത്തു പോകുമ്പോൾ
അടക്കി ഭരിക്കാൻ ആരുമില്ലാത്തതിനാൽ
ചിട്ടവട്ടങ്ങളിൽ നിന്ന് താത്കാലികമായി
വീട്ടുജോലികൾ മോചിതരാകും

ശൂന്യത മാത്രം
വിൽക്കപ്പെടുന്നിടത്ത്
അടിപിടികൾക്ക് മാർക്കറ്റില്ലാത്തതിനാൽ
ബഹളങ്ങൾ ആങ്ങളമാരോടൊപ്പം
മൂടിപ്പുതച്ചുറങ്ങും

ശ്വാസം നിലക്കാറാവുമ്പോൾ
പരിചരിക്കാനാളില്ലാതെ
ആശുപത്രിയോടൊപ്പം
അസുഖങ്ങൾ ഒറ്റപ്പെടും.



**– സെയ്തലവി വിളയൂർ**

# രണ്ട് ലോകത്തിരുന്ന് പ്രണയിക്കുന്നവർ



കവിത

പ്രണയം പറഞ്ഞതിന്റെ പിറ്റേന്ന് ആകസ്മികമായി
മരണം വന്ന് സ്വന്തമാക്കിയവളെ
കാമുകൻ ഹൃദയത്തിൽ കയറ്റിക്കൊണ്ട് പോകാനെത്തുന്നു.

അവനെ കണ്ടതും
ഏണും, കോണുമൊപ്പിക്കാതെ വലിച്ചു കെട്ടിയ പന്തൽ
ഒരു കുതറലിൽ കല്യാണപ്പന്തലായിട്ടൊരുങ്ങുന്നു

കുളിപ്പിച്ചു കിടത്തി വെള്ളപുതപ്പിക്കുമ്പോളവൾ കല്യാണപ്പുടവയുടുത്തു,
ആഭരണ വിഭൂഷിതയായി കണ്ണാടി നോക്കി ചിരിക്കുന്നു
(അവളുടെ മുഖം കണ്ട് സ്വർഗം കണ്ട് ചിരിക്കുകയാണെന്ന് ആരോ മന്ത്രിക്കുന്നു)

ബന്ധുക്കളുടെ സങ്കടപ്പെയ്ത്തുകൾക്ക്
കല്യാണ വീട്ടിലെ അടക്കം പറച്ചിലുകളുടെ ഭാഷ,
കൂട്ടകരച്ചിലിന്
പക്കമേളത്തിന്റെ ഈണം

ശവ മഞ്ചലിലേറി ശ്മശാനത്തിലേക്കുള്ള യാത്രയിൽ
അവർ പരസ്പരം കൈകൾ കോർത്ത് പിടിച്ചു
സ്പർശത്തിന്റെ ആലസ്യത്തിൽ ഒന്നിച്ചൊഴുകുന്നു

ശവകുടീരത്തിൽ സമർപ്പിച്ച പൂക്കളിൽ
പ്രണയത്തിന്റെ മണം,
ഭംഗി

ശവദാഹം കഴിഞ്ഞു
എല്ലാരും പിരിഞ്ഞതും
അവർ മധുവിധുവിന്റെ മധുരത്തിലലിഞ്ഞു

അവൾ മരിച്ചു എന്നവനൊരിക്കലും തോന്നിയില്ല
അവൻ ജീവിക്കുന്നുവെന്ന് അവൾക്കും

ഒന്നിച്ച് നടന്നും, ഇരുന്നും, കിടന്നും
രമിച്ചും ഇണയും, തുണയുമായി
പ്രണയിക്കുന്നവരെ വേർപ്പിരിക്കുന്നതിൽ തോറ്റുപോയ മരണം
രണ്ട് ലോകങ്ങളിലിരുന്ന് പ്രണയിക്കുന്നവരെക്കുറിച്ച്
വ്യാകുല കവിത രചിക്കുന്നു.



**ബഷീർ മുളിവയൽ**

# പളുങ്കുപാത്രം

വരിക, വേഗം
വന്നെടുത്തു കൊള്ളുക
നിറങ്ങൾ ചാലിച്ച
പളുങ്കുപാത്രങ്ങൾ !

ജീർണ്ണ പത്രങ്ങൾ
മൂടിനിൽക്കുമീ
അനംഗ ചേതന-
യറുത്തു മാറ്റുക !

ഒരു വിലാപത്തിൻ
തിരുശേഷിപ്പുകൾ
ഉയർന്നു പൊങ്ങുമീ
മനസ്സിൻ കോട്ടയിൽ
അഴുക്കുചാലിലായ്
നുരഞ്ഞു പൊന്തുമീ
വിഷ കീടങ്ങളെ
എടുത്തു മാറ്റുക ..

ഒരു കിനാവിന്റെ
ലഹരി തീർത്തതാം
കരിഞ്ഞ പുഷ്പങ്ങൾ
എടുത്തു കൊള്ളുക..

നിറയെപ്പുഞ്ചിരി
പൊഴിച്ചയാമത്തിൻ
ഇരുട്ടറകളെ
അടച്ചുപൂട്ടുക..

മധുര സ്വപ്നങ്ങൾ
തകർത്തെറിഞ്ഞൊരു
കടന്നൽക്കൂട്ടത്തെ
എറിഞ്ഞുടയ്ക്കുക..

വരിക, വേഗം
വന്നെടുത്തു കൊള്ളുക
നിറങ്ങൾ ചാലിച്ച
പളുങ്കുപാത്രങ്ങൾ !



ഉണ്ണിക്കൃഷ്ണൻ മുതുകുളം





# കശാപ്പുശാലയോ?

**പത്തനംതിട്ട ഇലന്തൂരിലെ ഇരട്ട നരബലി. കണ്ണൂർ പാനൂരിൽ പ്രണയപ്പകയിൽ കഴുത്തറുക്കൽ. അതിദാരുണംതന്നെ. ഇതിനേക്കാൾ അതിഭീകരമാണ് ജനാധിപത്യ സർക്കാരിന്റെ കഴുത്തിൽ വാൾ കുത്തിക്കയറ്റുന്നത്.**



ഫ്രാങ്കോ ലൂയിസ്

പത്തനംതിട്ട ഇലന്തൂരിലെ ഇരട്ട നരബലി. കണ്ണൂർ പാനൂരിൽ പ്രണയപ്പകയിൽ കഴുത്തറുക്കൽ. അതിദാരുണംതന്നെ. ഇതിനേക്കാൾ അതിഭീകരമാണ് ജനാധിപത്യ സർക്കാരിന്റെ കഴുത്തിൽ വാൾ കുത്തിക്കയറ്റുന്നത്. ജനാധിപത്യ ഭരണ സംവിധാനത്തിന്റെ ഭാഗമാകേണ്ടവർ കശാപ്പുകാരന്റെ വേഷംകെട്ടുന്നതു വിചിത്രംതന്നെ. ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിന്റെ തീരുമാനങ്ങൾക്ക് അംഗീകാരം നൽകേണ്ട ഭരണഘടനാ സംവിധാനമാണ് ഗവർണർ പദവി. കേന്ദ്ര സർക്കാർ രാഷ്ട്രപതിയെക്കൊണ്ടു നിയമിക്കുന്നയാളാണു ഗവർണർ. അതായതു കേന്ദ്ര സർക്കാരിന്റെ ഉദ്യോഗസ്ഥൻ.

ഭരണഘടനാ സ്ഥാപനങ്ങളായ സിബിഐ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ആദായനികുതി വകുപ്പ് തുടങ്ങിയവയെ കേന്ദ്ര സർക്കാർ വേട്ടയാടാനും ഭരണം അട്ടിമറിക്കാനുമുള്ള ഗുണ്ടാപ്പടയാക്കിയിരിക്കുകയാണ്. സ്വന്തം കൊള്ളയെ സംരക്ഷിക്കാനുള്ള രക്ഷാകവചവുമാക്കി അവയെ മാറ്റി. ചിലയിടങ്ങളിൽ രാജ്ഭവനുകളേയും അതിന്റെ ഭാഗമാക്കിയിട്ടുണ്ട്. ഇപ്പോൾ, കേരളത്തിൽ രാജ്ഭവനെ സംസ്ഥാന സർക്കാരിനെ വകവരുത്താനുള്ള കശാപ്പുശാലയാക്കുകയാണ്.

രാജഭരണകാലം അവസാനിച്ച വിവരം രാജ്ഭവനിൽ താമസിക്കുന്ന രാജാവ് അറിഞ്ഞിട്ടില്ലെന്നാണു തോന്നുന്നത്. 75 വർഷംമുമ്പ് ആ കാലമെല്ലാം കടന്നുപോയെന്ന് എഴുപതുകാരനായ ആരിഫ് മുഹമ്മദ് ഖാൻ മനസിലാക്കണം. മന്ത്രിമാരേയും എല്ലാ സർവകലാശാലകളിലേയും വൈസ് ചാൻസലർമാരേയും പുറത്താക്കുമെന്നു വീമ്പിളക്കുന്നതും പുറത്താക്കൽ യുദ്ധത്തിന് കളമൊരുക്കുകയും ചെയ്യുന്നത് അതുകൊണ്ടാണ്. മന്ത്രിമാരെ നിയമിക്കുന്നത് ജനാധിപത്യ സർക്കാരിന്റെ മുഖ്യമന്ത്രിയാണ്. ഈ ഭരണഘടനാ വ്യവസ്ഥ അറിയാതെയല്ല, തന്നെ വിമർശിക്കുന്ന മന്ത്രിമാരെ പുറത്താക്കുമെന്നു ഗവർണർ ഭീഷണിപ്പെടുത്തിയത്. ഭരണഘടനയേയും ജനാധിപത്യത്തേ

യും ഇങ്ങനെ അപഹസിക്കുന്നയാളെ താങ്ങിനിർത്തുവന്നവരല്ല കേരളത്തിലെ ജനങ്ങൾ.

സർവകലാശാലകൾ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉന്നത പഠനത്തിനുള്ള വേദികളാണ്. സർവകലാശാല വൈസ് ചാൻസലർമാരെ ജനാധിപത്യ സർക്കാരിന്റെ ശുപാർശയനുസരിച്ച് ചാൻസലറായ ഗവർണറാണു നിയമിക്കുന്നത്. കേരളത്തിലെ ഒമ്പതു സർവകലാശാലകളിലും അങ്ങനെത്തന്നെയാണു ചെയ്തത്. സംസ്ഥാന സർക്കാരിന്റെ ശുപാർശയനുസരിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തന്നെ നിയമിച്ച വൈസ് ചാൻസലർമാരോടാണു പെട്ടെന്നൊരു സന്ധ്യക്ക് രാജിവച്ചുപോകൂവെന്ന് അന്ത്യശാസനം നൽകിയത്. സർക്കാരിന്റേയും സർവകലാശാലയുടേയും യുജിസിയുടേയും പ്രതിനിധികൾ ഉൾപ്പെട്ട സേർച്ച് കമ്മിറ്റി അംഗീകാരം നൽകിയവരെയാണ് വൈസ് ചാൻസലറായി നിയമിച്ചത്.

വൈസ് ചാൻസലർമാരെ നിയമിച്ചതു നിയമവിരുദ്ധമാണെങ്കിൽ കുറ്റക്കാരൻ അവരെ നിയമിച്ച ചാൻസലറായ ഗവർണർതന്നെയാണ്. സർവകലാശാലകൾ സ്വയംഭരണാവകാശമുള്ള വിജ്ഞാനകേന്ദ്രങ്ങളാണ്. വൈസ് ചാൻസലർ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ കാരണം കാണിക്കൽ നോട്ടീസ് നൽകി വിശദീകരണം തേടി വേണം നടപടിയെടുക്കാൻ. ജുഡീഷ്യൽ ഓഫീസർ അന്വേഷണം നടത്തിയശേഷമേ പുറത്താക്കാവൂവെന്നാണ് സർവകലാശാലാ നിയമം. വസ്തുതകൾ ഇങ്ങനെയായിരിക്കേയാണ് നിയമവിരുദ്ധമായി ഒമ്പതു സർവകലാശാലകളിലെ വൈസ് ചാൻസലർമാരോട് പത്തൊമ്പതു മണിക്കൂറിനകം രാജിവയ്ക്കണമെന്ന് അന്ത്യശാസനം നൽകിയത്. രാജ്ഭവനിൽ പരിവാര സമേതം രാജകീയ ജീവിതം നയിക്കുമ്പോൾ രാജാവാണെന്നോ ചക്രവർത്തിയാണെന്നോ തോന്നലുണ്ടാകുന്നതുകൊണ്ടാണ് ഇങ്ങനെയെല്ലാം ചെയ്യുന്നത്. ഇത് ഒരുതരം മാനസിക വിഭ്രാന്തിയാണ്.

സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. എം.എസ്. രാജശ്രീയുടെ നിയമനം റദ്ദാക്കിയ സുപ്രീം കോടതി വിധിയുടെ മറപിടിച്ചാണ് ഗവർണർ ഒമ്പതു സർവകലാശാലകളിലേയും വൈസ് ചാൻസലർമാരോടും രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടത്. വൈസ് ചാൻസലർ നിയമന പട്ടികയിൽ ഒരാളുടെ പേരു മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നു ചൂണ്ടിക്കാട്ടിയാണ് സുപ്രീം കോടതി രാജശ്രീയുടെ നിയമനം റദ്ദാക്കിയത്. ഈ വിധി മറ്റു സർവകലാശാലകൾക്കു ബാധകമാക്കിയിട്ടില്ല. എന്നാൽ ഗവർണർ ആ വിധി മറ്റു സർവകലാശാലകളിലേക്കുകൂടി അടിച്ചേൽപിക്കാനാണു ശ്രമിക്കുന്നത്. എല്ലാ സർവകലാശാലകളിലേയും വൈസ് ചാൻസലർമാരെ പുറത്താക്കി സർവകലാശാലകളുടെ പ്രവർത്തനങ്ങളെ അസ്ഥിരപ്പെടുത്തുന്നത് എന്തിനാണ്? സംഘപരിവാർ സഹയാത്രികരെ വൈസ് ചാൻസലർമാരായി നിയമിക്കാനും സർവകലാശാലകളെ സംഘിവത്കരിക്കാനുമുള്ള ഗൂഢനീക്കമാണെന്നാണ് ആരോപണം. ഇതിനായി എല്ലാ സർവകലാശാലകളിലേയും മു



തിർന്ന, ഉന്നത യോഗ്യതകളുള്ള പ്രഫസർമാരുടെ പട്ടിക രണ്ടാഴ്ച മുമ്പേ ഗവർണർ ശേഖരിച്ചിരുന്നു.

വൈസ് ചാൻസലർമാരെ 'കൂട്ടക്കുരുതി' ചെയ്യുന്നതിനെതിരേ അവർ നൽകിയ ഹർജിയിൽ ഹൈക്കോടതി ഇടപെട്ടു. ചാൻസലറായ ഗവർണറുടെ അന്തിമ ഉത്തരവു വരുന്നതുവരെ വൈസ് ചാൻസലർമാർക്കു തുടരാമെന്നാണു ഹൈക്കോടതി ഉത്തരവിട്ടത്. ഗവർണർ രാജി ആവശ്യപ്പെട്ടതു ശരിയല്ല. രാജിവയ്ക്കണമെന്ന ഗവർണറുടെ കത്ത് ഫലത്തിൽ റദ്ദായി. രാജിവയ്ക്കാത്ത വൈസ് ചാൻസലർമാർക്കു നിയമനം റദ്ദാക്കാതിരിക്കാൻ പത്തു ദിവസത്തിനകം കാരണം ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു ഗവർണർ നോട്ടീസ് നൽകിയതോടെയാണ് രാജി ആവശ്യപ്പെട്ടുള്ള കത്ത് റദ്ദായത്. ഇതേ സമയം, വൈസ് ചാൻസലർമാർ നന്നായി പ്രവർത്തിച്ചെങ്കിലും നിയമനം യുജിസി ചട്ടങ്ങൾക്ക് വിരുദ്ധമായതിനാലാണ് രാജി ആവശ്യപ്പെട്ടതെന്നാണു ഗവർണറുടെ വിശദീകരണം.

കേരള സർവകലാശാലാ വൈസ് ചാൻസലറെ കണ്ടെത്താനുള്ള സേർച്ച് കമ്മിറ്റിയിലേക്കുള്ള യൂണിവേഴ്സിറ്റി സെനറ്റിന്റെ പ്രതിനിധിയെ കണ്ടെത്താനുള്ള സെനറ്റ് യോഗത്തിൽ പങ്കെടുക്കാതിരുന്ന 15 സെനറ്റംഗങ്ങളെ ഗവർണർ പുറത്താക്കിയതും നടപടിക്രമങ്ങൾ പാലിക്കാതെയാണ്. ഗവർണറുടെ നടപടി കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. മാത്രമല്ല, പുറത്താക്കപ്പെട്ട 15 പേർക്കു പകരം പുതിയ സെനറ്റംഗങ്ങളെ ഗവർണർ നിയമിക്കുന്നതു കോടതി തടഞ്ഞിട്ടുമുണ്ട്. നവംബർ നാലിനു സെനറ്റ് യോഗം ചേരാനിരിക്കേയാണ് നടപടി.

കേരളത്തിലെ സർവകലാശാലകൾ യുജിസിയുടെ റാങ്കിംഗിൽ ഉന്നത സ്ഥാനം നേടിയിരിക്കേയാണ് ഗവർണറുടെ കടുംവെട്ട്. സർവകലാശാലകളുടെ ദൈനംദിന പ്രവർത്തനങ്ങൾ തടസപ്പെടുത്തി ലക്ഷക്കണക്കിനു വിദ്യാർത്ഥികളുടെ ഭാവി അവതാളത്തിലാക്കുന്ന നടപടികളാണു രാജ്ഭവനിൽനിന്ന് ഉണ്ടാകുന്നത്. ഗവർണർക്കെതിരേ വിദ്യാർത്ഥി സമൂഹം പ്രക്ഷുബ്ധ പ്രതിഷേധങ്ങൾക്ക് ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. എസ്എഫ്ഐ പോലുള്ള ഇടതു സംഘടനകൾ ഗവർണറുടെ നടപടിക്കെതിരേ പോരാട്ടവുമായി ഇറങ്ങുമ്പോൾ ഗവർണറെ പിന്തുണച്ച് സംഘപരിവാർ സംഘടനകളും ഇറങ്ങുന്നു. കേരള സർവകലാശാലയിൽ സേവന കാലാവധി പൂർത്തിയായ വൈസ് ചാൻസലർക്കു പകരം ഇൻചാർജ് വൈസ് ചാൻസലറെ നിയമിച്ചാൽപോലും അകത്തേക്കു കാലുകുത്താൻ അനുവദിക്കില്ലെന്നാണ് എസ്എഫ്ഐ പ്രവർത്തകർ മുന്നറിയിപ്പു നൽകിയിരിക്കുന്നത്.

ഗവർണറുടെ ഏറ്റുമുട്ടൽമൂലം സർക്കാരിന്റെ 11 ഓർഡിനൻസുകൾ ലാപ്സായി. നിയമസഭാ പാസാക്കിയ ബില്ലുകൾ ഒപ്പുവയ്ക്കാതെ വലിച്ചുനീട്ടുകയാണു ഗവർണർ. ലോകായുക്ത, സർവകലാശാലാ നിയമഭേദഗതി ബില്ലുകളിൽ ഒപ്പുവയ്ക്കില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ പാസാക്കിയ ബില്ലുകൾ തടഞ്ഞുവയ്ക്കാൻ ഗവർണർക്ക് അധികാരമില്ല. ബില്ലുകളിൽ നിയമതടസങ്ങളുണ്ടെങ്കിൽ ജുഡീഷ്യറിക്ക് ഇടപെടാവുന്നതാണ്. ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതു ഭരണഘടനാ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണ്.



ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ഇത്തരം

ജനാധിപത്യ വിരുദ്ധ നിലപാടിനെതിരെ എൽഡിഎഫ് പ്രക്ഷോഭത്തിനിറങ്ങുകയാണ്. നവംബർ 15 ന് രാജ്ഭവനു മുന്നിൽ ഇടതുമുന്നണി പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുകയാണ്. മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ളവർ പങ്കെടുക്കുന്ന പ്രതിഷേധം സംഘപരിവാറിന്റെ ആജ്ഞാനുവർത്തിയായ ആരിഫ് മുഹമ്മദ് ഖാനു ശക്തമായ താക്കീതാകും. ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ പരിപാടികൾ നടത്താനാണ് എൽഡിഎഫിന്റെ തീരുമാനം.

'എന്റെ സർക്കാർ' എന്നാണു സംസ്ഥാന സർക്കാരിനെ ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ വിശേഷിപ്പിക്കുക. ഗവർണറുടെ സർക്കാരാണ്. പക്ഷേ, സർക്കാരിനെ അട്ടിമറിക്കാൻ 'ബോംബേറു' നടത്തുന്ന കാഴ്ചയാണു നാമെല്ലാം കാണുന്നത്. സാമ്രാജ്യത്വ ഭരണ സംസ്കാരത്തിന്റെ പുരാതന പ്രതീകമായ ഗവർണർ പദവിതന്നെ ഇല്ലാതാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

**കോൺഗ്രസ്**

രാജ്യത്തെ ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ 22 വർഷത്തിനുശേഷം പ്രസിഡന്റിനെ തെരഞ്ഞെടുത്തു. സാധാരണ കോൺഗ്രസ് പ്രവർത്തകനായി വളർന്നു നേതൃനിരയിലെത്തിയ മല്ലികാർജുന ഖർഗെ പാർട്ടിയെ നയിക്കും. 89 ശതമാനം വോട്ടുകൾ ഖർഗെ നേടി. പ്രഗൽഭനായ ശശി തരൂരിനെ കോൺഗ്രസ് തള്ളിയെങ്കിലും അദ്ദേഹം നയിച്ച മൽസരം കോൺഗ്രസ് നേതൃത്വത്തിനു വലിയ സന്ദേശമാണു നൽകിയത്. അടുത്ത തലമുറയെ മുന്നോട്ടു കൊണ്ടുവരണമെന്നും നയപരിപാടികളിൽ മാറ്റം വേണമെന്നുമുള്ള സന്ദേശം.

വെറും ഒമ്പതിനായിരത്തഞ്ഞൂറോളം വോട്ടർമാരാണ് കോൺഗ്രസ് അധ്യക്ഷനെ തെരഞ്ഞെടുത്തത്. ഈ ഒമ്പതിനായിരത്തഞ്ഞൂറിൽ ബഹുഭൂരിപക്ഷവും സ്ഥാനമോഹികളായ ഹൈക്കമാൻഡ് ഭക്തരാണ്. എല്ലാ സംസ്ഥാന പിസിസികളും അവരുടെ നിയന്ത്രണത്തിലാണ്. അവർ ഒറ്റക്കെട്ടായി ഖാർഗെയ്ക്കു പിന്തുണ പ്രഖ്യാപിച്ചു. പത്തു ശതമാനത്തിലേറെ പേർ തിരുത്തണമെന്നു താക്കീതു നൽകി. കൂട്ടായ്മയ്മയ്ക്കൊപ്പം ചുറുചുറുക്കും അതിവേഗതയും കാര്യക്ഷമതയും യുവത്വവും കരുത്തുറ്റ മുന്നേറ്റവുമുള്ള നേതൃത്വമാണ് എല്ലാവരുടേയും ആഗ്രഹം. അത് എത്രത്തോളം സാധ്യമാകുമെന്ന് അടുത്ത ദിവസങ്ങളിലായി നമുക്കു കാണാം.



അധികാരക്കൊതിയന്മാരേയും കടൽക്കിഴവന്മാരേയുമെല്ലാം വരുതിയിലാക്കി പാർട്ടിയെ മുന്നോട്ടു നയിക്കാൻ കൂട്ടായ്മയുള്ള നേതൃത്വം വേണം. അധികാരക്കൊതി മൂത്ത് ശത്രുപാളയം ഏതെന്നു തിരിച്ചറിയാനാവാത്തത്രയും അന്ധരായവരാണ് കോൺഗ്രസ് തലപ്പത്തുള്ളത്. അതുകൊണ്ടാണ് രാജസ്ഥാൻ മുഖ്യമന്ത്രിസ്ഥാനം രാജിവച്ച് എഐസിസി പ്രസിഡന്റുസ്ഥാനം ഏറ്റെടുക്കാൻ അശോക് ഗെഹ്ലോട്ട് തയാറാകാതിരുന്നത്. കൂടുതൽ വെട്ടിപ്പിടിക്കാനുള്ള പടയോട്ടത്തിൽ സ്വന്തക്കാരുടെ കുതികാൽ വെട്ടുന്ന വഞ്ചകരാണു കോൺഗ്രസിന് എല്ലാക്കാലത്തും ഭീഷണിയായിട്ടുള്ളത്.

സാധാരണ കോൺഗ്രസുകാരനായി വളർന്ന് കോൺഗ്രസിന്റെ നേതൃനിരയിൽ അമ്പതു വർഷത്തോളം നിലയുറപ്പിച്ച നേതാവാണ് എഐസിസി അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട എൺപതുകാരനായ മല്ലികാർജുന ഖർഗെ. അധികാര ഭ്രാന്തും കുതികാൽവെട്ടും ശീലമാക്കാത്ത നേതാവ്. കർണാടകത്തിൽ മുഖ്യമന്ത്രിയാകാൻ മൂന്നു തവണ അവസരമുണ്ടായെങ്കിലും ചുണ്ടിനും കപ്പിനും ഇടയിലൂടെ തെന്നിപ്പോയി. കലബുറുഗി സ്വദേശിയായ പഴയ ഈ കബഡി കളിക്കാരൻ ആരേയും കാലുവാരി വീഴ്ത്തില്ലെന്ന വിശ്വാസമാകട്ടേ കോൺഗ്രസിന്റെ പ്രതീക്ഷയും കരുത്തും. രാജ്യത്തെ ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ കോൺഗ്രസ് കരുത്താർജിക്കേണ്ടതുണ്ട്.




# കോപ്പിയടി!!




## ഏയ്, കോപ്പിയടിച്ചിട്ടില്ല!!!




തേജശ്രീ

**ക**ന്നഡ സിനിമയായ കാന്താരയെക്കുറിച്ച് ഫേസ്ബുക്കിൽ തുടക്കത്തിൽവന്ന കുറിപ്പ് അരുൺ ടി. അനന്തകൃഷ്ണൻ എന്ന ആസ്വാദകന്റേതായിരുന്നു. അത് ഇപ്രകാരം വായിക്കാം:

കാന്താര– 2017–ൽ യൂട്യൂബിൽ കാണാനിടയായ തൈക്കുടം ബ്രിഡ്ജ് എന്ന ബാൻഡിന്റെ 'നവരസം' എന്ന അതിഗംഭീരമായ മ്യൂസിക് വീഡിയോ അതിന്റെ സംഗീതവും ആശയങ്ങളും ഫ്രെയിമുകളും എടുത്ത് (സിനിമയിലെ 'വരാഹരൂപം...' എന്ന പ്രധാന പാട്ടിന്റെ മ്യൂസിക് പ്രത്യേകിച്ചും) അതിന്റെ മേലെ പതിവ്

കമേഴ്ഷ്യൽ സിനിമാച്ചേരുവകളുടെ മേമ്പൊടിയോടെ രണ്ടുമണിക്കൂറോളം വലിച്ചു നീട്ടിയെടുത്ത സിനിമയാണ് കാന്താര എന്നാണു പ്രഥമദൃഷ്ട്യാ എനിയ്ക്കു തോന്നിയത്. മേൽപ്പറഞ്ഞ മ്യൂസിക് വീഡിയോ ഭാവനാത്മകമായി പറയാതെ വിട്ടിരിയ്ക്കുന്ന പ്രതികാരത്തിന്റെ കഥ അതിന്റെ അവസാനത്തിലും, കഥ നടക്കുന്ന ദേശത്തിന്റെ പരദേവതാസങ്കല്പത്തെ അതിന്റെ മുന്നിലും കൂട്ടിച്ചേർത്തിട്ട്, ഫുൾ ടൈം കള്ളടിച്ചു അടിയുണ്ടാക്കി, കാടുകേറിനിരങ്ങുന്ന (എന്നാൽ പതിവുപോലെ അവസാനം പുലിയാവുന്ന) ഒരു നായകനെയും ചേർത്താൽ ഈ സിനിമയായി.

ചിത്രത്തിന്റെ ഹൈലൈറ്റ് ആയ ദേവതാസങ്കല്പവുമായി ബന്ധപ്പെട്ട ചടങ്ങുകളുടെ ചിത്രീകരണം പലയിടങ്ങളിലും വളരെ മനോഹരവും ഗംഭീരവുമാണ് എന്നത് സിനിമയുടെ ഒരു പ്ലസ് പോയിന്റാണ്. ഈ ചിത്രം മുന്നോട്ടുവെയ്ക്കുന്ന മാനുഷികവും അതിമാനുഷികവുമായ സങ്കൽപ്പങ്ങൾ ഒരൊന്നാംതരം സിനിമായ്ക്കുള്ള വകുപ്പുള്ളവയാണെങ്കിലും അതെല്ലാം പക്കാ കമേഴ്സ്യൽ ചേരുവകളുടെ ആധിക്യത്തിൽ മൂക്കോളം മുങ്ങിപ്പോയി എന്ന് പറയേണ്ടിവരുന്നു. നിങ്ങൾ ഈ സിനിമ കണ്ടില്ലെങ്കിൽപ്പോലും അഞ്ചു മിനിട്ടു സമയമെടുത്ത് ആദ്യമേ പറഞ്ഞ 'നവരസം' എന്ന മ്യൂസിക് വീഡിയോ കാണേണ്ടതാണ് എന്ന് അവസാനത്തിലും പറഞ്ഞുകൊള്ളട്ടെ.

കാന്താര എന്ന സിനിമയ്ക്ക് നവരസം എന്ന പാട്ടുമായുള്ള ബന്ധം ഈ ചെറുകുറിപ്പിൽനിന്ന് വളരെ വ്യക്തമാണ്. ഇനി ഗായകൻ ഹരീഷ് ശിവരാമകൃഷ്ണന്റെ ഫേസ്ബുക്ക് പോസ്റ്റ് കൂടി വായിക്കാം-

വരാഹ രൂപം എന്ന പാട്ട് തൈക്കൂടം ബ്രിഡ്ജിന്റെ നവരസം എന്ന പാട്ടിന്റെ 90 ശതമാനം ഓർക്കസ്ട്രൽ അറേഞ്ച്മെന്റിന്റെ ക്രെഡിറ്റ് കൊടുക്കാതെ ഉണ്ടാക്കിയ കോപ്പി ആണ്. ഒരേ രാഗം ആയതുകൊണ്ട് വെറുതെ തോന്നുന്നതൊന്നും അല്ല. നല്ല ഉറപ്പുണ്ട്.

**സിനിമാ, സംഗീതലോകത്തെ കഴിഞ്ഞ ദിവസങ്ങളിലെ ഏറ്റവും ചൂടുള്ള സംസാരവിഷയം രണ്ടു പാട്ടുകളെക്കുറിച്ചുള്ളതായിരുന്നു. അതിലെ ഒരു പാട്ട് മറ്റേ പാട്ടിന്റെ കോപ്പിയടിയാണെന്ന ആരോപണം ഉയർന്നതോടെ വിവാദവെടിക്കെട്ടിനു തീപടർന്നു. സംഗീതകാരന്മാരും ആസ്വാദകരും രണ്ടു ചേരികളിലായി. പ്രത്യാരോപണങ്ങൾ കടുത്തു. പല്ലും നഖവും പ്രയോഗത്തിൽവന്നു. ഒടുവിൽ കോടതി ഇടപെട്ട് ഒരു തീർപ്പും പറഞ്ഞു.**

കാന്താരയിലെ പാട്ടിനെതിരേ കോപ്പിയടി ആരോപണം ഉന്നയിച്ച തൈക്കൂടം ബ്രിഡ്ജ് ബാൻഡിനെ പിന്തുണച്ച് ഹരീഷ് എഴുതിയ പോസ്റ്റിനു കീഴെ കമന്റുകളായി ആരോപണ പ്രത്യാരോപണങ്ങൾ നിറഞ്ഞു. ഭൂരിഭാഗം പേരും പാട്ട് കോപ്പിയടിച്ചുണ്ടാക്കിയതാണെന്ന് അഭിപ്രായപ്പെട്ടപ്പോൾ ഏതാനുംപേർ ഹരീഷിന്റെയും തൈക്കൂടം ബ്രിഡ്ജിന്റെയും പാട്ടുകളുടെ മൗലികതയെ ചോദ്യംചെയ്ത് രംഗത്തെത്തി. അതാകട്ടെ വിമർശിക്കാൻ വേണ്ടിയുള്ള വിമർശനം മാത്രമാകുകയും ചെയ്തു.

ഒരു ഫേസ്ബുക്ക് പോസ്റ്റ് കൂടി വായിക്കാം. അത് സംഗീതസംവിധായകൻ ബിജിബാലിന്റേതാണ്- സ്വന്തമായി ചെയ്യാനറിയില്ല അതുകൊണ്ട് ബോധമുള്ളവർ അധ്വാനിച്ച് ചെയ്തത് അടിച്ച് മാറ്റി എന്ന് പച്ച സം

സ്കൃതത്തിൽ പറഞ്ഞാൽ മതിയല്ലോ.

ഈ പോസ്റ്റിനെ അനുകൂലിച്ചും പ്രതികൂലിച്ചും നൂറുകണക്കിനു കമന്റുകൾ വന്നു. അതിലൊരെണ്ണം ഇങ്ങനെ വായിക്കാം–

ഇപ്പോഴത്തെ വിഷയം 'വരാഹ രൂപം' തൈക്കുടം ബ്രിഡ്ജിന്റെ നവരസത്തിൽ നിന്നും മോഷ്ടിച്ചതാണ് എന്നാണല്ലോ. ശരി സമ്മതിച്ചു. ഇനി തൈക്കുടം ബ്രിഡ്ജ് ഈ 'നവരസം' എവിടെ നിന്നാണ് മോഷ്ടിച്ചത് എന്ന് കൂടി പറഞ്ഞാട്ടെ.

രാഗാധിഷ്ഠിതമായി ചിട്ടപ്പെടുത്തിയ ഗാനങ്ങൾ എല്ലാം തമ്മിൽ പല അളവിലാണെങ്കിലും സാമ്യതകൾ കാണാം. അതിന് അവകാശം സ്ഥാപിച്ചെടുക്കേണ്ടത് അവയെ പിൽക്കാലത്ത് അഡാപ്റ്റ് ചെയ്തെടുത്തവർ അല്ല. അതോരോന്നും ആദ്യമായി തങ്ങളുടെ മനസ്സിൽ കൺസീവ് ചെയ്തു ചിട്ടപ്പെടുത്തി എടുത്ത ത്യാഗരാജനെയും മുത്തുസ്വാമി ദീക്ഷിതരെയുമൊക്കെപോലെയുള്ള പൂർവ്വജരായ സംഗീത തപസ്വികളാണ്. അവരുടെ സാധനയിൽ നിന്നും രൂപം കൊടുത്ത സംഗീത ഭിക്ഷകളാണ് ഇന്ന് കാതിന് ഇമ്പവും മനസ്സിന് കുളിർമ്മയും പകർന്ന് നില നിൽക്കുന്നത്.

വർഷങ്ങൾക്ക് മുമ്പ് ഏആർ റഹ്മാൻ തന്റെ ജെൻറിൽമാൻ എന്ന സിനിമയിൽ കംപോസ് ചെയ്ത 'എൻ വീട്ട് തോട്ടത്തിൽ ...' എന്ന പാട്ട് കേട്ടയുടനെ എന്റെ മനസ്സിൽ ഓടിയെത്തിയത്, വർഷങ്ങളായി എന്റെ വീട്ടിൽ അയ്യപ്പൻ വിളക്ക് നടക്കുന്ന സമയത്ത് എന്റെ മുത്തച്ഛനും, അമ്മാവന്മാരുമൊക്കെ തപ്പും തുടിയുമെടുത്ത് പാടി ചുവട് വെച്ചിരുന്ന 'തകൃതിത്താൻ തോട്ടത്തിൽ ..' എന്ന പാട്ടാണ്. പണ്ട് കേട്ട നാടൻ പാട്ടുകളും, കർണ്ണാടകയും, ഹിന്ദുസ്ഥാനിയും, ഒക്കെയായി തലമുറകളിലൂടെ പകർന്ന് കിട്ടിയ രാഗങ്ങളും, ഈണങ്ങളുമൊക്കെ സമന്വയിപ്പിച്ചുകൊണ്ട് തന്നെയാണ്, ഇന്ന് നമ്മൾ കേൾക്കാൻ ഇഷ്ടപ്പെടുന്ന പല പാട്ടുകളും ഉണ്ടായിട്ടുള്ളത്. ഇന്നാട്ടിൽ ജനിച്ചു വളർന്ന ഓരോരുത്തർക്കും പൂർവസൂരികളിൽ നിന്നും പൈതൃകമായി ലഭിച്ച സമ്പന്നമായ സംസ്കാരത്തിന്റെ അവശേഷിപ്പുകളാണ് ഈ സംഗീതവും. അത് ഒരു തൈക്കുടം ബ്രിഡ്ജിന്റെയും സ്വകാര്യ സ്വത്തല്ല. ഈ തൈക്കുടം ബ്രിഡ്ജ് തന്നെ എടുത്ത് സ്റ്റേജിൽ തകർക്കുന്ന 'ആലായാൽ തറ വേണം..' ആരുടെ സൃഷ്ടിയാണ്?

ഇപ്പോൾ കാന്താര എന്ന സിനിമ ഒരു തീയായി സമൂഹത്തിൽ പടർന്നുകൊണ്ടിരിക്കുമ്പോൾ, അതിൽ അസൂയ പൂണ്ട് വിറളി പിടിച്ച ആരെങ്കിലും ചാവി കൊടുത്ത് തുനിഞ്ഞിറങ്ങിയതാണെങ്കിൽ സഹതാപമേ ഉള്ളൂ. അത് കേട്ട് മാളത്തിലിരുന്ന് ചൊറിഞ്ഞുകൊണ്ടിരുന്ന ജിയോ ബേബിയെപ്പോലെയുള്ള ഉടായിപ്പുകൾ ആവേശചകിതരായി ചാടി ഇറങ്ങുന്നത് കണ്ടിട്ട് പുച്ഛം മാത്രമാണ് തോന്നുന്നത്.. ഇത് കേട്ട് വിജ്രംഭിച്ചുയർന്ന ആവേശത്തിൽ എന്തെങ്കിലുമൊക്കെ ബാക്കി വെയ്ക്കാൻ ഓർക്കുക. എല്ലാ കുരുക്കളും ഇപ്പോൾ തന്നെ പൊട്ടിച്ചു തീർക്കേണ്ട...

കാരണം കാന്താര ഒരു തുടക്കമാണ്. ഇനിയും ഇതുപോലെയുള്ള പലതും പുറത്ത് വരും. ഇതുവരെ അടക്കി വെച്ചിരുന്ന, അടിച്ചമർത്തപ്പെട്ടിരുന്ന ഒരു ജനസമൂഹത്തിന്റെ ചിന്തകൾക്കും വികാരങ്ങൾക്കും ഇപ്പോഴാണ് പ്രതലങ്ങൾ ലഭിച്ചു തുടങ്ങിയത്. ഇനി കാണാൻ ഇരിക്കുന്നത് പെരുങ്കളിയാട്ടങ്ങൾ ആണ്. അതുകൂടി സഹിക്കാനുള്ള ശക്തി മുപ്പത് മുക്കോടി ദേവഗണങ്ങളിൽ ആരെങ്കിലും നിങ്ങൾക്ക് നൽകണേ എന്ന് മുട്ടിപ്പായി പ്രാർത്ഥിക്കാം.. അതുവരെ ഒന്നേ പ



റയുന്നുള്ളൂ .. 'ഗോ ഗെറ്റ് എ ലൈഫ്'... .

## മില്യൺ കേൾവികൾ

കാന്താരയിലെ വരാഹ രൂപം എന്ന പാട്ട് ഈണമിട്ട് ഒരുക്കിയത് ബി. അജനീഷ് ലോക്നാഥ് ആണ്. ശശിരാജ് കോവൂരാണ് വരികൾ എഴുതിയത്. ശബ്ദം സായി വിഘ്നേഷിന്റേത്. ഒക്ടോബർ 19ന് യുട്യൂബിൽ അപ് ലോഡ് ചെയ്ത മ്യൂസിക് വീഡിയോ ഈ കുറിപ്പു തയാറാക്കുന്നതുവരെ 17,091,716 തവണ പ്ലേ ചെയ്തിട്ടുണ്ട്. 17,690 പേർ കമന്റുകളുമായി എത്തി. ഭാഷ ഒട്ടും അറിയാത്തവർപോലും പാട്ടുകേട്ട് കണ്ണീരണിഞ്ഞു എന്നതുപോലുള്ള കമന്റുകളാണ് അധികവും. കോപ്പിയടി വിമർശനങ്ങൾ അത്രത്തോളമില്ല.

## ബ്രിഡ്ജിന്റെ പ്രതികരണം

പകർപ്പവകാശ നിയമങ്ങളുടെ നഗ്നമായ ലംഘനമാണ് നടന്നതെന്നു ചൂണ്ടിക്കാട്ടിയും നിയമനടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കി തൈക്കൂടം ബ്രിഡ്ജ് ഫേസ്ബുക്കിൽ പങ്കുവച്ച കുറിപ്പ് ഇങ്ങനെയായിരുന്നു.

തൈക്കൂടം ബ്രിഡ്ജിന് കാന്താരയുമായി യാതൊരു ബന്ധവുമില്ലെന്ന് പ്രേക്ഷകർ അറിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. നവരസവും വരാഹ രൂപവും തമ്മിൽ ഒഴിവാക്കാനാവാത്ത ചില സമാനതകൾ കണ്ടെത്തി. ഇത് പകർപ്പവകാശ നിയമങ്ങളുടെ നഗ്നമായ ലംഘനമാണ്. ഇതിന്റെ ഉത്തരവാദികൾക്കെതിരേ നിയമ വഴിയെ നീങ്ങും. പാട്ടിൽ ഞങ്ങൾക്കുള്ള അവകാശങ്ങൾ കാന്താരയുടെ പിന്നണി പ്രവർത്തകർ എവിടെയും പ്രതിപാദിച്ചിട്ടില്ല. യാതൊരു അംഗീകാരവും കിട്ടിയിട്ടുമില്ല. മാത്രവുമല്ല, സിനിമയുടെ പിന്നണി പ്രവർത്തകർ ഇത് തങ്ങളുടെ സ്വന്തം സൃഷ്ടിയായി എല്ലായിടത്തും പ്രചരിപ്പിക്കുന്നു. ശ്രോതാക്കളുടെ പിന്തുണ ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇക്കാര്യം പ്രചരിപ്പിക്കണമെന്ന് നിങ്ങളോട് അഭ്യർഥിക്കുന്നു.

## മറുപടി

വൈകാതെ പ്രതികരണവുമായി കാന്താരയുടെ സംഗീതസംവിധായകൻ ബി. അജനീഷ് ലോക്നാഥ് രംഗത്തുവന്നു. കോപ്പി അടിച്ചിട്ടില്ലെന്നും ഒരേ രാഗമായതിനാൽ പാട്ടിൽ സമാനതകൾ തോന്നുന്നതാണെന്നുമായിരുന്നു അജനീഷിന്റെ മറുപടി. പാടുന്നതിനു മുമ്പ് തൈക്കൂടം ബ്രിഡ്ജിന്റെ പാട്ട് താൻ കേട്ടിരുന്നില്ലെന്ന് ഗായകൻ സായ് വിഘ്നേഷും പ്രതികരിച്ചു.

കോപ്പിയടിച്ചിട്ടില്ലെന്നും തൈക്കൂടം ബ്രിഡ്ജിന്റെ പരാതിയിൽ മറുപടി നൽകിയെന്നുമായിരുന്നു കാന്താരയുടെ സംവിധായകനും നായകനുമായ ഋഷഭ് ഷെട്ടിയുടെ പ്രതികരണം.

## കോടതിയുടെ തീർപ്പ്

കാന്താരയിലെ കോപ്പിയടി ആരോപിക്കപ്പെട്ട വരാഹരൂപം എന്ന ഗാനം തൈക്കൂടം ബ്രിഡ്ജിന്റെ അനുമതി ഇല്ലാതെ ഉപയോഗിക്കാനാവില്ലെന്നാണ് കോഴിക്കോട് പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി ഉത്തരവിട്ടത്. തൈക്കൂടം ബ്രിഡ്ജ് നൽകിയ ഹർജിയിലാണ് കോടതിയുടെ നടപടി. സുപ്രീം കോടതി അഭിഭാഷകൻ സതീഷ് മൂർത്തിയാണ് തൈക്കൂടം ബ്രിഡ്ജിനു വേണ്ടി കോടതിയിൽ ഹാജരായത്. ചിത്രത്തിന്റെ സംവിധായകൻ, നിർമാതാവ്, സംഗീത സംവിധായകൻ എന്നിവർക്കും ഗാനം സ്ട്രീം ചെയ്യുന്ന ഓൺലൈൻ പ്ലാറ്റ്ഫോമുകളായ ആമസോൺ, യുട്യൂബ്, സ്പോട്ടിഫൈ, വിൻക്, ജിയോ സാവൻ എന്നിവയ്ക്കുമാണ് ഗാനം ഉപയോഗിക്കുന്നതിൽനിന്ന് കോടതി വിലക്കേർപ്പെടുത്തിയത്. ഗാനം പ്രദർശിപ്പിക്കുന്നത് നിർത്തിവയ്ക്കാൻ തിയേറ്ററുകളോടും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളോടും ചിത്രത്തിന്റെ അണിയറ പ്രവർത്തകർ ആവശ്യപ്പെട്ടിട്ടുണ്ട്.

കോപ്പിയടി വിവാദങ്ങൾ സംഗീതലോകത്ത് പുതിയതല്ല. പക്ഷേ ഇത്രയും ചൂടുപിടിച്ച വിവാദം അടുത്തൊന്നും ഉണ്ടായിട്ടില്ല. ഇൻസ്പിരേഷൻ എന്നും രാഗച്ഛായയെന്നും പറഞ്ഞ് ഒഴിഞ്ഞുമാറാൻ കോപ്പിയടിച്ചവർക്കു പൊതുവേ മനസ്സാക്ഷിക്കുത്ത് ഉണ്ടാകാറില്ല. ഇവിടെയും കോപ്പിയടിച്ചില്ല എന്ന നിലപാടാണ് സിനിമാപ്പാട്ടിന്റെ സ്രഷ്ടാക്കൾ സ്വീകരിച്ചത്. കോടതി ഇടപെട്ടു കല്പിച്ച തീർപ്പ് കൺഫ്യൂഷനുകൾ തീർക്കുന്നതാണെന്ന് ഉറപ്പ്. ഇനി പാട്ടു കോപ്പിയടിക്കാൻ തുനിയുന്നവർ ഈ വിവാദംകൂടി മനസിൽ വയ്ക്കുന്നത് നന്നാവും. എവിടെനിന്നു ചൂണ്ടിയാലും പിടിക്കാൻ ആളുണ്ട്!

●




# വിശ്രമിക്കാൻ സമയമായില്ല

താരാ അതിയേടത്ത്

'മനസ്സിന്റെ മരുന്നു ശാലയാണ് വായനശാല' എന്നു പറയാറുണ്ട്. അങ്ങനെയൊരു വായനശാലയിലായിരുന്നു കഴിഞ്ഞ ദിവസത്തെ കുറച്ചു മണിക്കൂറുകൾ. തന്റെ ജീവിതം തന്നെ വായനശാലയാക്കി മാറ്റിയ ഒരു വലിയ മനുഷ്യൻ. എഴുത്തിലും സംസാരത്തിലും നർമ്മത്തിന്റെ മധുരം ചാലിച്ച് ഗൗരവ വിഷയങ്ങളെ അനുവാചകരിലേക്ക് നയിക്കുന്ന നമ്മുടെ വസന്തൻ മാഷ്. കേരള സംസ്കാര ചരിത്ര നിഘണ്ടു, നമ്മൾ നടന്ന വഴികൾ, പടിഞ്ഞാറൻ കാവ്യമീമാംസ തുടങ്ങിയ നിരവധി കൃതികൾ മലയാളികൾക്ക് സമ്മാനിച്ച പ്രിയപ്പെട്ട എഴുത്തുകാരൻ . മാഷിനെ പോലെ തന്നെ മാഷിന്റെ ഓരോ പുസ്തകങ്ങളും നമ്മളോട് സംസാരിക്കുന്നു ..... കഥകൾ പറയുന്നു .... അനുഭവലോകങ്ങളെ പരിചയപ്പെടുത്തുന്നു ...

സ്വന്തം ജീവിതം ചരിത്രാന്വേഷണത്തിനായും വരും തലമുറയ്ക്കു മുന്നിൽ അതെത്തിച്ച് മറ്റുള്ളവരുടെ കൂടി അനുഭവങ്ങളാക്കാൻ ശ്രമിച്ച വേറൊരു മനുഷ്യൻ ലോകത്തില്ല എന്നു തന്നെ പറയാം. ചരിത്രാന്വേഷി, നോവലിസ്റ്റ്, പ്രാസംഗികൻ, പണ്ഡിതൻ , ചിത്രകാരൻ , അധ്യാപകൻ ഏത് പേരിലാണ് മാഷെ നമ്മൾ അടയാളപ്പെടുത്തേണ്ടത്. എങ്ങനെ അടയാളപ്പെടുത്തിയാലും മാഷ് നമുക്ക് ചുറ്റും പകർന്നു തരുന്ന സ്നേഹത്തിന്റെ വിജ്ഞാനത്തിന്റെ , ചരിത്ര



**ചരിത്രാന്വേഷി, നോവലിസ്റ്റ്, പ്രാസംഗികൻ, പണ്ഡിതൻ , ചിത്രകാരൻ , അധ്യാപകൻ ഏത് പേരിലാണ് മാഷെ നമ്മൾ അടയാളപ്പെടുത്തേണ്ടത്. എങ്ങനെ അടയാളപ്പെടുത്തിയാലും മാഷ് നമുക്ക് ചുറ്റും പകർന്നു തരുന്ന സ്നേഹത്തിന്റെ വിജ്ഞാനത്തിന്റെ , ചരിത്രത്തിന്റെ , ഓർമ്മകളുടെ ഒരു അക്ഷയ ഖനി ഉണ്ട്.**

ത്തിന്റെ , ഓർമ്മകളുടെ ഒരു അക്ഷയ ഖനി ഉണ്ട്. അതിൽ നക്ഷത്ര ശോഭയോടെ തിളങ്ങുന്ന ചില ധന്യ മുഹൂർത്തങ്ങളുണ്ട്. ആ ധന്യമുഹൂർത്തങ്ങൾക്കൊപ്പം .....

ശ്രീ ശങ്കര കോളേജിലും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലും അധ്യാപകനായിരുന്ന നിരവധി പ്രഗത്ഭരുടെ ഗവേഷണ മാർഗദർശിയായ ഡോ.എസ് കെ വസന്തൻ മാഷിന്റെ കൂടെ .....

**1. മാഷിന്റെ ബാല്യകാലത്തെ കുറിച്ച് ....**

അച്ഛൻ കരുണാകര മേനോൻ , അമ്മ സരസ്വതിയമ്മ. ഞാൻ ഒരേയൊരു മകനായിരുന്നു. അച്ഛന്റെ സഹോദരങ്ങളുള്ളതു കൊണ്ട് ഞാൻ ഒരിക്കലും ഒറ്റപ്പെട്ടിട്ടില്ല. കുട്ടിക്കാലത്ത് മുത്തശ്ശിയായിരുന്നു എന്റെ രക്ഷാകവചം . എന്തെങ്കിലും വികൃതി കാട്ടിയാൽ ആരെങ്കിലും ശകാരിക്കാൻ തുടങ്ങിയാൽ മുത്തശ്ശി ഇടപെടും. ഇന്നു ഞാൻ ശീലമായി കൊണ്ടു നടക്കുന്ന എല്ലാ നല്ല കാര്യങ്ങളും മുത്തശ്ശി പഠിപ്പിച്ചതാണ്.

**2. സ്ക്കൂൾ വിദ്യാഭ്യാസത്തെ കുറിച്ച് :**

എന്നെ നിലത്തെഴുത്ത് പഠിപ്പിച്ചത് കുഞ്ഞൻപിള്ള ആശാനാണ്. ആശാന്റെ മുന്നിൽ നിലത്ത് മണൽ ചൊരിഞ്ഞ് അതിൽ ആശാൻ പറയുന്ന അക്ഷരങ്ങൾ എഴുതും. സ്ലേറ്റ് കേട്ടെഴുത്തിനാണ്. ഒൻപതുമണി കഴിഞ്ഞാൽ കണക്കിന്റെ സമയമാണ്. ഗുണനപ്പട്ടിക കാണാതെ പഠിക്കണം. മാഹാണി , കാൽ, അര ,മുക്കാൽ എന്നിവയുടെ ഗുണനപ്പട്ടികകൾ കൂടി പഠിക്കണം. സ്ലേറ്റിൽ

കവിതകളും ശ്ലോകങ്ങളും എഴുതി പഠിപ്പിക്കും. ഞാൻ പഠിച്ച ആദ്യത്തെ ശ്ലോകം' മിന്നും പൊന്നിൻ കിരീടം തരിവളകടകം.....' എന്നു തുടങ്ങുന്ന ശ്ലോകം ആണ്. ക്ലാസ്സ് തുടങ്ങുമ്പോഴൊ, തീരുമ്പോഴൊ ,ഇടയ്ക്കുവച്ചോ അത് ചൊല്ലി കേൾപ്പിക്കണം. സ്ക്കൂൾ വിദ്യാഭ്യാസം തുടങ്ങിയത്

ഇടപ്പള്ളി സർക്കാർ സ്ക്കൂളിലാണ് . ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായി അക്കാലത്ത് പ്രിപ്പറേറ്ററി ക്ലാസ് (Preparatory Class) എന്ന പേരിൽ അറിയപ്പെടുന്ന ഒരു ക്ലാസ്സ് കൂടി ഉണ്ടായിരുന്നു. അടുത്ത ക്ലാസ്സിനു വേണ്ടിയുള്ള തയ്യാറെടുപ്പാണത്. പിന്നെ നാല് കഴിഞ്ഞാൽ നാലര ക്ലാസ്. അവിടെയാണ് ഇംഗ്ലീഷ് തുടങ്ങുന്നത്.

ഇപ്പോഴത്തെ SSLC അന്ന് സിക്സ്ത്ത് ഫോം എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നെ ഇന്റർമീഡിയേറ്റ്, ബി.എ, എം.എ. അങ്ങനെയായിരുന്നു.

**3. കോളേജ് കാലത്തെ കുറിച്ച്......**

ആ കാലം വളരെ . രസകരമാണ്. അന്ന് എഞ്ചിനിയറാവണമെന്നായിരുന്നു ആഗ്രഹം. എന്താണ് എഞ്ചിനിയർ എന്നൊന്നും


അന്ന് അറിയില്ല. അങ്ങനെ ഫസ്റ്റ് ഗ്രൂപ്പ് കണക്കിന് ചേർന്നു. അന്ന് തിരുവനന്തപുരത്ത് മാത്രമാണ് എഞ്ചിനിയറിങ് കോളേജ് ഉള്ളത്. അവിടെ പോയി നിന്നു പഠിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതു കൊണ്ട് ആ ആഗ്രഹം അങ്ങ് ഉപേക്ഷിച്ചു. പിന്നീട് ബി.എ ക്ക് കണക്ക് ഐച്ഛികവിഷയമായി എടുത്തു. ഫസ്റ്റ് പാർട്ട് ഇംഗ്ലീഷും, സെക്കൻഡ് പാർട്ട് മലയാളവും, തേർഡ്

പാർട്ട് കണക്കും ആയിരുന്നു. മലയാളത്തിൽ യൂനിവേഴ്സിറ്റി ഫസ്റ്റ് റാങ്ക് കിട്ടി. അങ്ങനെ മഹാരാജാസിൽ മലയാളം എം.എ ക്ക് ചേർന്നു. അന്ന് മഹാരാജാസിൽ മലയാളം പ്രൊഫസർ പി.വി കൃഷ്ണൻ നായർ ആയിരുന്നു. അദ്ദേഹം എന്റെ അച്ഛന്റെ സുഹൃത്തായിരുന്നു. അതുകൊണ്ട് തന്നെ എന്നോട് അദ്ദേഹം കൂടുതൽ വാത്സല്യം കാണിച്ചിരുന്നെന്ന് സ്വകാര്യമായി ഞാൻ ഊറ്റം കൊള്ളാറുണ്ട്. എം.എ. ക്ലാസ്സിൽ പോലും അദ്ദേഹം കുട്ടികളോടു ചോദ്യം ചോദിക്കും. ഉത്തരം പറഞ്ഞില്ലെങ്കിൽ ശകാരിക്കും.

സാനുമാഷ്, ഒ എൻ വി, സി.എൽ ആന്റണി തുടങ്ങിയ അദ്ധ്യാപകരും പഠിപ്പിച്ചിട്ടുണ്ട്.

**4 ജി.ശങ്കരക്കുറുപ്പ് മാഷിന്റെ ഓർമ്മകൾ.**

ഞാൻ മഹാരാജാസിൽ എം.എ മലയാളത്തിന് ചേർന്നതിന്റെ തലേ കൊല്ലമാണ്



കുറുപ്പു മാഷ് വിരമിക്കുന്നത്. മാഷ് എന്നെ പഠിപ്പിച്ചിട്ടില്ല. എന്നാൽ പഠിപ്പിച്ചുണ്ടേനും. ഉദ്യോഗത്തിൽ നിന്ന് വിരമിച്ചെങ്കിലും മാഷ് ഇടയ്ക്ക് സാഹിത്യ പരിക്ഷത്തിന്റെ ഓഫീസിൽ വരും. മഹാരാജാസിന്റെ അടുത്താണ് സാഹിത്യപരിക്ഷത്ത് ഓഫീസ്. അവിടെ വരുമ്പോൾ മാഷ് കോളേജിലെത്തും. മാഷ് വരുമ്പോൾ കൃഷ്ണൻ മാഷ് ചോദിക്കും,' മാഷ് ക്ലാസിൽ പോണ് ണ്ടോ .'...

' എന്നാ ഞാൻ പോവാന്ന് മാഷും .'

അത് ഇന്ന വിഷയമെന്നൊന്നും ഇല്ല . എഴുത്തച്ഛനൊ , ആട്ടക്കഥയൊ ഏതുമാവാം. 'കുറുപ്പുമാഷിന്റെ പ്രസംഗകച്ചേരി' എന്നാണ് ഞങ്ങൾ വിളിച്ചിരുന്നത്.

ജോലിയൊക്കെ ആയി ഞാൻ നായത്തോട് താമസിച്ചത് മാഷിന്റെ വീടിനടുത്തായിരുന്നു. എല്ലാ ആഴ്ചാവസാനവും മാഷ് അമ്മയെ കാണാൻ വരും. അങ്ങനെയും ആ ബന്ധം ദൃഢമായി.

**4. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ ജോലിയിൽ പ്രവേശിച്ചു എന്നറിയാം. ആ ഓർമ്മകളെ കുറിച്ച് ...**

പഠിത്തം കഴിഞ്ഞിരിക്കുമ്പോഴാണ് കാലടി കോളേജിൽ ഒഴിവ് വരുന്നത്. അങ്ങനെ ഇരുപത്തൊന്നാമത്തെ വയസ്സിൽ ജോലിയിൽ കയറി .

**5 . അധ്യാപകനായിരിക്കെ പിരിച്ചുവിടലിന് വിധേയനായി എന്ന് കേട്ടിട്ടുണ്ട്. ആ കാലത്തെ കുറിച്ച് .....**

പിരിച്ചുവിടൽ

അതിന് എന്റെ ജീവിതവുമായി നേരിട്ട് ബന്ധമില്ല. എന്നാൽ മറ്റു പലരുടേതുമായി ബന്ധപ്പെട്ടതാണ്. ആഗമാനന്ദ സ്വാമികളാണ് കോളേജ് തുടങ്ങുന്നത്. എന്നാൽ കോളേജിനു വേണ്ട സാമ്പത്തിക സഹായം ചെയ്തത് മങ്കൊമ്പ് കൃഷ്ണയ്യർ ആയിരുന്നു. പുതിയ കെട്ടിടമൊക്കെ പണിത് കഴിഞ്ഞപ്പോൾ കൃഷ്ണയ്യർ അധ്യാപകരെ നേരിട്ട് നിർണ്ണയിക്കാനുള്ള അന്തിമ അധികാരം തന്റേതു മാത്രമാണെന്ന് അവകാശപ്പെട്ടു. അപ്പോൾ ആഗമാനന്ദ സ്വാമികൾ പറഞ്ഞു: 'നമുക്കൊരു കമ്മിറ്റി ഉണ്ട്. അവർ വിലയിരുത്തി യോഗ്യത നേടിയ ടീച്ചേഴ്സിനെ മാത്രമെ ജോലിയിൽ നിയമിക്കാൻ സാധിക്കുകയുള്ളു .' അതിഷ്ടപ്പെടാത്ത കൃഷ്ണയ്യർ



**വസന്തൻ മാഷിന്റെ പുസ്തകങ്ങൾ**

അതിനെതിരെ കേസ് കൊടുത്തു. അങ്ങനെ കേസും ബഹളവുമായ സമയത്താണ് ഞാൻ ജോലിയിൽ പ്രവേശിക്കുന്നത്. കൃഷ്ണയ്യർ കോളേജ് പൂട്ടിയിടണമെന്നും കെട്ടിടം ലേലം ചെയ്ത് പൈസ കിട്ടണമെന്നും ആവശ്യപ്പെട്ടു.

അന്ന് ഹൈക്കോടതി ജഡ്ജ് രാമൻ നായർ ആയിരുന്നു. അദ്ദേഹം വളരെ മിടുക്കനും ബുദ്ധിശാലിയും ആയിരുന്നു. അദ്ദേഹം കേസങ്ങനെ നീട്ടും. ഒന്നൊന്നര കൊല്ലം അങ്ങനെ കേസു നീങ്ങി. ഒന്നും ചെയ്യാൻ നിവൃത്തിയില്ല. അങ്ങനെയിരിക്കെയാണ് ശൃംഗേരിയിൽ നിന്നും പിൻതലമുറക്കാർ എത്തുന്നത്. എല്ലാ ബാദ്ധ്യതകളും തീർത്ത് അവർ ഏറ്റെടുക്കാൻ തയ്യാറായി. എന്തൊക്കെയൊ തിരിമറികൾ നടന്ന് കൃഷ്ണയ്യർ തന്നെ കോളേജിന്റെ തലപ്പത്ത് വന്നു.

പിന്നീട് ഇടയ്ക്കിടയ്ക്ക് കോളേജ് അടക്കലും തുറക്കലും തുടർന്നു കൊണ്ടേയിരുന്നു. അന്ന് 15 പേരെയാണ് പിരിച്ചുവിട്ടത്. നേരിട്ടുള്ള ശമ്പളം വന്നതോടെ പിരിച്ചുവിടൽ നിന്നു .വേറെ കോളേജ് ഒന്നും ഇല്ലാത്തതു കൊണ്ട് 33 കൊല്ലം അവിടെ തന്നെ ജോലി ചെയ്തു. 1958ൽ തുടങ്ങി 1991 വരെ കാലടിയിൽ തന്നെ ആയിരുന്നു. വല്ലാത്തൊരു കാലം തന്നെ ആയിരുന്നു അത്.

**6. റിട്ടയർമെന്റിനു ശേഷം .....**

എന്റെ ഒരു പഴയ പരിചയക്കാരനുണ്ടായിരുന്നു ഏറ്റുമാനൂർ ശിവദാസൻ. റിട്ടയർമെന്റ് ചെയ്യുന്നതിന് ഒരു പതിനഞ്ചു കൊല്ലം മുമ്പെ നമുക്ക് എം.എ കുട്ടികൾക്കായി ഒരു സ്ഥാപനം തുടങ്ങണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. തൊണ്ണൂറ്റി ഒന്ന് ഏപ്രിലിൽ കൃത്യം അദ്ദേഹത്തിന്റെ കത്ത് വന്നു. ' പറഞ്ഞതോർമ്മയുണ്ടല്ലോ, ഞാൻ ക്ലാസ്സ് തുടങ്ങി. തിങ്കളാഴ്ച വരണം'. കത്ത് വായിച്ച ഉടനെ പുറപ്പെട്ടു. അദ്ദേഹത്തിന്റെ കൂടെ ഒരു മൂന്നു കൊല്ലം ചങ്ങനാശ്ശേരിയിൽ ക്ലാസ് എടുത്തു.

**7 പി.എച്ച്.ഡി ഓർ മ്മകൾ ...**

അന്ന് കേരള സർവ്വകലാശാലയിൽ വകുപ്പുമേധാവി ഡോ.പി.കെ നാരായണ പിള്ളയാണ്. അദ്ദേഹത്തെ കണ്ട് വിവരങ്ങളും ആഗ്രഹവും പറഞ്ഞു

പി.എച്ച് ഡി ക്ക് മുഴുവൻ സമയവും ഗവേഷണത്തിന് വിദ്യാർത്ഥി തയ്യാറാവണം. ജോലി ഉപേക്ഷിക്കണം. അദ്ദേഹം പറഞ്ഞു. 'താൻ എം ഫില്ലിനു രജിസ്റ്റർ ചെയ്യൂ ... ബാക്കി വഴിയെ നോക്കാം' .' മലയാള സാഹിത്യത്തിലെ രാജവംശങ്ങളുടെ സംഭാവന ' അതായിരുന്നു വിഷയം. അഞ്ചെട്ടു മാസം കഴിഞ്ഞപ്പോൾ ഞാൻ തിരഞ്ഞെടുത്ത വിഷയം ഒരു എം ഫില്ലിന്റെ പരിധിയിൽ ഒതുങ്ങുന്നതല്ല എന്നും അത് പി എച്ച് .ഡി ആയി പരിഗണിക്കണമെന്നും അദ്ദേഹം സിൻഡിക്കേറ്റിന് എഴുതി. സിൻഡിക്കേറ്റ് നിർദ്ദേശം അനുസരിക്കുകയും പ്രബന്ധം സമർപ്പിക്കാനുള്ള അവസരം എനിക്ക് കിട്ടുകയും ചെയ്തു. കാലടി കോളേജിൽ പരിമിതമായ സൗകര്യങ്ങളെ ഉണ്ടായിരുന്നുള്ളു. എല്ലാ വെള്ളിയാഴ്ചയും ഉച്ചതിരിഞ്ഞ് സാഹിത്യ അക്കാദമിയിൽ എത്തും. തിങ്കളാഴ്ച രാവിലെ തിരിച്ചു പോകും. അവിടത്തെ ഡോർമിറ്ററിയിൽ താമസം. ദിവസവും പത്തു മണിക്കൂർ വരെ വായന. ഇന്ന് അതോർക്കുമ്പോൾ ഭയം തോന്നുന്നു.

**8. വൈലോപ്പിള്ളി മാഷിനോടൊപ്പമുള്ള ഓർമ്മകൾ:**

പി എച്ച് .ഡിയുമായി ബന്ധപ്പെട്ട് ഞാൻ അക്കാദമിയിൽ താമസിക്കുന്ന കാലത്താണ്



വൈലോപ്പിള്ളി മാഷുമായി കൂടുതൽ അടുക്കുന്നത്. മാഷ് അന്ന് ദേവസ്വം ക്വാർട്ടേഴ്സിൽ ആയിരുന്നു താമസം. ചില വൈകുന്നേരങ്ങളിൽ മാഷിന്റെ കൂടെ നടക്കാൻ പോകും. പത്തടി നടക്കുന്നതിനിടയിൽ പത്ത് പരിചയക്കാരെങ്കിലും മാഷോട് ലോഹ്യം പറയും. ആ ഇടമുറിഞ്ഞ വർത്തമാനങ്ങൾക്കിടയിലും മാഷ് ഒരു പാട് നേരമ്പോക്കുകൾ പറയും. മാഷിനെക്കുറിച്ചോർക്കുമ്പോൾ മനസ്സ് നിറയുന്ന ഓർമ്മകളുണ്ട്. ഒരു ദിവസം മാഷിന്റെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു' ഒരു കവിത വായിക്കാം' ഞാൻ കവിത കേൾക്കാൻ തയ്യാറായിരുന്നു. മാഷ് വായിക്കാൻ തിരഞ്ഞെടുത്തത് ' ജലസേചനം' എന്ന കവിത ആയിരുന്നു. മലയാളത്തിലെ എക്കാലത്തെയും മികച്ച രചനകളിലൊന്ന്. പുസ്തകം എന്റെ കയ്യിൽ തന്നിട്ട് പറഞ്ഞു.

' വായിച്ചോളു' മാഷിന്റെ കവിത മാഷിന്റെ മാത്രം സാന്നിദ്ധ്യത്തിൽ വായിക്കുക. അല്പം അമ്പരപ്പോടെ ആണ് വായന തുടങ്ങിയത്. എന്നാൽ, 'കാറ്റിനാൽ കുന്തളം ചീകി മിനുക്കിയ കാട്ടിലെ സുന്ദരിയുടെ പ്രയാണം പോലെ അനായാസമായി വായന . മാഷ് ചാരു കസേരയിൽ കണ്ണടച്ച് കിടന്നു.

**9 . ആദ്യം കഥകളാണോ എഴുതിയത്.**

കവിതകൾ എഴുതിയിരുന്നു. വൈലോപ്പിള്ളി മാഷിന്റെയും കുറുപ്പു മാഷിന്റെയും കവിതകൾ പഠിച്ചപ്പോൾ എനിക്കതു പറ്റിയ പണിയല്ല എന്നു മനസ്സിലായി. പിന്നെ കഥ എഴുതാൻ തുടങ്ങി. മലയാളം, ചന്ദ്രിക തുടങ്ങിയ മാസികകളിൽ പ്രസിദ്ധീകരിച്ചു. ചിന്ത പബ്ലിഷേഴ്സ് നടത്തിയ നോവൽ മത്സരത്തിൽ എന്റെ ആദ്യ നോവലായ 'എന്റെ ഗ്രാമം എന്റെ ജനത' ഒന്നാം സ്ഥാനം നേടി. പിന്നീട് ചിന്ത അത് പുറത്തിറക്കുകയുണ്ടായി .രണ്ടാമത്തെ നോവലായ 'അരക്കില്ലം' മാതൃഭൂമിയിൽ ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ചു. ഈ അടുത്താണ്' കാലം സാക്ഷി' എന്ന നോവൽ എഴുതിയത് '

**10. മഹാകവി വള്ളത്തോളുമായുള്ള സ്മരണകൾ:**

മഹാകവി വള്ളത്തോൾ എന്റെ അച്ഛന്റെ സുഹൃത്തായിരുന്നു.

വള്ളത്തോൾ മാഷിന്റെ മകൻ സി.അച്യുതക്കുറുപ്പ്

എന്റെ അച്ഛന്റെ മരുമകൾ തങ്കത്തെയാ

ണ് കല്യാണം കഴിച്ചത്. മഹാകവി പലതവണ എന്റെ വീട്ടിൽ വന്നു താമസിച്ചുണ്ട്. മഹാകവി എത്തി എന്നറിഞ്ഞാൽ കുറുപ്പു മാഷ്, വൈലോപ്പിള്ളി മാഷ്, കുഞ്ഞികൃഷ്ണ മേനോൻസാർ, എം.ഡി. ഹരിശർമ്മ സാർ എടപ്പള്ളിയിൽ തന്നെ ഉള്ള മറ്റ് സാഹിത്യാസ്വാദകർ ഒക്കെ വരും. ശ്ലോകം ചൊല്ലലും സാഹിത്യ ചർച്ചയുമായി പിന്നെ ഒരു മേളം തന്നെയാണ്.

മഹാകവിയെ കുറിച്ച് ഓർക്കുമ്പോൾ രസകരമായ ഒരു സംഭവം ഉണ്ട്. ഒരിക്കൽ മഹാകവി എത്തിയത് സന്ധ്യ കഴിഞ്ഞാണ്. അദ്ദേഹത്തിന്റെ ഭക്ഷണകാര്യത്തിലുള്ള നിഷ്ഠയൊക്കെ അമ്മയ്ക്ക് കൃത്യമായി അറിയാം. അതിരാവിലെ കുളിയും ജപവും കഴിഞ്ഞാൽ ഏഴര മണിയോടെ പാൽക്കഞ്ഞിയും. വീട്ടിലാണെങ്കിൽ അന്ന് ചെറുപയറില്ല. പശു ഉള്ളതു കൊണ്ട് പാലിന് ക്ഷാമമില്ല. അമ്മയുടെ പരിഭ്രമം കണ്ട മഹാകവി കാര്യം അന്വേഷിച്ചു. ഉള്ളം കൈയിൽ എഴുതി അമ്മ കാര്യം ഗ്രഹിപ്പിച്ചു. 'നിങ്ങൾക്കെന്താ പ്രാതൽ' മഹാകവി അന്വേഷിച്ചു. 'ഇഡ്ഡലിയും സാമ്പാറും' അമ്മ മറുപടി പറഞ്ഞു.' അപ്പൊ എനിക്കും സാമ്പാർ മതി'. പിറ്റേന്ന് മഹാകവി പ്രാതൽ കഴിക്കാനിരുന്നപ്പോൾ അമ്മ ഒരു കിണ്ണത്തിൽ പാൽക്കഞ്ഞിയും, മറ്റേതിൽ സാമ്പാറും വിളമ്പി. രണ്ടിലും ഓരോ പ്ലാവിലയും. ഭക്ഷണത്തിനിടെ മഹാകവി അച്ഛനോട് ചോദിച്ചു.' ഈ പാൽക്കഞ്ഞീം സാമ്പാറും കൂടി കാണുമ്പോൾ മേനോന് എന്തെങ്കിലും തോന്നുന്നുണ്ടോ? ഈ പാൽക്കഞ്ഞീം സാമ്പാറും ഒരു സുന്ദരി നായർ സ്ത്രീക്ക് പട്ടർ സംബന്ധമായതു പോലെ' ....

എല്ലാവരുടേയും ചിരിയുടെ ഇടയിൽ അദ്ദേഹം ഒരു ശ്ലോകവും ഉദ്ധരിച്ചു.' പട്ടാണി തൊട്ട ഗജവും ബത പട്ടർ തൊട്ട മട്ടോമ്മിഴി പ്രകരവും ...'

ഇത്രമാത്രമെ എനിക്കിപ്പോൾ ഓർമ്മയിൽ ഉള്ളു .

**11 . മുണ്ടശ്ശേരിമാഷുമായി ബന്ധപ്പെട്ട ഓർമ്മകൾ .**

മുണ്ടശ്ശേരി സ്മാരക മന്ദിരത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ 'നിരൂപകനായ മുണ്ടശ്ശേരി 'എന്ന മുഖ്യ പ്രബന്ധം അവതരിപ്പിക്കാൻ മാഷിന്റെ അടുത്ത സുഹൃത്തായ കുഞ്ഞുവറീത് മാഷ് എന്നോട് ആവശ്യപ്പെട്ടു. അദ്ധ്യക്ഷൻ സി. അച്യുതമേനോൻ. മറ്റു പ്രസംഗകർ പവനനും അരവിന്ദാക്ഷൻ മാഷും . മുണ്ടശ്ശേരിയുടെ കവിതാപഠനഗ്രന്ഥങ്ങൾ വായിച്ച് അദ്ദേഹത്തിന്റെ കാവ്യ സങ്കല്പങ്ങൾ ഞാൻ ക്രോഡീകരിച്ചു.

**കേരള സാഹിത്യ അക്കാദമി സമഗ്ര സംഭാവന പുരസ്കാരം, കേരള സാഹിത്യ അക്കാദമി വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള പുരസ്കാരം, കേരള ഹിസ്റ്ററി അസോസിയേഷൻ പുരസ്കാരം, എം.എസ് മേനോൻ പുരസ്കാരം, ശൂരനാട് കുഞ്ഞൻപിള്ള പുരസ്കാരം, അങ്കണം വിശിഷ്ട സാഹിതി സേവനാ പുരസ്കാരം, കെ.ദാമോദരൻ പുരസ്കാരം.**

'ഉത്തമ കവിതയ്ക്കു വേണ്ട ഗുണങ്ങൾ നാടകീയത, സംഭാഷണ ഭാഷയോടുള്ള അടുപ്പം, പുരോഗമനോന്മുഖമായ സാമൂഹിക ജീവിതത്തോടുള്ള പ്രതിജ്ഞാബദ്ധത എന്നിങ്ങനെ ചിലതാണെന്നാണ് മുണ്ടശ്ശേരി പറഞ്ഞു വച്ചിട്ടുള്ളത്. ആ നിലയ്ക്ക് മുണ്ടശ്ശേരിയ്ക്ക് അഭികാമ്യൻ ആകേണ്ടിയിരുന്ന കവി വള്ളത്തോളാണ്. കാരണം അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ വള്ളത്തോൾ കവിതയുടെ മുഖമുദ്രയാണ്. എന്നാൽ ഈ ഗുണങ്ങൾ അത്ര പ്രകടം അല്ലാത്ത ആശാനാണ് മുണ്ടശ്ശേരിയുടെ പ്രധാന കവി'. ഈ പ്രഹേളിക ചൂണ്ടിക്കാണിച്ച എന്നെ പവനനും അരവിന്ദാക്ഷൻ മാഷും എതിർത്തു. വായനക്കാരന്റെ അഭിരുചി മാറ്റുകയാണ് മുണ്ടശ്ശേരി ചെയ്തതെന്ന് അവർ പറഞ്ഞു. അതങ്ങു തമെന്ന് പറയട്ടെ, അതു കഴിഞ്ഞ് അച്യുതമേനോൻ തുറന്നടിച്ചു. 'പ്രബന്ധകാരൻ പറഞ്ഞതു സത്യമാണ്. ഞാൻ അങ്ങനെ ആലോചിച്ചിട്ടില്ല. പവനനും അരവിന്ദാക്ഷനും പറഞ്ഞതൊക്കെ ശരി, പക്ഷെ പ്രബന്ധകാരൻ ഉന്നയിച്ച സംശയത്തിന് അത് മറുപടിയല്ല'. ആ സംഭവം ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നുണ്ട്

**12. മാഷിന്റെ സൗഹൃദ സമ്പത്തിനെക്കുറിച്ച് കേട്ടിട്ടുണ്ട് .....**

ആഗമാനന്ദ സ്വാമികൾ, പ്രഫ. ഗുപ്തൻ നായർ , മുണ്ടശ്ശേരി, വി.വി.കെ വാലത്ത്,

മുല്ലനേഴി , ചങ്ങമ്പുഴ , വൈലോപ്പിള്ളി, ബഷീർ, എൻ.വി, ഇയ്യങ്കോട് ശ്രീധരൻ , എം.ആർ സി ഇങ്ങനെ നീണ്ട നിരയിലുള്ള സൗഹൃദ ഭാഗ്യം തന്നെ ഉണ്ടായിട്ടുണ്ട്.

**13.വിവർത്തനങ്ങളെ കുറിച്ച് ...**

നോബൽ പ്രൈസ്സ് ജേതാവായ റൊമൈൻ റോളണ്ട് രചിച്ച ജീൻക്രിസ്റ്റഫ് എന്ന പുസ്തകത്തിന്റെ വിവർത്തന ഓർമ്മകൾ മനസ്സ് നിറഞ്ഞ് നില്ക്കുന്നുണ്ട്.

എം എ പരീക്ഷ കഴിഞ്ഞ അവധിക്കാലത്താണ് ഞാനും അച്ഛനും കൂടി

തർജ്ജമ ചെയ്യാൻ തീരുമാനിക്കുന്നത്. പക്ഷെ ഓരോ കാരണങ്ങളാൽ അതങ്ങനെ മാറിപോയി. അപ്പോഴാണ് അച്ഛൻ മരിക്കുന്നത്. ആ തർജ്ജമ പൂർത്തിയാവാൻ പിന്നെയും നാല് കൊല്ലം എടുത്തു. പതിമൂന്ന് കൊല്ലത്തോളം ഒരു പ്രസാധകരെയും കിട്ടാതെ അതങ്ങനെ കയ്യിൽ വച്ചോണ്ടിരുന്നു. പിന്നെ ഡി.സി ബുക്സാണ് പ്രസിദ്ധീകരിച്ചത്.

**14 .അച്ഛൻ എഴുതുമായിരുന്നോ ?**

എഴുതുമായിരുന്നു. കുറ്റവും ശിക്ഷയും , യുദ്ധവും സമാധാനവും അച്ഛൻ ആണ് തർജ്ജമ ചെയ്തത്.

### 15. മാഷിന്റെ ഓർമ്മക്കുറിപ്പുകൾ അടങ്ങിയ 'കാല്പാടുകളെ ' കുറിച്ച് .....

അമ്പത്തിമൂന്നോളം ഓർമ്മക്കുറിപ്പുകളാണ് പുസ്തകത്തിലുള്ളത്.

'അകം' എന്ന ഭാഗത്ത് 34 ലേഖനങ്ങളും ' പുറം' എന്ന ഭാഗത്ത് 19 ലേഖനങ്ങളും . ' അകം' എന്നുള്ളത് എന്റെ വ്യക്തിപരമായ അനുഭവങ്ങളാണ്. സൗഹൃദത്തിന്റെ ഹൃദ്യമായ ഇടപെടലുകൾ ' പുറം' വ്യക്തമാക്കുന്നു.

**16. ഓരോ മലയാളിയുടേയും വായനാമുറിയിൽ ഉണ്ടാകേണ്ട വിശിഷ്ടാതിഥി ആണ് കേരള സംസ്കാര ചരിത്ര നിഘണ്ടു. അതിനെക്കുറിച്ച് ....**

കേരളത്തിന്റെ ചരിത്രബോധത്തെ കുറിച്ചുള്ള പുസ്തകമാണത്. ഏഴായിരത്തിലധികം ശീർഷകങ്ങൾ ഉണ്ട് . എല്ലാ വിവരണങ്ങളും ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2007 ൽ വൈജ്ഞാനിക സാഹിത്യത്തിനു നൽകുന്ന കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

**17. ഈ വർഷത്തെ പുത്തേഴൻ അവാർഡടക്കം മാഷിന്റെ മുറിയിൽ നിറഞ്ഞു നില്ക്കുന്നുണ്ട് അവാർഡുകൾ .**

**എന്നാലും വായനക്കാരുടെ അറിവിലേക്ക് .....**

കേരള സാഹിത്യ അക്കാദമി സമഗ്ര സംഭാവന പുരസ്കാരം, കേരള സാഹിത്യ അക്കാദമി വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള പുരസ്കാരം, കേരള ഹിസ്റ്ററി അസോസിയേഷൻ പുരസ്കാരം, എം.എസ് മേനോൻ പുരസ്കാരം, ശൂരനാട് കുഞ്ഞൻപിള്ള പുരസ്കാരം, അങ്കണം വിശിഷ്ട സാഹിതി സേവനാ പുരസ്കാരം, കെ.ദാമോദരൻ പുരസ്കാരം.

### 18 .മാഷിന്റെ കുടുംബം

ഭാര്യ പ്രേമ. കഴിഞ്ഞ ഫിബ്രവരിയിലാണ് അവൾ എന്നെ വിട്ട് പോയത്. മക്കൾ ജയദേവനും ജയകൃഷ്ണനും പേരക്കുട്ടികളും അടങ്ങുന്നതാണ് എന്റെ കുടുംബം .

മാഷിനെ കാണാൻ പോകുമ്പോൾ എനിക്ക് കൂട്ട് തികച്ചും ശൂന്യമായ എന്റെ മനസ്സായിരുന്നു. തിരിച്ചു വരുമ്പോൾ അത് അനുഭവങ്ങളും സ്നേഹവും വാത്സല്യവുമായി നിറഞ്ഞു കവിഞ്ഞിരുന്നു. ഒരിക്കലും അവസാനിക്കാത്ത വിസ്മയത്തോടെ മനസ്സിങ്ങനെ ചോദിച്ചു കൊണ്ടിരുന്നു.

'ഒരു കാലഘട്ടത്തിന്റെ ചരിത്രം മുഴുവൻ ഇത്രയും ലളിതമായി ഒരാൾക്ക് പറഞ്ഞു തരാൻ പറ്റുമോ ...? തിരിച്ചിറങ്ങുമ്പോൾ അത്ഭുതം തീരാത്ത എന്റെ മുഖം കണ്ടിട്ടാവണം മാഷ് ഇങ്ങനെ പറഞ്ഞു ... 'ഇടയ്ക്ക് ഇങ്ങോട്ട് വരണം , ഇനിയും പറഞ്ഞാൽ തീരാത്ത ഒരു പാട് കഥകൾ ഉണ്ട്.' കൂടെ മാഷിന്റെ

സ്വതസിദ്ധമായ ഒരു ചിരിയും. ശരിക്കും മാഷിന്റെ നിറഞ്ഞ ചിരി ഓർമ്മക്കുറിപ്പുകളിൽ പറയുന്ന പോലെ ദൈവത്തിന്റെ ചിരി .... അതേ ഞാൻ കണ്ട ദൈവം തന്നെയാണ് മാഷ്....... ജീവിത സത്യങ്ങളുടെ ... നേർക്കാഴ്ചയുടെ ... ദാർശനിക തത്വങ്ങളുടെ ദൈവം.

●



ഗിരീഷ് കുമാർ. വി

കമ്പോഡിയൻ ഡയറി – പാർട്ട് 2

# അങ്കോർവാറ്റ്

**കം**ബോഡിയ എന്ന കൊച്ചുരാജ്യത്തെ ലോകത്തിന്റെ നെറുകയിൽ ഉയർത്തി നിർത്തുന്നതെന്തോ അതാണ് അങ്കോർവാറ്റ്. ഭൂമിയിലെ ഏറ്റവും വലിയ ക്ഷേത്രസമുച്ചയം. ഹിന്ദുക്ഷേത്രമായി നിർമ്മിക്കപ്പെട്ടെങ്കിലും പിന്നീട് ബുദ്ധമത ആരാധനാലയമായി മാറ്റപ്പെട്ട ഒരു മഹാ നിർമ്മിതിയാണ് ഈ വിഷ്ണു ക്ഷേത്രം. ഖമർ ഭാഷയിൽ അങ്കോർ എന്നതിന് നഗരം എന്നാണർത്ഥം. വാറ്റ് എന്നത് ബുദ്ധക്ഷേത്രങ്ങളെ സൂചിപ്പിക്കുന്നു. കംബോഡിയ സന്ദർശിക്കുന്ന 99% ടൂറിസ്റ്റുകളും ഇവിടെ എത്താറുണ്ട്. ഈയവസരത്തിൽ അങ്കോർ വാറ്റിന്റെ ചരിത്രത്തിലേക്ക് ഒന്നു എത്തിനോക്കുന്നത് പ്രസക്തമായിരിക്കും എന്നു തോന്നുന്നു.

എ ഡി 1113 മുതൽ 1150 വരെ അങ്കോർ രാജാവായ സൂര്യവർമൻ രണ്ടാമനാണ് ഈ ക്ഷേത്രത്തിന്റെ നിർമാണം തുടങ്ങിയത് എന്ന് കരുതപ്പെടുന്നു.

പിന്നീട് 1177ൽ, കൃത്യമായി പറഞ്ഞാൽ സൂര്യവർമ്മൻ രണ്ടാമന്റെ മരണത്തിനു 27 വർഷങ്ങൾക്ക് ശേഷം ഖെമറുകളുടെ പരമ്പരാഗത ശത്രുക്കളായ ചമ്പ രാജവംശത്തിലെ രാജാവ് ജയവർമ്മൻ ഏഴാമൻ ഈ പ്രദേശം കീഴടക്കുകയും ക്ഷേത്രത്തിന്റെ മിനുക്കു പണികൾ അദ്ദേഹത്തിന്റെ താത്പര്യ പ്രകാരം പൂർത്തിയാക്കുകയും ചെയ്തു.

പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ജയവർമ്മൻ ഏഴാമനെ അദ്ദേഹത്തിന്റെ പൗത്രനായ ശ്യംന്ദ്രവർമ്മൻ സ്ഥാനഭ്രഷ്ടനാക്കി. രാജാവാകുന്നതിനു മുൻപ് പത്ത് കൊല്ലം ശ്രീലങ്കയിൽ കഴിഞ്ഞിരുന്ന ശ്യംന്ദ്രവർമ്മൻ, ബുദ്ധമതാനുഭാവിയായി മാറിയിരുന്നു. ആയതിനാൽ ശ്യംന്ദ്രവർമ്മൻ ബുദ്ധമതത്തെ തന്റെ രാജ്യത്തെ പ്രധാന മതമാക്കി മാറ്റി. ഇതേത്തുടർന്ന് അങ്കോർ വാട്ട് ബുദ്ധക്ഷേത്രമായി മാറി. പതിനാറാം നൂറ്റാണ്ടിൽ ക്ഷേത്രം പൂർണ്ണമായി ഉപേക്ഷിക്കപ്പെട്ടെങ്കിലും ക്ഷേത്രത്തിനു ചുറ്റുമുള്ള കിടങ്ങ് ക്ഷേത്ര കെട്ടിടത്തിന്റെ പൂർണ്ണനാശത്തിൽ നിന്നു രക്ഷയായി നിലകൊണ്ടു. അക്കാലത്ത് കംബോഡിയയിലെ സകല ഹിന്ദു ക്ഷേത്രങ്ങളും ബുദ്ധമത കേന്ദ്രങ്ങളായി മാറ്റപ്പെടുകയുണ്ടായിട്ടുണ്ട്.

സീംറീപ് നഗരത്തിൽ നിന്നും അഞ്ചുകിലോമീറ്റർ വടക്കുമാറിയാണ് 200 ഹെക്ടറോളം വിസ്തീർണ്ണമുള്ള ഈ ക്ഷേത്ര സമുച്ചയം. ഒരു വലിയ തടാകത്തിന്റെ കൃത്യം മധ്യഭാഗത്താണ് ക്ഷേത്രം. കിഴക്കും പടിഞ്ഞാറുമായി രണ്ടു പ്രവേശന മാർഗങ്ങളുണ്ട്. ജലാശയം കടന്നു ചെന്നാൽ വലിയൊരു മ

തിൽക്കെട്ടും ഉയരത്തിലുള്ള ഗോപുരവുമുണ്ട്. ഇവിടെ ഗോപുര മാളിക പ്രധാന ശ്രീകോവിലിനെക്കാൾ വളരെ ഏറെ പൊക്കത്തിലാണ് പണിതിട്ടുള്ളത്. ശത്രുക്കൾ ആക്രമിച്ചാൽ ക്ഷേത്രമാണെന്നു തെറ്റിദ്ധരിച്ചു ഗോപുരം നശിപ്പിക്കപ്പെട്ടാലും ശ്രീകോവിൽ സംരക്ഷിക്കപ്പെടണം എന്ന ഉദ്ദേശ്യത്തോടെയാണ് ഗോപുരങ്ങൾ ഉയരത്തിൽ പണിതിരിക്കുന്നതെന്ന് ഗൈഡ് ചെൻ ലാ വിശദീകരിക്കുകയുണ്ടായി. മതിൽക്കെട്ട് കടന്നു അകത്തു ചെന്നാൽ കാണാൻ കഴിയുക നാഗരാജനായ അനന്തന്റെ കൂറ്റൻ ശില്പങ്ങൾ ഇരുവശത്തുമുള്ള ക്ഷേത്രവീഥിയാണ്. പാലാഴി മഥനത്തിന്റെ ശില്പം ഇവിടെ എല്ലാ ക്ഷേത്രകവാടങ്ങളിലും പൊതുവെ കാണാൻ കഴിയും. പ്രധാന കവാടം കടന്നു ചെന്നാൽ മഹാവിഷ്ണുവിന്റെ വലിയൊരു പ്രതിഷ്ഠയുണ്ട്. പാലാഴിയിൽ വിശ്രമിക്കുന്ന മഹാവിഷ്ണുദേവനെ ദർശിച്ചുകൊണ്ട് പടിഞ്ഞാറ് മുഖമായിട്ടാണ് ഇവിടുത്തെ ശ്രീകോവിലിന്റെ നിർമ്മിതി. ഭാരതത്തിലെ ക്ഷേത്ര നിർമ്മാണ സമ്പ്രദായത്തിന് വിരുദ്ധമാണ് ഈ രീതിയെന്നാണ് തോന്നുന്നത്. ക്ഷേത്രത്തിനകത്തു വിഷ്ണു , ശിവൻ, ഗണപതി, ബ്രഹ്മാവ്, ചന്ദ്രൻ മറ്റു ഉപ ദേവന്മാർ, താമര, നൃത്തം ചെയ്യുന്ന അപ്സരസ്സുകൾ ഇവരുടെയൊക്കെ ധാരാളം രൂപങ്ങളുണ്ട്.

നൃത്തംചെയ്യുന്ന അപ്സരസ്സുകളുടെ പ്രതിമകൾ ഈ ശാലകളുടെയും മണ്ഡപങ്ങളുടെയും ചുവരുകളിൽ ഇടതൂർന്നു നില്ക്കുന്നു. കൊത്തുപണികളിൽ രാമരാവണയുദ്ധം, കുരുക്ഷേത്രയുദ്ധം, പാലാഴിമഥനം, കൃഷ്ണ - ബാണയുദ്ധം എന്നിവയെല്ലാം ഉൾപ്പെട്ടിരിക്കുന്നു. ദേവാസുരൻമാർ, വാസുകി, മന്ദരപർവതം, കൂർമ്മാവതാരം തുടങ്ങി ഓരോ ഇനവും വ്യക്തമായി ചിത്രണം ചെയ്തിട്ടുള്ള ശില്പങ്ങൾ കൊണ്ടു നിറഞ്ഞതാണു പല അങ്കണങ്ങളും. ജീവൻ തുടിക്കുന്ന ഈ ശില്പങ്ങൾ കണ്ടുമതിയായി മടങ്ങാൻ കഴിയില്ല. അത്രമേൽ സുന്ദരവും സ്നിഗ്ധവുമാണ് അവ. വിവരണങ്ങൾ എത്രയായാലും മതിയാവില്ല.

നൂറ്റാണ്ടുകൾ വനത്തിനുള്ളിൽ വിസ്മൃതിയിലായിരുന്ന ഈ ക്ഷേത്രം ഫ്രഞ്ച് കൊളോണിയൽ ഭരണകാലത് 1860 ലാണു വീണ്ടെടുക്കപ്പെട്ടത്. ഇന്ന് ആർക്കിയോളജിക്കൽ സർവേഓഫ് ഇന്ത്യയും ജർമനിയുടെ



അജടഞഅ എന്ന പദ്ധതി പ്രകാരവും ഇവിടെ പുനരുദ്ധാരണം നടന്നുവരുന്നുണ്ട്. ഒരാൾക്ക് 38 അമേരിക്കൻ ഡോളർ പ്രവേശനഫീസ് ഈടാക്കി ഫോട്ടോപതിച്ച കളകാർഡ് നൽകിയാണ് സന്ദർശകരുടെ പ്രവേശനം നിയന്ത്രിക്കുന്നത്. ഭാരതവുമായി അഭേദ്യമായ നാഭീനാളബന്ധമുള്ള ഈ രാജ്യത്തിന്റെ അഹങ്കാരമാണ് നൂറ്റാണ്ടുകൾ അതിജീവിച്ചു തലയുയർത്തി നിൽക്കുന്ന അങ്കോർവാറ്റ്. കമ്പോഡിയയുടെ ദേശീയ പതാകയിൽ പോലും അങ്കോർ വാറ്റ് ക്ഷേത്രം മുദ്രണം ചെയ്തിട്ടുണ്ട്. വരുന്ന തലമുറകൾക്ക് ചരിത്രത്തിന്റെ പുനർ വായനയ്ക്കായി ഇനിയെത്രനാൾ വേണമെങ്കിലും ഇതുപ്പോലെ നിലനിൽക്കട്ടെ ഈ മഹത് നിർമ്മിതി. ഇതിന്റെ തുടർച്ചയായി അനവധി ക്ഷേത്രങ്ങൾ കാണേണ്ടതായുണ്ട്. അങ്കോർവാറ്റിന് വിട. കാഴ്ചകളുടെ മഹാസാഗരം മനസ്സിലൊതുക്കി അങ്കോറിലെ സ്മാരക ശിലകൾ എന്നു വിളിക്കാവുന്ന ടാപ്പ് റോമിലേക്ക് യാത്ര തുടർന്നു.

## Ta Prohm temple

കമ്പോഡിയായിൽ അങ്കോർവാറ്റിനോളം തന്നെ സന്ദർശകർ ഇഷ്ടപ്പെട്ടു വരുന്ന മറ്റൊരു ക്ഷേത്രമാണ് ടാ പ്രോം. 900 വർഷങ്ങൾക്കു മുൻപ് രണ്ടുലക്ഷത്തോളം ജനങ്ങൾ വസിച്ചിരുന്ന ഈ പ്രദേശം പിൽക്കാലത്തു ഉപേക്ഷിക്കപ്പെടുകയും വന്മരങ്ങൾ ഇതിനെ വിഴുങ്ങുകയുമായിരുന്നു.എന്നുവെച്ചാൽ പ്രകൃതി ചവച്ചു തിന്നു ഉപേക്ഷിച്ചതിന്റെ അവശേഷിപ്പുകൾ ആണ് ഇന്നവിടെ കാണാൻ കഴിയുക.

പന്ത്രണ്ടാം നൂറ്റാണ്ടിൽ ജയവർമ്മൻ ഏഴാമൻ ആണ് അങ്കോർ വാറ്റിനോടൊപ്പം ഈ ക്ഷേത്രവും പണിതത്. അങ്കോർ ദേവാലയങ്ങളെല്ലാം പടിഞ്ഞാറ് ദർശനമായിട്ടാണ് പണിതിരിക്കുന്നത്. ടാപ്റോമും വിഭിന്നമല്ല. എന്നാൽ അങ്കോർ വാറ്റിൽ നിന്നു വ്യത്യസ്തമായി തോന്നിയത് അംബരചുംബികളായ ക്ഷേത്ര ഗോപുരങ്ങൾ ഇവിടെ കാണാൻ കഴിഞ്ഞില്ലെന്നതാണ്. ബുദ്ധിസ്റ്റ് മൊണാസ്ട്രിയും യൂണിവേഴ്സിറ്റിയും നൃത്തശാലകളും നർത്തകരുടെ വാസസ്ഥലങ്ങളും മറ്റു ജോലിക്കാരുടെ താമസസ്ഥലങ്ങളും ഒക്കെയായി രണ്ടുലക്ഷത്തോളം പേർ ഇവിടെ താമസിച്ചിരുന്നതായി ചരിത്രരേഖകൾ പറയുന്നു. രത്നങ്ങളും സ്വർണ്ണവും മറ്റു വിലപിടിച്ച വസ്തുക്കളും സംഭരിച്ചിരുന്ന ഇവിടെ വളരെ സമ്പന്നമായ ഒരു ഭൂതകാലത്തിന്റെ ആസ്ഥാനമായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ സൃന്ദവർമ്മൻ അങ്കോർ കീഴടക്കുന്നതോടെ അങ്കോറിന്റെ പ്രതാപം വിസ്മൃതിയിലാവുകയും ഇവിടം ഉപേക്ഷിക്കപ്പെടുകയും ചെയ്തു. തുടർന്ന് കൊടുങ്കാട് വളർന്നു വികസിച്ച് ടാപ്റോമിനെ വിഴുങ്ങുകയായിരുന്നു. ആൽമരത്തിനു സമാനമായ വന്മരങ്ങൾ കെട്ടിടങ്ങളിലൂടെ വളർന്നു വികസിക്കുകയും അവയുടെ വേരും തടിയും ഇറങ്ങി കെട്ടിടങ്ങൾ തകരുകയും ചെയ്തു.

1860 ഇൽ ഫ്രഞ്ച് കൊളോണിയൽ കാലഘട്ടത്തിൽ വീണ്ടെടുക്കുന്നതു വരെ കാടിന്റെ വന്യതയിൽ അമർന്നു തകർന്നു കിടപ്പായിരുന്നു ടാപ്രോം.

ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും കമ്പോഡിയൻ ഗവണ്മെന്റും ചേർന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടേയിരിക്കുകയാണിപ്പോൾ. ഭാരതവുമായുള്ള പൗരാണികമായ ആത്മബന്ധം ഊട്ടിയുറപ്പിച്ചുകൊണ്ട് തികച്ചും സൗജന്യമായാണ് ഇന്ത്യൻസ്ഥാപനങ്ങൾ ടാപ്റോമിന്റെ



അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നത് എന്നത് ഏതൊരു ഭാരതീയനും അഭിമാനകരമാണ്. അവിടുത്തെ പണിക്കാരുമായി സംവദിച്ചപ്പോൾ എൽ & ടി കമ്പനിയാണ് ഇപ്പോൾ അവിടുത്തെ പുനർനിർമാണം നടത്തുന്നത് എന്നറിയാൻ കഴിഞ്ഞു.

ടാപ്രോമിലെ ചിലങ്കയുടെ നാദം വിസ്മരിച്ചുപോയ നൃത്തശാലകളും വിശാലമായ രാജവീഥികളും നീണ്ട ഇടനാഴികളും ഇന്ന് പുനർനിർമിതിയിൽ നഷ്ടപ്പെട്ട ഗതകാല ചൈതന്യം പതുക്കെ പതുക്കെ വീണ്ടെടുത്തു കൊണ്ടിരിക്കുന്നു. തുടർന്നും അതിജീവനത്തിന്റെ വരാനിരിക്കുന്ന സഹസ്രാബ്ദങ്ങളിലേക്ക് ഉറ്റു നോക്കിക്കൊണ്ട്.

ക്ഷേത്രനഗരിയിലൂടെ യാത്ര തുടരുകയാണ്. ബായെൻ ടെംപിളിലേക്കു ബസ് നീങ്ങിത്തുടങ്ങി. ഇടയ്ക്കു പെയ്ത മഴയിൽ യാത്രികരെല്ലാം നനഞ്ഞു കുതിർന്നിരുന്നു. ടാപ്റോമിന്റെ ചരിത്രസ്മൃതികളിൽ എന്റെ മനസ്സും നിറഞ്ഞു. ●







# 'ഇനി ഉത്തരം'



പേളി ജോസ്

**സു**ധീഷ് രാമചന്ദ്രൻ എന്ന നവസംവിധായകന്റെ ചൂളയിൽ പിറന്ന വൃത്തിയായി പറഞ്ഞ ഒരു ത്രില്ലറാണ് 'ഇനി ഉത്തരം'. സസ്പെൻസുകൾ നിറഞ്ഞ എന്നാൽ പതിവ് ഫോർമുലകളിൽ നിന്ന് വ്യത്യസ്തമാക്കാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത ഒരു ത്രില്ലർ.

ഇടുക്കിയിലെ ഹിമ ശൈലങ്ങൾ പൊതിഞ്ഞ നിബിഡമായ വനഭംഗിയിൽ നിന്ന് തുടങ്ങുന്ന കാമറ ശാന്തൻപാറ പോലീസ് സ്റ്റേഷനിലേക്കാണ് പ്രേക്ഷകനെ കൊണ്ടുപോകുന്നത്. ജാനകി എന്ന ഒരു സ്ത്രീ SHO വിനെ കാണണമെന്ന് പറഞ്ഞ് കയറിവന്ന് കാത്തിരുന്ന് SHO വിനെ കണ്ട്, ഞാൻ ഒരാളെ കൊന്നു' എന്ന് വെളിപ്പെടുത്തുന്നിടത്ത് നിന്ന് കഥ ആരംഭിക്കുന്നു. ജാനകി പറയുന്ന സൂചനകള്‍ ലക്ഷ്യമാക്കി നീങ്ങുന്ന പൊലീസ് ടീമിന് ഞെട്ടിക്കുന്ന വിവരങ്ങളാണ് ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് എന്നപോലെ തുടരെ ലഭിക്കുന്നത്. ഒരു പൊലീസ് ഉദ്യോഗസ്ഥന് കൂടി സംശയത്തിന്റെ നിഴലിലേക്ക് എത്തുന്നതോടെ ചിത്രം ദുരൂഹതയുടെ മറ്റൊരു തലത്തിലേക്ക് നീങ്ങുകയാണ്. ജാനകിയുടെ ഓരോ വെളിപ്പെടുത്തലുകളും നിഗൂഢതകൾ സൃഷ്ടിക്കുന്നു.

കൊലപാതകങ്ങളുടെയും, അത് മറച്ചുവെക്കാൻ നടത്തുന്ന അനന്തരകൊലപാതകങ്ങളുടെയും, രാഷ്ട്രീയക്കാരുടെ നെറിവില്ലാത്ത തമ്മിലടിയുടേയും പാര വെയ്പിന്റെയും, പോലീസ് സേനയിലെ ചിലരുടെ രാഷ്ട്രീയക്കാരുമായുള്ള അവിശുദ്ധബന്ധങ്ങളുടെയും, മാദ്ധ്യമങ്ങളുടെ അനാവശ്യമായ ആവേശത്തിന്റെയും ഒക്കെ കഥകൾ ചേർത്ത് തുന്നിക്കെട്ടിയ ഒരു കൊളാഷ് ആണ് ചിത്രം.

ഒരു ഇടവേളക്ക് ശേഷം ഡോക്ടർ ജാനകി എന്ന അത്യധികം സമ്മർദ്ദം അനുഭവി

ക്കുന്ന പ്രധാന കഥാപാത്രമായി അപർണ്ണ ബാലമുരളി പക്വതയാർന്ന അഭിനയം കാഴ്ച വെച്ചു. SHO കരുണൻ ആയി കലാഭവൻ ഷാജോൺ അനായാസേന കഥാപാത്രത്തെ കയ്യിലൊതുക്കി. സൂത്രശാലിയും ബുദ്ധിമാനും ആയ SP ആയി വേഷമിട്ട ഹരീഷ് ഉത്തമനും അത്യധികം തിളങ്ങി. SI ആയി ആവശ്യത്തിന് പരുക്കനായി എന്നാൽ വളരെ നാചുറലായി മുഖവും ശബ്ദവും മാത്രമല്ല ശരീരം കൊണ്ടു കൂടെ അഭിനയിച്ച് പ്രത്യേക ശ്രദ്ധ നേടുന്ന ചന്തുനാഥ് നായരും ചിത്രത്തെ മികവോടെ തുന്നിച്ചേർക്കാൻ വളരെ സഹായകമായി. പ്രണയവും നിരാശയും പകയും ചതിയും എല്ലാം പതിവ് ത്രില്ലറുകളിലെ പോലെ കാണാം. രവിചന്ദ്രന്റെ കാമറയും

ഹിഷാം അബ്ദുൾ വഹാബിന്റെ സംഗീതവും ചിത്രത്തിന് മാറ്റ് വർദ്ധിപ്പിക്കുന്നു.

സ്ഥിരം പറയുന്ന കഥയെ പുതുമയോടെ അവതരിപ്പിച്ച സംവിധായകൻ അഭിനന്ദനം അർഹിക്കുന്നു. ഇടവേള വരെയുള്ള സമയം വളരെ ത്വരിതഗതിയിലായി എന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ കഥ ഒഴുക്കോടെയും വേഗതയോടെയും നീങ്ങി. അതിനു ശേഷമാണ് സംഭവങ്ങളുടെ ചുരുളുകൾ അഴിയുന്നത്.

ഓരോ ഉത്തരത്തിന് പിന്നിലും ഒരു ചോദ്യമുണ്ട് (Every answer has a question) എന്ന ടാഗ് ലൈനോടെ അനേകം ഉത്തരങ്ങളും അതിലേറെ ചോദ്യങ്ങളും മാറി മാറി ഉയർത്തി ഉദ്വേഗം നിറച്ചുകൊണ്ട് നീങ്ങുന്ന ഈ ത്രില്ലർ ഒട്ടും ലാഗ് ഇല്ലാതെ കണ്ടിരിക്കാവുന്ന നല്ല ഒരു ചിത്രമാണ്.

●

# 'Rorschach'

## വ്യത്യസ്തമായ ദൃശ്യാനുഭവവും, ചിന്താനുഭവവും, അപഗ്രഥന അനുഭവവുമൊക്കെ നല്കുന്ന ഒരു മമ്മൂട്ടി സിനിമയാണ് 'റോഷാക്ക്'.




**വ്യ**ത്യസ്തമായ ദൃശ്യാനുഭവവും, ചിന്താനുഭവവും, അപഗ്രഥന അനുഭവവുമൊക്കെ നല്കുന്ന ഒരു മമ്മൂട്ടി സിനിമയാണ് 'റോഷാക്'.'റോഷാക്' എന്ന പേരു സൂചിപ്പിക്കുന്നത് പോലെ തന്നെ ഇത് parapsychology അല്ലെങ്കിൽ 'അന്തഃകരണ ജ്ഞാനവിദ്യ' അഭ്രപാളികളിലേക്ക് സന്നിവേശിപ്പിക്കുന്ന ഒരു ചിത്രമാ

ണ്.

വലിയ പരീക്ഷണനിരീക്ഷണ സാദ്ധ്യതകൾ ഉള്ള ഒരു മേഖലയാണ് പാരാ സൈക്കോളജി മേഖല.

നായകനായെത്തുന്ന മമ്മൂട്ടി ഗംഭീര ഭാവാഭിനയം കാഴചവെച്ചുകൊണ്ട് ദുരൂഹതകളെ നമുക്ക് മുന്നിൽ കുടഞ്ഞിടുന്നു.

നായകൻ നടത്തുന്ന പ്രതികാര പ്രവർത്തികളാണ് സിനിമയുടെ ഇതിവൃത്തം. പലപ്പോഴും പ്രേക്ഷകന് confusion ഉണ്ടാക്കിക്കൊണ്ട് കഥ മുന്നോട്ട് പോകുന്നുണ്ട്. ഒടുവിൽ സത്യാവസ്ഥയും മിഥ്യയുമൊക്കെ വേർതിരിച്ചെടുക്കാൻ നമ്മുടെ ബുദ്ധിയെ മദിപ്പിക്കുകയും മഥിക്കുകയും ചെയ്ത് കൊണ്ട് പ്രേക്ഷകന് പണി തരുന്ന ഒരു ജോലി കൂടെ സംവിധായകനായ നസീം ബഷീർ ചെയ്യുന്നുണ്ട്. ലൂക്ക് ആന്റണി എന്ന മധ്യവയസ്കന്റെ (മമ്മൂട്ടി) പകയുടെയും പ്രതികാരത്തിന്റെയും നാൾവഴികളാണ് 'റോഷാക്ക്'. വൃത്തിയായി സൂക്ഷിക്കാത്ത, രജിസ്ട്രേഷൻ നമ്പർ പോലും ഏതു നാട്ടിലേതെന്നു വായിക്കാൻ സാധിക്കാത്ത ഒരു വിലകൂടിയ കാറും ഓടിച്ച് അയാൾ തലമുത്തിക്കുന്ന് ഗ്രാമത്തിൽ വന്ന് ദുരൂഹമായ ചില സംഭവങ്ങൾക്ക് തിരി കൊളുത്തുന്നു. വിചിത്രവും നിഗൂഢവുമായ മനോവ്യാപാരത്തിന് ഉടമയാണ് അയാൾ. 'മമ്മൂട്ടി കമ്പനി' നിർമ്മിക്കുന്ന ഈ സിനിമയിൽ തന്റെ അഭിനയ പ്രതിഭ തെളിയിക്കുന്ന രീതിയിൽ തന്നെ മമ്മൂട്ടി എന്ന നടൻ വിരാജിക്കുന്നുണ്ട്.

ഗ്രേസ് ആന്റണി എന്ന നടി അധികം ദൈലലി ുമരല ഇല്ലെങ്കിലും ഉള്ള ഭാഗം വളരെ ശക്തവും തീഷ്ണവുമാക്കാൻ ശ്രമിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്.

ബിന്ദു പണിക്കർ നമ്മുടെ പ്രതീക്ഷകൾക്കുമപ്പുറമുള്ള വൈഭവം കാഴ്ചവെച്ച് ഒരു നായക നടിയെന്നപോലെ തന്നെ നമ്മുടെ മനസ്സിലേക്ക് കസേര വലിച്ചിട്ട് കയറി ഇരിക്കുന്നുണ്ട്.

സമീർ മുഹമ്മദ് എന്ന തിരക്കഥാകൃത്തും കയ്യടി അർഹിക്കുന്നു. നസീം ബഷീർ എന്ന സംവിധായകനെ വ്യത്യസ്തമായി സിനിമ ചെയ്യിക്കാൻ ഈ തിരക്കഥാകൃത്തിനുള്ള പങ്ക് നിർണ്ണായകമാണ്. നിമിഷ് രവിയുടെ കാമറയും ചിത്രത്തിന്റെ ഉദ്വേഗം വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയിൽ നിഴലിനെയും വെളിച്ചത്തേയും ഉപയോഗിച്ച് വ്യത്യസ്ഥമായ ഫ്രെയിമുകളെ ഒരുക്കുന്നുണ്ട്.




കുറ്റവാളികളുടെ സങ്കീർണ്ണമാനസികാവസ്ഥ പഠിക്കാൻ ഉതകുന്ന ചില മനശാസ്ത്രസങ്കേതങ്ങൾ (white room torture')തുടങ്ങിയവയെ കുറിച്ച് തിരഞ്ഞുപോകാൻ പ്രേക്ഷകനെ പ്രചോദിപ്പിക്കുന്നുണ്ട് ഈ സിനിമ. വ്യത്യസ്ഥമായി ചിന്തിക്കാനും,അപഗ്രഥനം ചെയ്യാനും, വ്യവച്ഛേദിക്കാനും, ഉത്തരം കണ്ടെത്താനുമൊക്കെ പ്രേക്ഷകനെയും പ്രേരിപ്പിക്കുന്ന ഒരു സൈക്കോളജിക്കൽ റിവൻജ്/ക്രൈം ത്രില്ലർ ആണ് 'റോഷാക്'.

# മൂന്ന് പുസ്തകങ്ങൾ മൂന്ന് എഴുത്തുകാർ



വി പി ജോൺസ്

ഓരോരുത്തരും ഓരോരോ ഗ്രന്ഥങ്ങളെയും നിഷ്കൃഷ്ടമായി അപഗ്രഥിക്കുക സ്വന്തം തട്ടകത്തിൽ നിന്നുകൊണ്ട് താന്താങ്ങളുടെ അനുഭവസീമകളിൽ നിലയുറപ്പിച്ചുകൊണ്ടുമായിരിക്കും. പ്രസിദ്ധ ഇന്ത്യൻ കവി ഡോക്ടർ കെ സച്ചിദാനന്ദൻ പത്രപ്രവർത്തകനായ മോഹൻദാസ് പാറപ്പുറത്തിന്റെ ഡൽഹി ഫയൽ പ്രകാശനം ചെയ്യുമ്പോൾ പറഞ്ഞതിങ്ങനെ: വ്യാസഭാരതത്തിൽ സഞ്ജയൻ സാക്ഷിയായതു പോലെയാണ് പാറപ്പുറത്ത് തന്റെ പുസ്തകത്തിൽ സാക്ഷ്യം പറഞ്ഞിരിക്കുന്നത് എന്നാണ്. ആ പ്രസ്താവത്തിന് നിദാനമായ മഹാഭാരത പശ്ചാത്തലം പരിശോധിക്കുക അഭികാമ്യമാകുന്നു. അന്ധനായ ധൃതരാഷ്ട്ര മഹാരാജാവിന് കുരുക്ഷേത്ര യുദ്ധവിവരണം നേരിട്ട് നൽകുകയാണ് സഞ്ജയൻ.

ധർമ്മക്ഷേത്രേ കുരുക്ഷേത്രേ
സമവേദോ യുയുത്സവ
മാമകാ പാണ്ഡവശ് ചൈവ
കിമ കുർവ്വതി സഞ്ജയാ?

എന്നു ചോദിക്കുന്നുണ്ട് സഞ്ജയനോട് അന്ധനായ ധൃതരാഷ്ട്ര മഹാരാജാവ്.




കൊടുങ്ങല്ലൂർ കുഞ്ഞു കുട്ടൻ തമ്പുരാന്റെ പരിഭാഷ ഇങ്ങനെ: ധർമക്ഷേത്രം കുരുക്ഷേത്രം

പൂക്കു പോരിന്നിറങ്ങിയോർ
എൻ സുതരും പാണ്ഡവരും
എന്തേ ചെയ്തിതു സഞ്ജയാ?

എന്ന ധൃതരാഷ്ട്ര രാജാവിന്റെ അഭ്യർത്ഥന സഞ്ജയൻ സ്വീകരിക്കുന്നു.



മോഹൻദാസ് പാറപ്പുറത്ത്

സ്വതന്ത്ര ന്യൂസ് ഏജൻസിയായ യുണൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യയുടെ ന്യൂഡൽഹി ബ്യൂറോ ചീഫ് ആയി ഏകദേശം മൂന്നര പതിറ്റാണ്ടുകാലം മോഹൻദാസ് പാറപ്പുറത്ത് അവിടെ കഴിച്ചുകൂട്ടി. പല പ്രധാനമന്ത്രിമാരെയും വിദേശയാത്രകളിൽ അനുധാവനം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞു. സാക്ഷാൽ മാണിക്കോത്ത് എം ആർ നായർ സ്വയം സ്വീകരിച്ച തൂലികാനാമം ആകുന്നു പാറപ്പുറത്ത് സഞ്ജയൻ. മോഹൻദാസ് പാറപ്പുറത്തും പാറപ്പുറത്ത് സഞ്ചയനും അനുഭവ സീമയിൽ നിലയുറപ്പിച്ചു കൊണ്ടായിരിക്കും ചിന്തയുടെ നീലാകാശത്ത് വന്നണയുന്നത്. ഇന്നത്തെ രാഷ്ട്രീയ സംഭവ വികാസങ്ങളും സാമൂഹിക വ്യതിയാനങ്ങളും ധാർമിക അനുഷ്ഠാന ക്രമങ്ങളുമെല്ലാം സമീപ - വിദൂരകാല ചരിത്ര ഗതികളായി പരിണാമം പ്രാപിക്കുകയത്രെ ചെയ്യുന്നത്. ഇത് ഒരു ചരിത്ര കുതുകിയുടെ ദൃഷ്ടിപഥത്തിലൂടെയുള്ള നിരീക്ഷണം ആവാം.

യു എൻ ഓ യുടെ ആസ്ഥാനമാണ് യു എസിലെ മഹാനഗരമായ ന്യൂയോർക്ക്. അവിടെ അന്നത്തെ യുഎസ് പ്രസിഡണ്ട് ജോർജ് ബുഷ് ജൂനിയറുടെ പത്രസമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയുന്നുണ്ട് കിരാലൂരുകാരൻ മോഹൻദാസിന്. പണ്ട് ഏഷ്യ മൈനർ എന്നറിയപ്പെട്ടിരുന്ന പ്രദേശം ഏഷ്യൻ യൂറോപ്യൻ വൻകരകൾക്കിടയിലുള്ള പാലമായി പാശ്ചാത്യ പൗരസ്ത്യ ലോകങ്ങളെ ബന്ധപ്പെടുത്തിയിരുന്നു. എ ഡി 476 ൽ പടിഞ്ഞാറൻ റോമാ സാമ്രാജ്യം അസ്തമിച്ചു. 1453 വരെ കിഴക്കൻ റോമാ സാമ്രാജ്യം കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായി നിലനിന്നു. ഓട്ടോമൻ തുർക്കികൾ ആക്രമിക്കുന്നത് വരെ. അനന്തരം കോൺസ്റ്റാന്റിനോപ്പിളിനെ തുർക്കികൾ ഇസ്താംബുൾ ആക്കി മാറ്റുകയും ചെയ്തു. കോൺസ്റ്റയിൻ ചക്രവർത്തിയാണ് കോൺസ്റ്റാന്റിനോപ്പിൾ സ്ഥാപിക്കുന്നത്. കിഴക്കൻ റോമാ സാമ്രാജ്യത്തിലെ ജസ്റ്റീനിയൻ ചക്രവർത്തിയാണ് ജസ്റ്റീനിയൻ കോഡ് എന്ന നിയമസംഹിത നിർമ്മിച്ച മഹാപുരുഷൻ. സാന്താസോഫിയ എന്ന മഹാദേവാലയം സ്ഥാപിച്ചതും മറ്റാരുമല്ല. ജസ്റ്റീനിയൻ കോഡ് പിൻപറ്റിയാണ്, തുടർന്ന് ഫ്രാൻസിൽ നെപ്പോളിയൻ ചക്രവർത്തി നെപ്പോളിയൻ കോഡ് നിർമ്മിച്ചത്. എന്തിന് എഴുതാപ്പുറങ്ങൾ വായിക്കുന്നു എന്ന് ചോദിച്ചേക്കരുത്. ഏതു പുസ്തകവും വ്യാഖ്യാനിക്കപ്പെടുന്നത് വായനക്കാരുടെ മനസ്സിൽ ആണ്. ഒരുപക്ഷേ ഗ്രന്ഥത്തിൽ പറയുന്നത് മാത്രം ആവില്ല വായനക്കാരന്റെ മനോദർപ്പണത്തിൽ വിരിയുക.

മൂന്നര പതിറ്റാണ്ടുകാലം തന്നെ വളർത്തി വലുതാക്കിയത് പുതു ഡൽഹിയാണെന്ന് മോഹൻദാസിലെ വിനയവാൻ പറയുന്നു. ധനികന്റെയും ദരിദ്ര്യന്റെയും നിസ്വന്റെയും നിസ്സഹായന്റെയും അധികാര ആസക്തരുടെയും അധികാര നിരാകരണ തല്പരുടേയും ഒട്ടനവധി മുഖങ്ങളുള്ള ഈ ദില്ലി പഴയ ഇന്ദ്രപ്രസ്ഥമാണ്. നിഷ്പക്ഷവും നിസംഗവുമായ സാന്നിധ്യമായിരുന്നു മോഹൻദാസിന്റെ പുതു ദില്ലി കാലം എന്നും സച്ചിദാനന്ദൻ സൂചിപ്പിച്ചു. 1984 ഒക്ൾടോബർ 31ന് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ പ്രിയദർശിനി ഗാന്ധി സ്വന്തം അംഗരക്ഷകരായ സിക്കുകാരാൽ വധിക്കപ്പെട്ടു.

കൊളംബോയിലും അദ്ദേഹം കുറച്ചുകാലം യു എൻ ഐ ചീഫ് ആയി പ്രവർത്തിച്ചു. ശ്രീലങ്ക അന്നും ഇന്നത്തേതുപോലെ ഒരു ഹോട്ട് ബെഡ് ആയിരുന്നു. ധീരഗ്രണിയും സ്നേഹമയനുമായ ഒരു ജേർണലിസ്റ്റ് ആണ് ശ്രീ മോഹൻദാസ്. ലളിതമായ ഭാഷാപ്രയോഗം വഴിയാണ് ഡൽഹി ഫയൽ പാരായണ ക്ഷമമാകുന്നതെന്ന് ഡോക്ടർ പി.വി.കൃഷ്ണൻ നായരും പറഞ്ഞു. പക്ഷേ ശബ്ദാർ ത്ഥങ്ങളുടെ സഹിതവും സമുചിതവുമായ സാന്നിധ്യമാകുന്നു സാഹിത്യം എന്ന സിദ്ധാന്തം നമുക്ക് തൽക്കാലം മറക്കാം. സാരംല്യ. സാഹിത്യത്തിന്റെ സഹജ ഭാവമാകാം സരളത. കൃതഹസ്തരായ പല എഴുത്തുകാരും ലളിതഭാഷയിൽ കൗതുകം ഉള്ളവരും ആകാം. വളയമിട്ടു ചാടി പഠിച്ച് സിദ്ധി കൈവരിച്ചവർക്കു മാത്രമേ വളയമില്ലാതെ ചാടാനുമാകൂ. ന്യൂഡൽഹിയും കൊളംബോയും ന്യൂയോർക്കും ഇസ്താംബൂളും കണ്ട മോഹൻദാസ് ഉത്തര കൊറിയയും സന്ദർശിച്ചുവത്രേ. പ്രധാനമന്ത്രിമാരുടെ പത്ര

സംഘത്തിൽ പെടുക എന്നത് മോഹൻദാസിനെ വിധി വച്ചു നീട്ടിയ മഹാഭാഗ്യവുമാണ്.

അസോസിയേറ്റഡ് പ്രസ്സും റോയിട്ടറും പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യയും മറ്റും സ്വകാര്യ ന്യൂസ് ഏജൻസികൾ ആണ്. മണ്ഡൽ കമ്മീഷനും വി പി സിങ്ങുമൊക്കെ വരുന്ന പ്രസ്തുത ഗ്രന്ഥത്തിൽ ഇൻസൈഡർ എന്ന നോവൽ എഴുതിയ ബഹുഭാഷാ വിശാരദനായ നരസിംഹറാവുവും പ്രത്യക്ഷപ്പെടുന്നുണ്ട്. റാവുവിനെ എൽപിജി എന്ന ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ എന്നിവ പഠിപ്പിച്ച ഡോക്ടർ മൻമോഹൻ സിംഗ് എന്ന പണ്ഡിതനായ, ധനകാര്യ വിദഗ്ധനായ പ്രധാനമന്ത്രിയും നമ്മുടെ സ്മരണയിൽ വരുന്നു. ജയിംസ് അഗസ്റ്റസ് ഹിക്കിയാണ് ഇന്ത്യൻ പ്രസിന്റെ പ്രപിതാമഹൻ. അദ്ദേഹത്തിന്റെ പത്രം 'ദ് ബംഗാൾ ഗസറ്റ്' ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ പ്രഥമ ഗവർണർ ജനറൽ വാറൻ ഹോസ്റ്റിംഗിന്റെ നിദ്രയെ പലപ്പോഴും ഭഞ്ജിച്ചിരുന്നു. കടുത്ത വിമർശകനായ ഹിക്കി ഒടുവിൽ ഇന്ത്യയിൽ നിന്ന് ഇംഗ്ലണ്ടിലേക്ക് നാടുകടത്തപ്പെട്ടു. ബംഗാൾ ഗസറ്റിന്റെ ഉടമയും മുഖ്യ പത്രാധിപരുമായിരുന്നു ഹിക്കി.

കണ്ടതെത്ര മനോഹരം, കാണാനുള്ളവ അതേക്കാൾ മനോഹരം. മോഹൻദാസിന്റെ ഗ്രാമീണ മനസ്സും വിനയാന്വിതയും ഹൃദയത്തുടിപ്പുകളും ഒരുപക്ഷേ ഇതിൽ കണ്ടെത്താനും കഴിഞ്ഞേക്കാം. ജോർജ് ഓർവൽ രചിച്ച അനിമൽ ഫാം, 1984 എന്നിവ എഴുത്തുകാരുടെ ഉൾമിഴിയിടങ്ങളിലേക്ക് ചിന്തയുടെ ചാലുകൾ കീറാനുതകുന്ന കൃതികളാണ്.

ഇനി ലോക്കൽ ഹിസ്റ്ററി എഴുതി വായനക്കാരെ പ്രബുദ്ധമാക്കാൻ ഉതകുന്ന ഒരു ഗ്രന്ഥത്തെ കുറിച്ചാവാം വാങ്മയം. വിയ്യൂർ എന്ന പഴയ ഗ്രാമ പ്രദേശത്തിന്റെ ആത്മകഥയാവണം അത്. ഇപ്പോൾ മഹാ നഗരത്തിന്റെ ഒരു ഭാഗമായി മാറിക്കഴിഞ്ഞ വിയ്യൂരിന്റെ സർവ്വതല സ്പർശിയായ ചരിത്രമാണ് സൈമൺ വേലുക്കാരൻ എഴുതി വച്ചിരിക്കുന്നത്. ആ പ്രദേശത്തിന്റെ സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ ഭൂമിക ചിത്രീകരിക്കുന്ന ഈ പുസ്തകം ഒരു അമേച്വർ ചരിത്രകാരന്റെ ധിഷണാ പ്രകർഷം മുറ്റി നിൽക്കുന്ന ചരിത്ര ഗ്രന്ഥമാകുന്നു. From known to un-known എന്ന സൂത്രവാക്യം സ്മൃതി പഥത്തിലേക്ക് ഇറക്കി വെക്കാൻ ഈ ഗ്രന്ഥം പര്യാപ്തമാകുന്നു. അറിയുന്ന വയിൽ നിന്ന് അറിയാനുള്ളവയിലേക്കാണ് ചരിത്ര പ്രയാണം നടത്തേണ്ടതെന്ന് ഈ ഗ്രന്ഥം അക്കാദമിക് ചരിത്രകാരന്മാർക്ക് ദിശാബോധം നൽകാൻ ഉപയുക്തമാകുന്നു. ഇത്രമാത്രം ആഴത്തിൽ പ്രാദേശിക ചരിത്രം മെനയാൻ അക്കാദമികൾക്ക് കഴിയുമോ?.

ഇനിയൊരു കഥാകാരിയുടെ 'ഞാൻ കണ്ടത് നിങ്ങൾ കാണാത്തത്' എന്ന കഥാസമാഹാരം വായനക്കാരിലേക്ക് സ്വച്ഛന്ദം കടന്നു വന്നെത്തുകയാണ്. വളരെ സവിശേഷമായ ഒരാഖ്യാനരീതി ഈ കഥകളെ ഹൃദ്യമാക്കുന്നുണ്ട്. ഓർവൽ 1991 ന് മുമ്പുള്ള സോവിയറ്റ് യൂണിയനിലെ സ്വേച്ഛാധികാരത്തെ ചിത്രീകരിക്കാനാണ് സിംബോളിക്കായി മൃഗ സമൂഹത്തെ കഥയായി ചിത്രീകരിച്ചത്. സമഗ്രാധിപത്യത്തെ എതിർക്കാൻ അതാവാം രചനാ കൗശലം. All are equal; but some are more equal എന്ന ഒരു മഹാസൂത്രവാക്യം അതിൽ കാണാം. പഴയ ഇല്ലസ്ട്രേറ്റഡ് വീക്കിലിയുടെ താളുകളിൽ, കടന്നുപോയ സോഷ്യലിസ്റ്റ് നേതാവ് മധുലിമായെ, പീപ്പിൾസ് ചൈന സന്ദർശിച്ച കഥ കണ്ടിട്ടുണ്ട്. അവിടെയും ഒരു പ്രിവിലേജ്ഡ് ക്ലാസ് ഉണ്ടായിരുന്നു പോൽ. സർവവിധ സാമൂഹികാന്തസ്സും ആനുകൂല്യങ്ങളും നേടിയിരുന്നു അക്കൂട്ടർ. സനിത പാറാട്ട് എന്ന ഈ കഥാകാരിയും പക്ഷി മൃഗാദികളെ കഥാപാത്രങ്ങൾ ആക്കി മാറ്റി സോഷ്യൽ എൻജിനീയറിങ് നടത്തി കഥ പറയുന്നു. ●

ചെറുകഥ

# കുഞ്ഞിക്കാവ് ഒരു മദാമ്മയാണ്



രേഖ തോപ്പിൽ



മഴയിൽ മൺതിട്ടകളിടിഞ്ഞ ചെറുശലഭങ്ങൾ പറക്കുന്ന മുറ്റത്ത്ചുവന്നകട്ടചെമ്പരത്തിയും കാശിതുമ്പയും അതിനിടയിൽ വിടർന്ന് പതുങ്ങിനിൽക്കുന്ന മൂക്കുറ്റിയും ഓണക്കാലമായെന്ന്ആർത്തു.

കിഴക്കെ ഉമ്മറത്തെ നീളൻ ചാരുകസേരയിൽ ആകാശമെത്തുന്ന തെങ്ങിൻ തലപ്പുകളെ ചുഴറ്റി ഭയലേശമില്ലാതെ തടിയൻ മാമരങ്ങളുലച്ച് ശേ.. എന്ന ഇരമ്പത്തോടെ കടുത്ത അഹങ്കാരത്തോടെ പാഞ്ഞെത്തുന്ന പാലക്കാടൻ മഴയുടെ ഉടൽ ഭംഗിയിലേക്ക് ഞാൻ കണ്ണയച്ചിരുന്നാ മഴവരവ് ആസ്വാദിച്ചിരുന്ന നേരത്താണ് തൊടിയുടെ പിൻഭാഗത്തെ വേലിക്കഴ കടന്ന് നരച്ച നിറമുള്ളൊരു കാലൻ കുടയും ചൂടി ടെയിലർ കുമാരേട്ടൻ അവിടേക്ക് വന്നത്.

മഴയുടെ ഉടലിൽ നിന്നു കണ്ണു തെറ്റിച്ച് ഞാൻ കുമാരേട്ടനെ നോക്കി. വർഷങ്ങളായി തമ്മിൽ കണ്ടിട്ടെങ്കിലും അന്നു കണ്ടതുപോലെ തന്നെയുണ്ട് ഇന്നും കുമാരേട്ടൻ.

മുഖത്ത് കട്ടികണ്ണട. ഉള്ളിലേക്ക് അൽപ്പം വളഞ്ഞ ഉടൽ. തെളുതെളെ വെളുത്തമുഖത്തെ മുറുക്കിചുവപ്പിച്ച ചുണ്ടിൽ തിളങ്ങുന്നചിരി. ആ ചിരി കുമാരേട്ടനെ എപ്പോഴും പ്രകാശമുള്ളവനാക്കി മാറ്റി.

അമ്മ കൊടുത്ത കട്ടൻചായ ഊതി കുടിച്ച് കൊള്ളി പുഴുങ്ങിയതിൽ നിന്നൊന്നെടുത്ത് വായിലിട്ട് ഇഴപിരിഞ്ഞു പിഞ്ഞിതുടങ്ങിയ തോളിലെ തോർത്തിൽ കൈതുടച്ച്കുമാരേട്ടൻ എന്നോട് ചോദിച്ചു.

കുട്ട്യേ.. ഈ പ്ളാഴികരക്കാരെപറ്റി ഒന്നും എഴുത്ണില്ല്യേ..?

എല്ലാം നല്ലോരാണ്.. നെന്ചില് കളങ്കല്യത്തോര്..!

മഴ ചുറ്റും ആർത്തും പെയ്യുകയാണ്. ചെ

ണ്ട അടിക്കുകയാണ്. കാറ്റ് കൂടെ കോമരമാടുന്നുണ്ട്.

ആ മഴകലിപ്പിലേക്ക് നോക്കിയിരുന്നുകൊണ്ട് ഞാൻ ചിന്തിച്ചു.

അല്ലെങ്കിലും കുമാരേട്ടന് പ്ളാഴിക്കരക്കാരെന്നല്ല ഈ ലോകത്തിലെ എല്ലാവരും നല്ലവരാണ്. ചങ്ക് ചേലുള്ളവരാണ്.

കുമാരേട്ടന്റെ ആ പഴയ ടെയിലർകട പ്ളാഴി ഗ്രാമത്തിലെ കുട്ടികളുടെ വള്ളിട്രൌസറും വള്ളിപാവാടയും പിന്നെ മുതിർന്നപെണ്ണുങ്ങൾക്ക് റൌക്കയും ബോഡീസുംആണുങ്ങൾക്ക് മുറിക്കയ്യൻ ഷർട്ടും ഡ്രോയറും തയ്ച്ച ആ തയ്യൽക്കട ഇന്നുംഅവിടുത്തെ റേഷൻ കടയുടെയും ഉണക്കമീൻ കടയുടെയും നടുവിലായി Expert എന്ന ഇംഗ്ളീഷ് നാമധേയത്തിൽ നിറംമങ്ങി അവയവ ഭാഗങ്ങളൊടിഞ്ഞ് മുഖംകുനിച്ചു നിൽക്കുന്നു.

പ്ളാഴിയിലെ ആളുകളെല്ലാം ഇപ്പോൾ തുണി തയ്ക്കാൻ കൊടുക്കുന്നത്തൊട്ടടുത്തുള്ള ആലത്തൂർ പട്ടണത്തിലെ തുന്നൽ കടകളിലാണ്.

എന്നാലും കുമാരേട്ടൻ പതിവായി കടയിലെ പൊടി തൂത്തുവാരി ഭഗവാന്റെ മുന്നിൽ വിളക്ക് വച്ച് പഴയ ആ തയ്യൽ മെഷീനിൽ എണ്ണയിട്ട് അവയിൽ നാളങ്ങൾ പൊള്ളിച്ച ആ പാതയിലേക്ക് കണ്ണുകളയച്ച് ആരെ യോ കാത്തിരിക്കുന്നു.

എന്നും അന്തിയാവുമ്പോൾ പണികഴിഞ്ഞ് തൊട്ടടുത്ത കള്ളുഷാപ്പിൽ നിന്ന് ഒരുകോപ്പ കള്ളു മോന്തി പോസ്റ്റ്മാൻ രാജനുംപെയ്ന്റർ ഷാജനും കാലികച്ചവടക്കാരൻ വേശയുമെല്ലാം കുമാരേട്ടന്റെ കടയിലെത്തും. അപ്പോൾ ഉച്ചത്തിലുള്ള പൊട്ടിച്ചിരികളും നുണകഥകളും കുമാരേട്ടന്റെ കടയിലങ്ങനെ ശ്വാസംമുട്ടി തിക്കിതിരക്കും.

ദിനേശ് ബീഡിയുടെയും കാജാബീഡിയുടെയും വിൽസ് സിഗരറ്റിൻൻെറയും ഗന്ധം കടയിലും പരിസരത്തും നിറഞ്ഞുതൂവും.

പ്ളാഴികരയിലെ എല്ലാ നായർ കുടുംബങ്ങളിലെ കല്യാണങ്ങളും താനാണ് മുന്നിട്ടുനിന്ന് നടത്തികൊടുക്കുന്നതെന്നൊരു ഭാവമുണ്ട് പോസ്റ്റ്മാൻ രാജന്.

നിന്നെകൊണ്ട് ഇത്ര കാലായിട്ടും ആ കുഞ്ഞിക്കാവിനൊരു ചെക്കനെ കണ്ടുപിടിക്കാനായില്ലല്ലോ..

രാജന് മുഖം കൊടുക്കാതെ തയ്യൽ മെഷീനിലേക്ക് ഒരുപഴംതുണി തിരുകികൊണ്ടാണ് കുമാരേട്ടൻ അങ്ങനെ ചോദിച്ചത്.

“കുഞ്ഞിക്കാവ്”

ആ പേര് അവിടെയിരുന്ന ആണുങ്ങളുടെ നെഞ്ചിലേക്ക് മൂത്തുപഴുത്തൊരുനിലാതുണ്ടെറിഞ്ഞു.

കുഞ്ഞിക്കാവ് പേരിത്തിരി പഴയതാണെങ്കിലും ആള്ഇത്തിരി ആളികത്തണ പ്രായമാണ്.

ആ പ്ളാഴികരയിലെ ഒരുപെണ്ണും അഴകിൽ കുഞ്ഞിക്കാവിനൊപ്പം നിൽക്കില്ല.

പ്രകൃതിയൊന്ന് മയങ്ങാൻ തുടങ്ങുന്ന മൂവന്തിനേരത്താണ് കുഞ്ഞിക്കാവ്

ചുണ്ടിലൊരു മൂളിപാട്ടുംപാടി പണ്ടാരക്കളം എന്ന പേരുള്ള ആവീട്ടിലേക്ക് നടന്നത്. ഈ പണ്ടാരം കളം വീടുണ്ടല്ലോ.. അത് പണ്ടത്തെയൊരുയമണ്ടൻ എട്ടുകെട്ടാണേ..!

പണ്ടാരംക്കളം എട്ടുകെട്ടിന്മുന്നിലങ്ങനെ വിടർന്ന് കെടക്കണ പാടശേഖരത്തിൽ നിന്ന് പുന്നെല്ലിന്റെ മണം കാറ്റ് ചുറ്റുംതൂവി. ആ കാറ്റിൽ പണ്ടാരക്കളം എട്ടുകെട്ടിന്റെ പടിപുര തുറന്ന കുഞ്ഞിക്കാവിന്റെ ഉടലൊന്നു കുളിർന്നു.

അവൾ ആ വീടിന്റെ മുറ്റത്തെത്തിയപ്പോൾ ആ എട്ടുകെട്ടിൽ പണ്ടു അകത്തമ്മമാര് കുളിച്ചിരുന്ന നിറയെ ചെങ്കൽ പടവുകൾ വിരിച്ചു കെട്ടി മനോഹരമാക്കിയ ആ കുളത്തിൻറെ പടവുകൾ കയറി ചെറിയ കിതപ്പോടെ ഈറനുടുത്ത്കൈയിലൊരുതുണികെട്ടുമായി പത്മാവതിയമ്മ ധൃതിയിൽ അവൾക്ക്എതിരേവന്നു.

കുഞ്ഞിക്കാവേ.. നീയെന്താവരാനിത്രവൈകിയത്. ഇവടെനീയ്യുമുണ്ടാകുമെന്നുകരുതി നന്നായിഒന്നുതുടിച്ചുകുളിക്കാൻ വന്നതാണ് ഞാൻ.

പക്ഷേഎന്നാൽ പേടിച്ച്പോയീട്ടോ.

ഒന്നുനീന്തിതുടിച്ചുമുങ്ങിനിവർന്നപ്പോൾ ആ പൊന്തയിൽ നിന്നൊരനക്കം.

നോക്കീട്ടുംനോക്കീട്ടുംഒന്നുംകണ്ടില്യ.. ൻറെഒടലാകെവിറച്ചു..

അവരുടെഭയപ്പാടുംനിൽപ്പുംകണ്ട്കുഞ്ഞിക്കാവ് ആ പൊന്തക്കുനേരെരണ്ടുമൂന്നുകല്ല് തൂക്കിയെറിഞ്ഞു.

ഏയ് അവിടെയൊന്നുമില്ലപത്മാവതിയമ്മേ.. നിങ്ങൾക്ക്വെറുതെതോന്നിയതാവാം..

പിന്നെഇവിടെആരുംപോരുമില്ലാത്തനേരത്തീകുളത്തിലെകുളിയൊന്നൊഴിവാക്കണേ..

ൻറെപറക്കോട്ടുകാവിലമ്മേ.. ആയമ്മനനഞ്ഞകയ്യാൽ രണ്ടു കവിളത്തും തട്ടി ആ വലിയ വീടിന്റെ പടിപ്പുര കടന്ന്പോയി.

കുഞ്ഞിക്കാവ് കുറച്ചുനേരം ആ എട്ടുകെട്ടുവീടിന്റെ ആകാശംപോലെ പരന്നുകിടക്കണ തൊടിയിലേക്ക് കണ്ണുപായിച്ചു. അടിമണ്ണുമാന്തി ചാണകവളമിട്ട് പണ്ടു വൃത്തിയായി കിടന്നിരുന്ന തെങ്ങും കവുങ്ങുമെല്ലാംഇന്ന് ആകെ പൊന്തമൂടി പുല്ലാനി വിരിച്ച്തൊട്ടാവാടി വിരിഞ്ഞു കിടക്കുന്നു.

തൊടിയിൽ നിന്നു മടങ്ങിയ അവളുടെകണ്ണുകൾ മുറ്റത്തു തങ്ങിനിന്നു. വലിയ പൂന്തോട്ടമുണ്ടായിരുന്ന ആ മുറ്റത്തിന്ന് കാട്ടപ്പയും കറുകയും പീലിവിടർത്തുന്നു.

ചാണകം തേച്ചുമിനുക്കിയ ആ മുറ്റത്ത്ആരോ തിരുവാതിര ആടുന്നുണ്ടോ.. കുഞ്ഞിപാദസരങ്ങൾ മുറ്റത്ത് ലഹളയടിക്കുന്നുണ്ടോ.. ഇല്ല എല്ലാം തന്റെ ഭ്രാന്തൻ തോന്നലാണ്. വിസ്മൃതിയിലാണ്ട പഴയ പലതും തിരയടിച്ച് തലക്കു മീതെ ചുററുകയാണ്.

ഇല്ല ആരുമില്ലിവിടെ ..താനും ഈ എട്ടുകെട്ടും രാത്രിയുടെ കറുത്ത പുതപ്പുപുതച്ചങ്ങനെ.

കുഞ്ഞിക്കാവ് പണ്ടാരകളം എട്ടുകെട്ടിന്റെ പൂമുഖത്തേക്ക് കയറികതകിന്റെ പൂട്ടാഴങ്ങളിൽ പിച്ചളതാക്കോൽ തിരിച്ചു. ഈടുറ്റ ആ വീട്ടികതക് ഒന്നു തേങ്ങി മലർന്നു.

കുഞ്ഞിക്കാവ്വന്നു..

കുഞ്ഞിക്കാവ്വന്നു.

ആ വീടിന്റെ ഉൾത്തളങ്ങൾ ഏകാന്തതയിൽ നിന്നുണർന്ന് ആനന്ദസ്വരം പുറപ്പെടുവിച്ചു.

അത്രനേരംഭയരഹിതരായിമനയിൽ ഓടികളിച്ചഎലികൾ പൊത്തിലൊളിച്ചു. വേട്ടാളകൂട്ടങ്ങൾ ഹൂങ്കാരത്തോടെപുറത്തേയ്ക്ക്കുതിച്ചു.

മുറ്റത്ത് അന്തിതിരിതെളിഞ്ഞു. ആ വലിയ എട്ടുകെട്ടിനുള്ളിൽ വൈദ്യുത വെളിച്ചം സമുദ്രമായി.

കുഞ്ഞിക്കാവ് അവിടെ വാല്യക്കാരിയായ പാറുവമ്മക്ക് പെറ്റുവീണു. ആ വലിയവീട്ടിൽ വളർന്നു. ഒടുവിൽ അവിടുത്തെ ഏക അവകാശിയായ സുകുമാരമേനോൻ അയാളെക്കാൾ പൊക്കവും വണ്ണവുമുള്ളൊരുമദാമ്മയെ ലണ്ടനിൽ വെച്ചുകല്യാണം കഴിച്ചപ്പോൾ അവർക്ക് ഒരു കുഞ്ഞു ജനിച്ചപ്പോൾ ചെറിയ കുഞ്ഞിക്കാവിനെ കുട്ടിയെനോക്കാൻ കൂടെകൊണ്ടുപോയി.

വിദേശത്ത് ജീവിച്ചുതിരിച്ചു വന്ന കുഞ്ഞിക്കാവ് പ്ളാഴികരയിലും ഒരുവിദേശിയെ പോലെ ജീവിച്ചു. അവൾ മധുരമായി ഇംഗ്ളീഷ് പറഞ്ഞു. പ്ളാഴികരയിലൂടെ വേഗത്തിലവൾ തന്റെ കാറുപറത്തി.

അവളെ കാണുമ്പോൾ ചെറുപ്പക്കാര് ചെക്കൻമാര് ആരാധനയോടെ നോക്കി. വിദേശി ഗായിക മോണലിസയുടെ പാട്ടും ചന്തി അഴകും മുലയെടുപ്പും ഇഷ്ടപ്പെട്ടിരുന്ന ആ ചെക്കൻമാർ കുഞ്ഞിക്കാവിനെ രഹസ്യമായി മോണലിസ എന്നുവിളിച്ചു. പ്രേമിച്ചു.

പ്ളാഴികരയിലെ പെണ്ണുങ്ങള് കുഞ്ഞിക്കാവിനെ നേരിൽ കാണുമ്പോൾ ചിരിച്ചു . ബഹുമാനിച്ചു. അവൾ നടന്നകന്നപ്പോൾ ഓ ഒരു ഇംഗ്ളീഷ്ക്കാരീ.. പത്രാസുക്കാരീ .. എന്ന് ചിറികോട്ടി.

പ്ളാഴി ഗ്രാമത്തിന്റെ നെഞ്ചുപകുത്തൊഴുകുന്ന പ്ളാഴിപുഴയിലടിച്ചു നനച്ചു കുളിക്കുമ്പോൾ ആ പെണ്ണുങ്ങളിങ്ങനെ കഥപറഞ്ഞു.

ആ കുഞ്ഞിക്കാവൊരു ഭയങ്കരിയാണേ.. ഇത്രേംവലിയൊരു വീട്ടിലൊറ്റക്കിങ്ങനെ..

അല്ല ഞാൻ കേട്ടത് ശരിയാണോ ആ പെണ്ണാ ആ എട്ടുകെട്ടിലെ മഹാമന്ത്രവാദിയായ കോമൻ മേനോനുണ്ടായ മകളാണോ..

രാത്രികാലങ്ങളിലും അത് ഭയലേശമില്ലാതെ ആ തൊടിയിലിറങ്ങി നടക്കാറുണ്ടത്രേ.."

ങ്ങടെ കുമാരേട്ടൻ കുഞ്ഞിക്കാവുമായിവല്യപറ്റാണല്ലേ. അന്ന് പുഴയിൽ കുളിക്കാൻ വന്ന കുമാരേട്ടന്റെ ഭാര്യയോട് പെണ്ണുങ്ങളാരോ അങ്ങനെ പറഞ്ഞത്പുഴക്കടവിൽ വെച്ച് വലിയവക്കാണത്തിനും വഴക്കിനും കാരണമായി..

ഈ പ്ളാഴിക്കര ഇങ്ങനെയൊക്കയാണേ .. കമ്യൂണിസ്റ്റ് ഭരിച്ചിട്ടും നവോത്ഥാനംവന്നിട്ടും ഞാനീ കഥപറയുന്ന പ്ളാഴികരക്ക് വലിയമാറ്റമൊന്നുമില്ല.. ചില കുട്ട്യേളങ്ങട് പഠിക്കാനായീ വിദേശത്തേക്ക്പോയിട്ടുണ്ടെന്നല്ലാതെ.. ചില കോൺക്രീറ്റു കെട്ടിടങ്ങൾ തല പൊക്കിയുണ്ടെന്നല്ലാതെ..

അന്ന്രാത്രി പ്ളാഴിക്കരയാകെ നല്ല കാറ്റ് വീശി. വൻമരങ്ങൾ ചിറക് വച്ച്ചീറിയടിച്ചു.

കാറ്റിനെ ചേർത്തുപിടിച്ച് പ്രേമാതുരയായ മഴ നഗ്നനൃത്തം ചെയ്തു. ആ മഴയിൽ പ്ളാഴി പുഴ ചുവന്നു തടിച്ചുവീർത്തു. ആ കനത്ത കാറ്റിലും മഴയിലും പ്ളാഴിയിലെവൈദ്യുത ദീപങ്ങൾ അണഞ്ഞു. ചിമ്മിനിവിളക്കുകളായി വീടുകളിൽ ചിലതീവെട്ടങ്ങൾ തെളിഞ്ഞു.

കാറ്റിലടയുന്ന പൂമുഖവാതിലൊന്ന് ചേർ

ത്തടക്കാൻ വന്നക ുഞ്ഞിക്കാവ് ആകാശംതുറന്നു വെട്ടിയ ആ ഇടിമിന്നലിൽ പൂമുഖത്താരോ നിൽക്കുന്നത് കണ്ടു ..

കൈയിലെ വെളിച്ചം കാറ്റിലണയാതെമെറച്ച്പിടിച്ച് കുഞ്ഞിക്കാവ് ധൈര്യത്തോടെചോദിച്ചു.

ആരാണീരാത്രിയിൽ..?

വന്നയാൾ അവളുടെ കൈയിലെ വെളിച്ചത്തിൽ ജ്വലിക്കുന്ന ആ ദേവീമുഖംകണ്ടു.

അന്നേരത്ത് തന്നെയാണ് പ്ളാഴിഗ്രാമത്തെ ആകെ ഇരുട്ടിലാഴ്ത്തി മറഞ്ഞുനിന്ന വൈദ്യുതവിളക്കുകൾ തെളിഞ്ഞത്.

ആ മഞ്ഞവെളിച്ചത്തിൽ അവർ രണ്ടുപേരും പരസ്പരം കൂടുതൽ കണ്ടു. ഒരല്പംഇരുണ്ടനിറമുള്ള ചുരുൾ മുടിയും കട്ടിമീശയുമുള്ള സുന്ദരനായ ആ ചെറുപ്പക്കാരൻ അയാളെ അവൾക്ക് സ്വയം പരിചയപ്പെടുത്തി.

എന്റെ പേര് സുധാകരൻ എന്നാണ്. ഞാനൊരു നാടകനടനാണ്. ആലത്തൂര് വരെപോവേണ്ടതുണ്ടായിരുന്നു. പക്ഷേ എന്നാൽ അവിടേക്കുള്ള ബസ്സെല്ലാം മഴയിൽനിറുത്തിവെച്ചു ..

മഴയിലും ഇരുളിലും വഴിതെറ്റിവന്നൊരാൾ. അവൾ അയാളെകുറിച്ച്ചിന്തിച്ചതങ്ങനെയാണ്.

പുറത്തു ഇടിയും മിന്നലും പെയ്യുന്നു .

ഇങ്ങോട്ടു കയറിയിരുന്നോളൂ..

അവളൊരു മരകസേര സുധാകരന് നീക്കിയിട്ടുകൊടുത്തു.

കുഞ്ഞിക്കാവിന്റെ ആ തണുത്തുറഞ്ഞഏകാന്തതയിലേക്ക് ഒരാൾ കടന്നുവന്നപ്പോൾ അവൾ തോരതോരെസംസാരിച്ചു. അക്കൂട്ടത്തിലാണ് അവൾ അങ്ങനെയൊരുകുഗ്രാമത്തിൽ പിറവിയെടുത്ത മനപോലെവിലസുന്ന പണ്ടാരക്കളംവീടിന്റെ കഥ ആവേശത്തോടെ അയാളോട് പറഞ്ഞത്.

കുറെവർഷം മുമ്പെ അതായത് നമ്മുടെ കൊച്ചി രാജാവിന്റെ ഭരണകാലത്ത് അന്തിതിരികൊളുത്താൻ പോലുംവകയില്ലാത്തൊരുനായർ കുടുംബ മായിരുന്നു ഈ പണ്ടാരംകളംവീട്. ആ കുടുംബത്തില് ദേവതയെപ്പോലൊരു പെൺകുഞ്ഞ്പിറന്നു. കുഞ്ഞുലക്ഷ്മി. അവൾ ഉടൽ വളർന്നു വലിയ പെണ്ണായ കാലം. അന്ന് കൊച്ചിരാജാവ് പൂതനക്കര അമ്പലത്തില് തൊഴാൻ വന്നപ്പോൾ താലമെടുത്തനായർ യുവതികൾ നിരന്നുനിന്നു. അക്കൂട്ടത്തിൽ ഏറ്റവും അഴകേറിയ പെണ്ണായിരുന്നു കുഞ്ഞിലക്ഷ്മി. അവളുടെ താലവിളക്കിന്റെ പ്രകാശത്തിൽ മേൽവസ്ത്രമണിയാത്ത നഗ്നതയിൽ കൊച്ചിരാജാവ് ഉരുണ്ട അഴകൊത്ത അറ്റംകൂർത്ത മുലകൾ കണ്ട് കണ്ണെടുക്കാനാവാതെ നിന്നുപോയത്രേ. അഴകുപാകിയ ലക്ഷ്മിയുടെ ഉടൽ അങ്ങനെ രാജാവിൽ പ്രണയം നിറച്ചു.

പ്രണയം ആളിപടരുന്നതും എരിഞ്ഞടങ്ങുന്നതും രതിയിലാണ്. പ്രണയത്തിന്റെ ചിതയാണ്രതി. മറ്റുള്ളതെല്ലാം വെറും പൊളിവചനങ്ങളാണെന്ന് കുഞ്ഞിക്കാവിന്റെ അറിവ്.

അങ്ങനെ ആ ഒറ്റരാത്രികൊണ്ടുതന്നെ കുഞ്ഞുലക്ഷ്മിയും കൊച്ചിരാജാവുമായുള്ളബന്ധത്തോടെ ഈ വീടിന്റെ ജാതകംതിരുത്തികുറിക്കപ്പെട്ടു. മുമ്പെ ഈ വീട്ടിൽ പാടത്തേക്ക് ചാണകംചുമന്നിരുന്ന പെണ്ണുങ്ങള് അങ്ങനെ അകത്തമ്മമാരായി. അവർക്ക്ചുറ്റും വാല്യക്കാരുണ്ടായി. ഇവിടുത്തെ ആണുങ്ങൾ മേനോൻമാരായി. അവർ പാട്ടമളന്നു. അടിയാനെദണ്ഡിച്ചു. ചെറുമിയെഭോഗിച്ചു. അവരിൽ തനിക്ക് പിറന്ന മക്കളെചെറുമൻ എന്ന് പരിഹസിച്ചു.

കുഞ്ഞിക്കാവ് കഥപറയുമ്പോൾ അവളൊരുകഥയാവുമ്പോൾ സുധാകരൻ ആ എട്ടുകെട്ടിന്റെ ഭംഗി ആസ്വാദിക്കുകയായിരുന്നു. നടുമുറ്റ ംവലിയ പത്തായപുര, മിനുത്തുകറുത്തമര ഗോവണി, പൂട്ടപ്പെട്ട രഹസ്യഅറകൾ, വലിയ ചെമ്പുകിടാരങ്ങൾ, വെള്ളിപാത്രങ്ങൾ, സമൃദ്ധിയാണാവീട്.

ആ കാഴ്ചകൾ അയാളുടെ കണ്ണുകളിൽ അത്ഭുതത്തിന്റെ ആകാശം വിരിച്ചു.

നാടകത്തിലെന്നും രാജാവിന്റെ വേഷംകെട്ടിയസുധാകരൻ ജീവിതത്തിൽ കുചേലനായിരുന്നു. എനിക്കൊന്നുജീവിക്കണം. അയാൾ ആത്മഗതംചെയ്തു. അയാൾ പിന്നിൽ നിൽക്കുന്ന കുഞ്ഞിക്കാവിനോട്ചോദിച്ചു.

നിന്റെ കല്യാണം കഴിഞ്ഞതാണോ..

അവളന്നേരം ഗോവണിപടിയിലെ മാറാലകൂട് കയ്യാൽ തുടച്ചു

ഇല്ലെന്നയാളോട് തലകുലുക്കി .

പൊന്നേ.. എന്നു വിളിച്ചൊരു ശൃംഗാരഭാവത്തോടെ അയാൾ അവളോട് ചേർന്നുനിന്നു. കുഞ്ഞിക്കാവ് ആ ഭാവമാറ്റംകണ്ടുആദ്യം വിരണ്ടുപോയി. പ്രേമംവെറും അഭിനയമാവുമ്പോൾ എത്ര പെട്ടന്നാണത് അശ്ളീലമാകുന്നത് കുഞ്ഞിക്കാവ് അങ്ങിനെചിന്തിച്ചു.

കുഞ്ഞിക്കാവേ..

നീയാരഹസ്യനിലവറയുടെ താക്കോലി

ങ്ങെടുക്ക്. നമ്മുക്ക് വേണ്ടത്രയെടുത്തിവിടെ നിന്ന് രക്ഷപ്പെടാം.. ദൂരെ എവിടെ യെങ്കിലും പോയിഒന്നിച്ചു ജീവിക്കാം..

അവൾ തറപ്പിച്ചയാളെനോക്കിനിന്നപ്പോൾ ആ നോട്ടത്തിലയാൾ പരുങ്ങുന്നത്കണ്ട പ്പോൾ കുഞ്ഞിക്കാവിന് ചിരിവന്നു.

ഏതാനും മണിക്കൂറുകൾക്ക് മുമ്പെ ഈ എട്ടു കെട്ടിനുള്ളിൽ വന്ന സുധാകരന് ഈ വീട് മോഷ്ടിക്കാനുള്ള ഇടമാണ്.. മാത്രമല്ല തന്നോടുള്ളപ്രണയം കൊണ്ടല്ലയാൾ കൂട്ടു വിളിക്കുന്നത്. അത് ചാവികൈക്കലാക്കാനു ള്ള തന്ത്രവുമാണ്.

കള്ളൻ തന്ത്രശാലിയാണെങ്കിൽ അയാളെ ക്കാൾ ഇരട്ടിബുദ്ധിയും തന്റേടവുമുള്ളവളാ ണ് കുഞ്ഞിക്കാവ് .

കുഞ്ഞിക്കാവേ.... താക്കോലെടുക്ക്... അ യാൾ വീണ്ടും ആവർത്തിക്കുന്നു.

ഇനിയതാ താക്കോലയാൾക്ക് കൊടുത്താ ലും അയാൾക്കതീ ജന്മം തുറക്കാനാവില്ല. കാരണം ആ താക്കോൽ തിരിക്കുന്നതിനു വരെ ഒരു കണക്കുണ്ട്.

കണക്കറിയാത്തവൻ കഥയിലെ കള്ളൻ അതാണ് സുധാകരൻ. കുഞ്ഞിക്കാവ് മുഖം കുനിച്ചൊന്ന് മന്ദഹസിച്ചു.

അവൾ ആദിവസം ഓർക്കുകയായിരുന്നു. അന്ന് പണ്ടാരക്കളം എട്ടുകെട്ടുവീട്ടിലെഅവ സാനത്ത അമ്മയായ പാർവ്വതിയമ്മ മരണ കിടക്കയിലാണ്.

അരികിൽ ഇരുന്നു വീശികൊണ്ടിരുന്ന കുഞ്ഞിക്കാവിന്റെ കൈയിലെക്ക് പാർവ്വതി യമ്മ ഒരുകൂട്ടം വെള്ളിതാക്കോൽ കൊടു ത്തു.. ഇതിവിടുത്തെ രഹസ്യഅറയുടെ താ ക്കോലാണ്. ഈ വീടിനിനിൻറെതാണ്.. വാ ക്കുപാതിയിൽ മുറിയുന്നു പാർവ്വതിയമ്മ മ രണമെന്നയാഥാർത്ഥ്യമറിയുന്നു.

അങ്ങനെ പണ്ടാരംകളംവീട് കുഞ്ഞിക്കാ വിന്റെതായി. അതവളുടെശരീരമാണ്.

അത് അവളോടൊപ്പം ശ്വസിക്കുകയുംജീ വിക്കുകയും ചെയ്യുന്നു. ആ വീട് അവൾ ത ന്നെയാകുമ്പോൾ അവളുടെ ആ ആത്മാവ് അയാൾക്ക് പറിച്ചുകൊടുക്കുന്നതെങ്ങനെ.

പിറ്റേന്ന് പ്രഭാതത്തിൽ പണ്ടാരംക്കളം വീ ട്ടിലേയ്ക്കുള്ള പാതയിൽ അടിയേറ്റു തളർ ന്നു കിടക്കുന്ന സുധാകരനെ പ്ളാഴികരക്കാർ കണ്ടു.

അവരാരോകൊടുത്ത തണുത്തവെള്ളംഒ റ്റവലിക്ക് കുടിച്ചുതീർത്ത് ചിറിതുടച്ചേച്ചേച്ച യാൾ എഴുന്നേറ്റുനിന്നു.

എങ്ങനെ ..?

എന്തുപറ്റി..?

പ്ളാഴികരക്കാർ ഒന്നിച്ചുചോദിച്ചു.

സങ്കടംവന്ന പോലെ ചുണ്ടു വിറപ്പിച്ച് ക ണ്ണുതുടച്ച് ഒരുനാടകനടന്റെ തികഞ്ഞ അഭി നയമികവോടെ സുധാകരൻ പറഞ്ഞു..

ആ പണ്ടാരംക്കളം വീട്ടിലൊരുപെണ്ണുണ്ട്. അവൾ വെറുംപെണ്ണല്ല. മൂത്തമന്ത്രവാദിനിയാ ണ്.. കൊടിയയക്ഷിയാണ്. നോട്ടംകൊണ്ടാ ണുങ്ങളെവീഴ്ത്തണപെണ്ണ്. കൊഞ്ചികൊഞ്ചി പുരുഷനെ കൂടെ കിടത്തിചോരകുടിക്കണ പെണ്ണ്.. കുഞ്ഞിക്കാവ് പെഴയാണ്..

ആ നുണകഥപ്ളാഴികര മുഴുവൻ വേഗ ത്തിൽ പടർന്നു. കുഞ്ഞിക്കാവിനെ ആരാധി ച്ച ആണുങ്ങളോട് പെണ്ണുങ്ങൾ കയർത്തു. അന്നേ പറഞ്ഞില്ലേ കുഞ്ഞിക്കാവ് ശരിയല്ലെ ന്ന്. അവൾ ദുർമന്ത്രവാദിനിയാണ്.. ചീത്ത സ്ത്രീയാണ്.

പ്ളാഴികരക്ക് മേലെ ആഞ്ഞുപെയ്ത ആ നുണകഥ വീണ്ടും പൊടിപ്പും തൊങ്ങലും ചേർത്ത് ടെയിലർ കുമാരേട്ടന്റെ കാതിലുമെ ത്തി. അക്കഥ അയാളെ കരയിച്ചു. ഈറൻ കണ്ണുകളോടെ അയാളപ്പോൾ കുഞ്ഞിക്കാ വിന്റെ അമ്മ പാറുവിനെ ഓർത്തു. തന്റെ യൌവ്വനത്തിലെ കാമദാഹംതീർത്തുതന്നപെ ണ്ണ്.

ആ ബന്ധത്തിലയാളുടെ എക്കാലത്തേ യും ദുഃഖമായി ജനിച്ചുവീണ കുഞ്ഞിക്കാവ്. പലവട്ടം അയാൾ അതുതുറന്നുപറയാൻ, തന്റെ പിതൃത്വം മകളെ അറിയിക്കാൻ കു ഞ്ഞിക്കാവിനരികിൽ പോയിട്ടുണ്ട്. പക്ഷേ ആ മുഖത്തെ ആഢ്യത്വംകാണുമ്പോൾ നാ വിറങ്ങിപോകും. പിന്നെ അവിടെനിന്നല്ല അ ടക്കയും പാളയും പെറുക്കി അയാൾ മടങ്ങി പ്പോരും.

പ്ളാഴികരയിലിങ്ങനെ കടകളിലും അടു ക്കളയുടെ വടക്കോർത്തും പുഴയില് പെണ്ണു ങ്ങൾ കുളിക്കണോടത്തും കുഞ്ഞിക്കാവിൻ റെ കഥ ചിരിച്ചുതിമർക്കുമ്പോൾ നമ്മുടെകു ഞ്ഞിക്കാവ് ഇതൊന്നുമറിയാതെ പ്ളാഴികര യിലെ കുട്ടികൾക്കായി അവൾ പുതിയതാ യി നിർമ്മിക്കുന്ന ഇംഗ്ളീഷ് മീഡിയം സ്ക്കൂ ളിലേക്ക് കാറ്പറത്തുകയായിരുന്നു. പുറത്ത പ്പോൾ മഴ കനക്കുകയായിരുന്നു.

●

# സെൽഫി

**കഥ**



കൃഷ്ണകുമാർ മാപ്രാണം




**നീ**ണ്ടുപോകുന്ന പാളം മുറിച്ചുകടന്ന് റെയിൽവേ ജങ്ങ്ഷനോടടുത്തതും മകന്റെ കണ്ണിൽ വല്ലാത്തൊരു തിളക്കം അനുഭവപ്പെട്ടത് ഞാൻ ശ്രദ്ധിച്ചു

'ഇന്ന് ഞാൻ അർജുനനെ തോൽപ്പിക്കും'

അവൻ പിറുപിറുത്തു. അവൻറെ തീക്ഷ്ണതയോടെയുള്ള നോട്ടത്തിൽ ഞാൻ പകച്ചു നിന്നു

'അച്ഛനറിയോ.. എഫ്.ബി. യിൽ അവനിട്ട പോസ്റ്റിനു പതിനായിരത്തിൽ കൂടുതൽ ലൈക്. ഞാനിതെങ്ങിനെ സഹിക്കും...നോക്കിക്കോ ഞാനവനെ കടത്തിവെട്ടും'

അങ്കത്തട്ടിൽ കലിപൂണ്ടുനിൽക്കുന്ന ചേകവരെപ്പോലെ വിറളിപൂണ്ട അവൻറെ സ്വരത്തിൽ വല്ലാത്തൊരു വീറും വാശിയും പടർന്നു കത്തിയിരുന്നു.

'അതിനു നിനക്കെന്ത്...? '

എൻറെ മൂഢമായ ചോദ്യത്തിൽ അവനെന്നെ കനപ്പിച്ചൊന്നു നോക്കി.

'എന്തെന്നോ..അച്ഛനൊന്നും അറിഞ്ഞൂടാ....അതന്നേ....ഞാനിന്നു ഒരു സെൽഫിയെടുക്കാൻ പോവുന്നു ..'

അഭിമാനത്തോടെ നെഞ്ചുവിരിച്ചുകാട്ടി അവൻ തുടർന്നു.

'അതിന് എത്ര ലൈക്കുകൾ കിട്ടുമെന്ന് ഇപ്പോ പറയാനാകില്ല. ഒരുപക്ഷേ...ലക്ഷം.. അതിലും കൂടുതൽ..വൈറലാവും...തീർച്ച...'

അവൻറെ കണ്ണുകളിലെ തീക്ഷ്ണ ഭാവം ചോണനുറുമ്പുകളായി ദേഹത്തെവിടെയോക്കെയോ തിമിർപ്പുണ്ടാക്കി കൊണ്ടിരുന്നു.

പെട്ടെന്ന് അവൻ എന്നിൽ നിന്നും കണ്ണുവെട്ടിച്ച് ആൾത്തിരക്കിലേയ്ക്ക് പടർന്നു കയറി.

തിരക്കിലൂടെ ഊളിയിട്ടു പായുന്ന അവൻറെമേൽ എൻറെ നോട്ടത്തിൻറെ കടിഞ്ഞാണിട്ട് അവനു പിറകെ ഞാൻ പാഞ്ഞു.

എന്നാൽ അവൻ തിരക്കിനിടയിൽ അപ്രത്യക്ഷമായതു വളരെ വേഗത്തിലായിരുന്നു .

ആദ്യവും അവസാനവും കാണാനാകാതെ സമയം കാത്തു കിടക്കുകയാണ് തീവണ്ടികൾ. സ്റ്റേഷനിൽ വല്ലാത്ത തിരക്കാണ്. ആ തിരക്കിനിടയിൽ അവനെവിടെ പോയാണ് ഒളിച്ചത്.

അപ്പുറത്തെ രണ്ടാം പാതയിൽ തീവണ്ടി ചൂളംവിളിയോടെ പുറപ്പെടാനൊരുങ്ങി നിൽക്കുകയാണ് . എൻജിൻ ചുമച്ചു ശബ്ദമുണ്ടാക്കി. പിന്നെയത് മെല്ലെ നീങ്ങി തുടങ്ങി.

ആൾത്തിരക്കിലന്വേഷിച്ചു നടന്ന എന്റെ കണ്ണുകൾ പെട്ടെന്നാണ് ആ കാഴ്ചയിൽ ചെന്നുതറച്ചത്. നീങ്ങികൊണ്ടിരിക്കുന്ന തീവണ്ടിയ്ക്കു മുകളിൽ അവൻ നിൽക്കുന്നു.. അവനെങ്ങനെയാണ് അതിനുമുകളിൽ കയറിപറ്റിയത്.?

ഒരുമിന്നൽപിണർ ഹൃദയത്തെ തുളച്ചു കടന്നുപോയി.

'മോനെ... '


തൊണ്ടയിൽ നിന്നുംപൊട്ടിയടർന്ന നിലവിളി ചിതറിവീണു. ആരൊക്കെയോ കൂവിവിളിക്കുന്നു. എല്ലാകണ്ണുകളും അവനിലാണ്.

അവൻ ഒന്നും അറിയുന്നുണ്ടായിരുന്നില്ല. സെൽഫിയെന്ന മായാവലയത്തിന്റെ ചുഴിയിൽ അവൻ ചുറ്റി കറങ്ങുകയാണ്. വണ്ടി നീങ്ങി തുടങ്ങി. അവനൊന്നു ആടിയുലഞ്ഞു . ഒരുനിമിഷം. അവൻ പിറകോട്ടൊന്നു മലച്ചു.

'അയ്യോ......'

ഞാൻ അലറി.

ഇരുമ്പുപാളികൾ അവന്റെ ദേഹത്തെ ചേർത്തമർത്തുകയാണ്. തീവണ്ടിയുടെ ചക്രങ്ങൾ അവനെ തഴുകി കടന്നുപോവുകയാണ്.



കണ്ണുകൾക്ക് മുന്നിൽകണ്ട ഭീകര ദൃശ്യം മൊബൈലിൽ പകർത്താൻ വെമ്പുന്നു കാഴ്ചക്കാർ.

അവർക്കത് വൈറലാവാനുള്ള നല്ലൊരു ചിത്രമാവും.

ഓടിച്ചെന്ന് കാഴ്ചക്കാരെ തള്ളിമാറ്റി പാളത്തിൽ ഞെരിഞ്ഞമർന്ന രക്തതുണ്ടിനെ മാറോടണച്ച് ഞാൻ അലറിവിളിച്ചു...

'മോനെ...'

അപ്പോൾ പാളത്തിനപ്പുറത്ത് തെറിച്ചുവീണിട്ടും അനക്കം നഷ്ടപ്പെട്ടിട്ടില്ലാത്ത അവൻറെ മൊബൈലിൽ അവനെടുത്ത ആ സെൽഫി ചിത്രം ആരേയോ നോക്കി ചിരിതൂകികൊണ്ടേയിരിക്കുകയായിരുന്നു.. ●

# അറിയുന്നതില്ല നീ



രേഖ സി.ജി.

അറിയുന്നതില്ല നീ
എന്നെയും
നിന്നെ തന്നെയും .

കൂരിരുൾ പിടഞ്ഞുക്കിടക്കുന്ന
നിന്റെ കുഴിഞ്ഞ മിഴികളിൽ
കാഴ്ചകൾ മാറാലപോൽ
വീണുടയുന്നു.
ശബ്ദമാറാപ്പുകൾക്കിടയിലെ
ഉറഞ്ഞു പിരിയുന്ന
കഫ ചുരുളുകൾ
മൗനത്തിന്റെ
താഴ് വാരകളിലടിയുന്നു.
വേഗതയുടെ നിര്യാണം
രേഖപ്പെടുത്തിയ
നീലഞരമ്പുകളോടുന്ന
കാൽത്തടങ്ങളിൽ
മഞ്ഞപ്പ് തളംകെട്ടി നിൽക്കുന്നു.
വിരൽപ്പൂക്കൾ അടർന്നുവീണ്
വാടിതളർന്ന ശിഖരങ്ങൾ
ഓർമ്മയോളങ്ങളിൽ
ആരെയോ തിരയുന്നു.

മറവിയുടെ തീജ്വാലകൾ
നിനക്കുവേണ്ടി
ചിതകൂട്ടിയിരിക്കുന്നതും
പരിമിതികളുടെ
അംഗബലങ്ങൾ
തമ്മിലുരസുമ്പോൾ
തീപ്പൊരി ചിതറുന്നതും
ധവളശോഭയാൽ
മുഖം മറയ്ക്കാൻ
കാത്തുനിൽക്കുന്നതും
നീ അറിയുന്നതേയില്ല.

സങ്കടപ്പെരുമഴകളിൽ
തോർന്ന മുടിചുരുളുകൾ
ഒന്നൊന്നായടർന്നു വീണ്
നെഞ്ചിടിപ്പിൻ വേഗങ്ങളിൽ
കലകൾ പകുത്തു പകുത്തു
നിറയുന്നതും
കുഴഞ്ഞ കാൽപ്പാടുകൾ
ചതുപ്പിലാഴ്ന്നു പോയതും
നീ അറിയുന്നതേയില്ല.

ഇനിയുമൊരു വരവിൽ
നീയെന്റേതാകുമെങ്കിലും
കുഴയുന്നുവെന്റെ
സിരാപടലങ്ങൾ.
തിരയുന്നു ഞാൻ,
നിന്റെയസ്ഥിപഞ്ജരത്തിൽ
ഞാൻ എന്നെതന്നെയും .



# ബന്ധം



ഹാജറ. കെ. എം



എത്ര മാറി നിന്നാലും
ഇടയ്ക്കൊക്കെ
എന്നിലേക്ക് നിന്റെ
കണ്ണുകൾ
വെറുതെ യൊന്ന്
ഓടിവരാറില്ലേ.......?

എത്രയൊക്കെ
അടച്ചു വച്ചാലും
വല്ലപ്പോഴുമൊക്കെ
നിന്റെ ഹൃദയ വാതിൽക്കൽ
എന്റെ കാലൊച്ച കേൾക്കാറില്ലേ.....?

ദൂര ദൂരം നടക്കുന്നുവെങ്കിലും
ഒരു നിമിഷത്തേക്കെങ്കിലും
ഞാനുണ്ടായിരുന്നുവെങ്കിൽ
എന്നു നീ വെറുതെ
തിരിഞ്ഞൊന്നു നോക്കാറില്ലേ....?

ചില നേരങ്ങളിലെ സ്വപ്നത്തിന്റെ
ഒരറ്റത്ത്
ഞാനും നിദ്ര വിട്ട് നിന്നോടൊ
പ്പമുണ്ടാവാറില്ലേ....?

കണ്ണുകളിറുകെയടച്ച്
മറവികളിലേക്ക് ഓടിയൊളിക്കുമ്പോഴും
എന്റെ ഓർമകൾ നിന്നെയൊന്ന്
തൊട്ടു നോവിക്കാറില്ലേ

ഉണ്ടാവും
എങ്കിലും നന്ദിയുണ്ട് നിന്നോട്
കെട്ടുപിണയാതെ
അടർത്തിമാറ്റി നീ
രണ്ടു ദിക്കുകൾ
നമുക്കായ് തിരഞ്ഞെടുത്തുവല്ലോ........



# മുഖാമുഖം



സോണിവർഗീസ് വാരനാട്

പ്രജ രാജാവിനെ കണ്ടുമുട്ടി.
ഇരുളിൽ,കരിമ്പടത്തിനുള്ളിൽ
അവൻ തന്റെ ഉപരിശക്തിയെ കണ്ടു.
ഭൂമിയെക്കാൾ കുഴിഞ്ഞ കണ്ണുകളുമായ്,
അസ്ഥികൾ തെളിഞ്ഞ കൈകളുമായ്,
വിറയാർന്ന കാൽമടമ്പുകളിൽ വിങ്ങി
രാജാവ് പ്രജയെ നോക്കി.
തീർത്തും അപരിചിതനെ പോലെ.
പിന്നെ തിരിഞ്ഞ് നിഗൂഢമായ താഴ് വരയിലേക്ക് നടന്നു.

പിന്തുടർന്ന പ്രജയോട്
നീരസമാർന്ന് രാജാവ് ചോദിച്ചു.
എന്റെ യാത്രകളെ,വാസനകളെ,
രഹസ്യങ്ങളെ അനുഗമിക്കുന്ന നീയാര്?
ചൂടുള്ള പകപ്പിൽ നിന്ന് പ്രജയുടെ ശബ്ദം ഉയർന്നു.
ഒരായിരം വാക്കുകളിൽ ആവേശം നിറച്ച,
രോമകൂപങ്ങളിൽ നിങ്ങളുടെ ബീജഗണിതങ്ങൾ ചുരത്തിയ,
അക്ഷരങ്ങളിൽ ഹരിതം വിരിയുമെന്നും,
വസന്തമാർത്ത് ചുംബിക്കുമെന്നും
പ്രതീക്ഷിച്ച എന്നെ മറന്നോ?

കരിയിലകളുടെ മർമ്മരം പോലെ രാജാവ് ചിരിച്ചു.
വെളിച്ചം വരും,അപ്പോൾ തെളിയുന്ന എന്റെ മറുബിംബങ്ങളോട് പറയുക.
അതിന്റെ യുവത്വം നിനക്ക് മറുപടി തരും.
എന്നത്തെയും പോലെ ഈ നിശബ്ദതാഴ്വരയിൽ
ഞാനതിനെ ഉരിഞ്ഞു കളഞ്ഞു കഴിഞ്ഞു.
എന്നെ പോകാനനുവദിക്കുക.
ശേഖരിക്കാൻ പൂക്കൾ ഏറെയാണ്.
സുഗന്ധങ്ങളുടെ ഉന്മാദഭൂമി അതിരില്ലാത്തതും.....

കവിത



# ചങ്കരിഞ്ഞിട്ട ചെമ്പനീർ പൂക്കളെ

എന്തിനിത്ഥം മദിക്കുന്നു മർത്യനീ
ക്ഷിപ്രജീവൻ തുടിക്കുന്ന മേനിയാൽ
ചോരയിറ്റുമീ മാംസപുഷ്പങ്ങളാ
ലേതു ദൈവം പ്രസാദം ചൊരിഞ്ഞിടും ?

കാലമിത്രമേൽ മാറിക്കഴിഞ്ഞിട്ടും
കോലമെന്തേ വനാന്തരം തേടുന്നു...
മാന്യവേഷം ധരിച്ചെത്തും പ്രാകൃതാ
മാനമുണ്ടോ നിനക്കിന്നു ഭൂമിയിൽ?

തെല്ലുപോലും ഭയമില്ലാതീവിധം
തന്ത്ര,മന്ത്രം തുറക്കും കുടങ്ങളിലാഭിജാരം ! ബലിക്കല്ലു മൂടുവാ
നാഞ്ഞിറക്കുന്നറും കൊലക്കത്തികൾ..

സ്നേഹമെന്നോ നിറംകെട്ട ഭൂമിയിൽ
നേരറുത്തിട്ട വക്രമുൾപ്പാതകൾ.
ആർത്തിതീരാ നരാധമൻ കോർക്കുന്നു,
കൂർത്ത ചൂണ്ട കൊളുത്തിൽ പ്രലോഭനം

അന്ധവിശ്വാസ കാരിരുമ്പാണിയെ
ശാസ്ത്രബോധക്കൊടിൽകൊണ്ടെടുക്കുവിൻ...
ബുദ്ധിമൂർച്ഛിച്ച കൂരിരുൾപാതയിൽ
ബോധിവൃക്ഷത്തെളിച്ചം തിരഞ്ഞിടാം

ചങ്കരിഞ്ഞിട്ട ചെമ്പനീർപൂക്കളെ
ചിന്തുമെൻനാട് കണ്ണുനീരാഞ്ജലി...



ജബീറ





# 'കൈനീട്ടം'

ചാക്കോ ഡി അന്തിക്കാട്

എല്ലാവരുമുണ്ട്
നിയുക്തമാം കസേരകളിൽ.

പാരമ്പര്യത്തിൻ
സ്വർണ്ണം പൂശിയ,
ഒഴിഞ്ഞ അധികാരക്കസേര
മൂലയ്ക്കലുണ്ട്.

തെരുവിൽനിന്നും
ഓടിക്കയറി,
ചാടിയിരിക്കും മുൻപ്,
ഉറപ്പുവരുത്തണം...

കസേരയുടെ
കാലിളകിയതാണോ?
കാലമിളക്കിയതാണോ?

## 2

എല്ലാവരും തിന്നുന്നുണ്ട്
അനുഭവത്തിൻ
ചെറിപ്പഴങ്ങൾ...

ബാക്കിയാണൊരു
മുഴുത്ത ചെറിപ്പഴം.

അതു നീട്ടുന്നവന്റെ
രക്തബന്ധം
ആർക്കു വിഷയം?

സമനില തെറ്റി
വിഴുങ്ങും മുൻപ്
പഴത്തിൽ പുഴുവാണോ?

ആർ...എപ്പോൾ തിരിച്ചറിയും?

## 3

പുഴകൾ നിറയെ
പുളയ്ക്കും മീനുകളുണ്ട്...

പുഴയോരത്ത്,
മാനം കവർന്നെടുക്കപ്പെട്ട
പുലയപ്പെണ്ണിന്
നിൽക്കാനിടമില്ലെങ്കിൽ,
പുഴകളുടെ
മഹത്വം വിളമ്പും,
കവികൾക്കെന്തു പ്രസക്തി?

## 4

ഭൂമിയെ കൊച്ചാക്കും
മാനം നിറയെ
നക്ഷത്രമനപ്പൊരുത്തം!

കുരുത്തംക്കെട്ട
ക്രൂരമാം മിസൈലുകൾ,
മാനത്തിന്റെ
മറുകരയും മറികടന്ന്,
മാനവ ജന്മത്തിന്റെ
സമാധാനം പിളർക്കുമ്പോൾ,
എന്തു ഭാവനാ 'മാന'ങ്ങൾ!... ബഹുമാന്യ
തകൾ!

സർഗ്ഗപ്രതിഭയുടെ
അനന്തമാം മാനത്ത്,
കാലമേറ്റെടുക്കും
എത്ര വിപ്ലവനക്ഷത്രങ്ങൾ
ബാക്കിയാവും?

തെറ്റാതെ ആർക്കു പറയാം?

## 5

വികസനത്തിന്റെ പേരിൽ
ഇടവഴിത്തെണ്ടലും
പെരുവഴിത്തെണ്ടലും!

തെണ്ടൽ
ദാർശനികവൽക്കരിക്കും
ബഹുജനം പലവിധം!...

അവിടെയെല്ലാം
കുറുക്കുവഴികൾ
കൂട്ടംക്കൂടിയാൽ,
കൂട്ടുകാർക്കും,

നാട്ടുകൂട്ടത്തിനും,
നഷ്ടം ഗുണിയ്ക്കും
ശിഷ്ട ജീവിതം!

കഷ്ടപ്പെടുന്നവർ
പെരുകും കാലം!...

അപ്പോൾ
സുഗമം കാലന്റെ
ഇര തേടിയുള്ള യാത്രകൾ!

അപ്പോഴും പറയും...
'സ്വച്ഛ് ഭാരത്!'

6

ഒട്ടും ചോരാതെ
സ്വയം മറന്ന,
ധീരമാം കവിഭാവന....

കുറച്ചിലാകുന്നത്,
കവിഭാവനയുടെ
കച്ചവടസിദ്ധാന്തം!

തെറിച്ച പെണ്ണിനെതിരെ
ആസ്ഥാന കവികൾ ,
അശ്ലീലഭാവനയെന്ന
ഫണം വിടർത്തിയാൽ,
വായനക്കാരുടെ
സ്വപ്നത്തിലെന്നും
മൂർക്കൻ സീൽക്കാരം!

7

സൽക്കരിക്കുന്നവർക്കു
മുൻപിൽ,
തലകുനിയ്ക്കും
കാലമെങ്കിൽ,
തലയറ്റ മനുഷ്യർ പെരുകും
കാലമല്ലേയെന്ന് സാരം!

തല മറന്നെണ്ണ
തേയ്ക്കുന്നവർ,
നിലപാടുതറയിൽ
പെട്രോളൊഴിച്ചു
തീകൊടുക്കുമ്പോൾ,
കത്തുന്നു മാനവമൂല്യങ്ങൾ...

ഉറങ്ങാതെ കാത്തിരിക്കുന്നു...
മിച്ചമൂല്യ സിദ്ധാന്തങ്ങൾ!

എന്നിട്ടും,
പല പുരോഗമന
മണിയറകളെയും നാറ്റിക്കും,

എണ്ണിയാലൊടുങ്ങാത്ത
തലയണ മന്ത്രം
ബാക്കിയത്രേ!

8

ഇതുവരെ
സത്യം കാത്തവരുടെ
ചരിത്രം കാക്കാൻ,
കറുത്തവർ മാത്രം
ഉയർന്നുവരുംവരെ,
കാത്തിരിക്കണമെന്നോ?...

വിപ്ലവചിന്തയുടെ
കൈനീട്ടങ്ങ,ളേറ്റുവാങ്ങാൻ,
കലയുടെ
കച്ചവട ഏറ്റിറക്കങ്ങളിൽ
ഊറ്റംക്കൊള്ളാത്തവർ
ചുറ്റും നിറയട്ടെ!

9

അപ്പോഴുമോർക്കുക...

ചാറ്റൽമഴയിൽ
ഒരു ചിമ്മിനിവിളക്ക്,
ചന്ദനക്കുറിതൊട്ട
ആരോ ഊതിക്കെടുത്തുന്നുണ്ട്...

ഒരു പെൺകുട്ടിയുടെ
മരണനിലവിളി,
പുതുവത്സര കൈനീട്ടമായി
പാത്തും പതുങ്ങിയും
പുറകെ വരുന്നുണ്ട്!...

10

ചെവിയിൽ ഉരുക്കിയ
ഈയമില്ലെങ്കിലും,
ചെവി കേൾക്കാത്തവർ,
ഒഴിഞ്ഞ അധികാര,
ക്കസ്സേരകൾ നോക്കി,
ചുമ്മാ പൊട്ടിച്ചിരിക്കുമ്പോൾ,
എന്തൊരു കൊലച്ചിരിയാണപ്പാ!

ആരോ തെരുവിൽ
കണ്ണുതുറന്നു ദു:സ്വപനം
കാണുന്നുണ്ടത്രെ:

'മാതൃരാജ്യത്തിൻ
മരിച്ച തറവാടിൻ
പൂമുഖം നിറയെ,
ഇത്തരം 'ശ്രേഷ്ഠ'മാം
കൈനീട്ടമത്രേ,
കാത്തിരിക്കുന്നത്!'

കവിത



പ്രീത അനൂപ്

# നഷ്ടബാല്യം



ഓർമകളുടെ തേരട്ടത്തീവണ്ടി
സ്വപ്നപ്പാളത്തിലൂടെ കുതിക്കുന്നു ...
സുഹൃദ്ബന്ധങ്ങളുടെ വക്കിടിഞ്ഞ വഴിയമ്പലങ്ങൾ
മറവി മായ്ച്ചിട്ട മന്ദാരച്ചില്ലകൾ
കാലം കടിച്ചിട്ട കുസൃതിപ്പുളിങ്ങകൾ
പാതി വഴി മറന്നിട്ട പാട്ടിന്റെ ശീലുകൾ
ചെലവിന്റെ കണക്കില്ല, കദനത്തിൻ കഥയില്ല ,
കരിനീല മഷികൾക്കിടയിൽ
പരിഭവക്കണ്ണീരില്ല
ഇന്നലെകളുടെ വിഴുപ്പുകൾ
കെട്ടഴിച്ചു കുടയാറില്ല
നാളെപ്പെയ്യും മഴയ്ക്കായ്
ഇന്നേ കുടകൾ വാങ്ങാറില്ല
ചിന്തകൾക്കു കനമില്ല
സന്ധ്യകൾ കറുത്തില്ല
ചെഞ്ചായം പൂശിയ മാനം
പൂക്കൾക്കും ചിറകു ചമച്ചു
കത്തുന്ന പൂത്തിരി പോൽ
പൊട്ടിച്ചിരിച്ചു കാലം
നിറമുള്ള വർണച്ചിറകിൽ
പറന്നകന്നൊരാ ബാല്യകാലം

# ഗന്ധത്താൽ അടയാളപ്പെട്ടത്

കവിത



ഗന്ധത്തിന്റെ അകമ്പടിയോടെ തെളിഞ്ഞു വരുന്ന
ഓർമകളെ അനുഭവിച്ചിട്ടുണ്ടോ...!

എത്ര പഴകിയാലും അതേ ഊക്കോടെ
മൂക്കിലേക്ക് ഇരച്ചുവരുന്ന ഗന്ധത്താൽ അടയാളപ്പെട്ടവ...

പനിച്ചൂടുകളുടെ വിങ്ങുന്ന വരൾച്ചകളിലേക്ക് പടർന്നിറങ്ങി
ഒരമ്മച്ചൂരിന്നും അദൃശ്യമായ് പൊള്ളലാറ്റാറില്ലേ...!

കയ്പ്പുറഞ്ഞ നാവിലേക്ക് അപ്പോൾ
നനവായിറ്റുന്നതിനൊക്കെയും
വാത്സല്യത്തിന്റെ മേമ്പൊടി ചാലിച്ച
കാപ്പി മണമാകും...

വീഴ്ചകളുടെ താഴ്ചകളിൽ
ശ്വാസം മുട്ടുമ്പോൾ കരുതലിന്റെ
വിയർപ്പു പൊടിഞ്ഞോരച്ഛൻ ഗന്ധം
ഉച്ഛ്വാസമായ് ഒഴുകിയിറങ്ങാറില്ലേ...!

തോറ്റുപോയവളുടെ എത്ര
അപകർഷതകളാണ് ആ നെഞ്ചിലെ
വിശ്വാസത്തിന്റെ ചൂടിൽ ഉരുകിയൊലിച്ചില്ലാതായത്...

പ്രണയം ഒരു വസന്തമെന്നിരിക്കെ
കേവലമൊരു വിവാഹഹാരം
പകർന്ന മുല്ലപ്പൂഗന്ധത്താൽ പ്രണയത്തിനെയെന്നേക്കും
അടയാളപ്പെടുത്തിയ ഒരുവളെയറിയില്ലേ... !

പൊടിച്ചു തുടങ്ങിയ ചെമ്പൻ
മീശക്കു കീഴെ കുറുമ്പിൻ കൊഞ്ചലുറയുമ്പോൾ
പാൽമണമൂറുന്നൊരോർമ
നെഞ്ചിൽ പല്ലില്ലാമോണ കാട്ടി ചിരിക്കാറില്ലേ...!

വെറുപ്പിന്റെ ഗന്ധത്തിന് ചിലപ്പോൾ
മദ്യത്തിന്റെ മടുപ്പിക്കുന്ന ചൂരുണ്ടാകാറുണ്ടെന്നും
ആ ഗന്ധത്താൽ തൊണ്ടയിലുറഞ്ഞൊരു
പുളിപ്പ് അറപ്പായ് എന്നും അവശേഷിക്കുമെന്നും ചില
മുഖങ്ങൾ ഓർമിപ്പിക്കാറില്ലേ...!

ഇനിയുമെത്രയോ ഓർമ്മകൾ
പല ഗന്ധത്തിനൊപ്പം അലിഞ്ഞലിഞ്ഞങ്ങനെ...!



ദിവ്യ എച്ച്



# ബലിമൃഗങ്ങൾ

തീൻമേശകൾ അലങ്കരിക്കുന്നതിപ്പോൾ
ഹൃദയവും കരളും കൊണ്ടത്രേ
അത്  മനുഷ്യരുടേതാകുമ്പോൾ
രുചി കൂടും
ഫ്രാൻസിസ് ഇട്ടിക്കോരാ ഭക്ഷിച്ചത് ഒരു
വിരൽത്തുമ്പായിരുന്നോ?
അതുറപ്പാക്കാൻ ഒരിക്കൽക്കൂടി
ആ നോവൽ വായിക്കുകയെന്നാൽ
ആയുസ്സിന്റെ പല വർഷങ്ങൾ ഞാൻ ഉപേക്ഷിക്കേണ്ടിവരും,  നിശ്ചയം.
അന്തം വിട്ടിരിക്കുന്ന എന്നെ നോക്കി
യുഗങ്ങൾക്കപ്പുറത്തുനിന്ന്
ഇരാവൻ ചിരിക്കുന്നു.
ഇസഹാക്ക് ആശ്വാസത്തോടെ  മോറിയ മലയിറങ്ങുന്നു.
എങ്കിലും എത്രയോ രാവുകൾ
കത്തിയിൽ പതിഞ്ഞ കുഞ്ഞാടിന്റെ ചോരക്കറയും
പിതാവിന്റെ അചഞ്ചലമുഖവും
അവനെ തപിപ്പിച്ചിരിക്കണം.
ഞാനും മനുഷ്യവംശത്തിനൊപ്പം ചരിക്കുന്നു.
എന്നുകരുതി സ്വയം ബലിമൃഗമായി
മാറാനുള്ള ശേഷി
എനിക്കില്ല കർത്താവേ.
അരുളപ്പാടുകൾ ഒന്നും അരുത്.
സിംഹരാജന് ഭക്ഷണമാവാൻ പോയ
കുഞ്ഞു മുയലിന്റെ ബുദ്ധി പോലുമില്ലാത്ത മർത്ത്യാ,
വാഗ്ദാനങ്ങളുടെ പെരുമഴയിലാണല്ലോ
നീയൊരു ബലിമൃഗമാകുന്നത്.
ഇനിയും നിന്നെ ഞാൻ എന്ത് പഠിപ്പിക്കാൻ?



ദർശന

# ഓർഗാസം



കയ്യുമ്മു കോട്ടപ്പടി



വെളിച്ചമൊക്കെയും
അണഞ്ഞു പോയിട്ടും
ഒരു മെഴുകുതിരി വെട്ടമായ്
മുന്നിലുണ്ട് നീ ....

വഴിപിരിഞ്ഞ നെടുവീർപ്പിലായ്
ഒരു സാന്ത്വനമഴയായ്
എൻ മുന്നിൽ
തുളുമ്പി നിറയുന്നുണ്ട് നീ ...

ശ്മശാന ഭൂമിയായ്
അടഞ്ഞു പോയിട്ടും
ഒരു വൻ മരമായ്
തണൽ തന്നു നീ ......

സുനാമി പോൽ
പൊങ്ങിയുയർന്നിട്ടും
വിശുദ്ധ പ്രണയം
കാത്തുവെച്ചു നീ....

കരതലത്തിലൊളിച്ചു -
നിന്നിട്ടും
കവിത കൊണ്ടു
വരിഞ്ഞു ചുറ്റി നീ ....

അഗ്നി നാളമായ്
കെട്ടുപോവാത്ത
പ്രണയ ജ്വരമെന്നിൽ
മുറിച്ചെടുത്തു നീ ....

കരതലമൂർച്ഛയാൽ
ചേർത്തൊതുക്കിയെൻ
കദന ദാഹത്താൽ
ആശ തീർത്തു നീ ....

കദന കഥനത്തിലും
ഇതൾ വിരിയുന്ന
ഒരു തണ്ണീർത്തടത്തിന്റെ
ഓർഗാസമാണ് നീ .....

# നെഞ്ചുരുക്കങ്ങൾ

കവിത



സിജി. എം. കെ

നിർത്താതെ പെയ്തു കുളിർപ്പിച്ച
നിലാമഴ ഒറ്റ നിമിഷം കൊണ്ട്
ഓർക്കാപ്പുറത്ത് തോർന്നു പോകുന്ന
നിസ്സഹായാവസ്ഥയിൽ പെട്ടിട്ടുണ്ടോ?
അതൊരു കുത്തൊഴുക്കാണ്..
രാത്രിയും പകലുമൊക്കെ
രണ്ടല്ലെന്നു തോന്നിപ്പോകും.
കിതച്ചു വീഴുന്ന നിശബ്ദമായ പകലുകൾ
കൗശലമൊളിപ്പിക്കുന്ന
മായാജാലക്കാരനെപ്പോലെ
രാത്രിയോളമോ അതിലേറെയോ
ആഴം ധ്വനിപ്പിക്കും.

ഒരാൾക്ക് മറ്റൊരാളായി മാറാൻ
കഴിയാത്തിടത്തോളം
ഓരോ പിറവിക്കും ഓരോ കൈരേഖ
അളന്നു മുറിച്ചു തിട്ടപ്പെടുത്തുന്നിടത്തോളം
ആരും ആരെയും കാത്തിരിക്കുന്നില്ല.
മനസ്സാക്ഷിയെ മയക്കികിടത്തി
അങ്ങനെയല്ലെന്നൊക്കെ വെറുതെ പറയാം.
ഒരിത്തിരി വെളിച്ചവും, ഒരുപിടി വിശപ്പും
തളർന്നു കിടന്നൊരുറക്കവും...
ബാക്കിയെല്ലാം കൂട്ടിച്ചേർക്കലുകളാണ്.
ഇടയ്ക്കെങ്കിലും അധികപ്പറ്റുകളായി
കുടഞ്ഞെറിയാനൊക്കെ തോന്നിപ്പോകും.

സ്നേഹിക്കാൻ, സ്നേഹിക്കപ്പെടാൻ..
നന്നേ പണിപ്പെടേണ്ടി വന്നേക്കാം.
അവഗണിക്കാൻ ഏറെയെളുപ്പമാണ്.
അവഗണിക്കണമെന്നുറപ്പിക്കുന്ന
ആ ഒരൊറ്റ നിമിഷം മതിയാകും.
കാരണങ്ങൾ തനിയെ വഴി തിരിഞ്ഞു വന്നോളും.
ഇനിയൊരുമിച്ചാണെന്നെഴുതിയൊപ്പിട്ട്,
ചേർത്തുപിടിച്ച കൈവിരലുകൾ
ഊർന്നൂർന്നു പോകുമ്പോൾ
യുഗാന്തരങ്ങൾക്കപ്പുറത്തു നിന്നും
ഒറ്റയായിപ്പോകുന്നവരുടെ
പൊള്ളുന്ന നെഞ്ചുരുക്കങ്ങൾ
നിശബ്ദമായി നിലവിളിക്കുന്നുണ്ടാവും....!

